ആഗസ്റ്റ് 2017

Price ₹ 25

# ജീവനും വെളിച്ചവും



ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ
നിഷ്ഠയോടെ അനുഷ്ഠിച്ച് സ്വയം ബലിയായിത്തീരുമ്പോഴാണ്
സമർപ്പിത ജീവിതങ്ങൾ മഹത്തരമാകുന്നത്


"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ
നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" ലൂക്ക. 6:36
മുക്തി
ലഹരി ആസക്തി
വിമോചനകുടുംബ
നവീകരണ ധ്യാനം
'അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക ഞാൻ നിന്നെ മോചിപ്പിക്കും;
നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും' സങ്കീ.50:15
2017 ആഗസ്റ്റ് 5 മുതൽ 11 വരെ
അനുഗ്രഹഭവൻ ധ്യാനകേന്ദ്രം, മേനംകുളം, കഴക്കൂട്ടം
(തിരുവനന്തപുരം ലത്തീൻ അതിരൂപതാ ധ്യാനകേന്ദ്രം)
ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും
പ്രാപിക്കുവാൻ മുക്തി ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.
9400820818
9495591783
9446945333
ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ആഗസ്റ്റ്
പുസ്തകം - 41 ലക്കം - 8
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യു വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ



# ബഹുസ്വരജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക

ഒരു നൂറ്റാണ്ടിലേറെ ദൈർഘ്യമേറിയ സമരപോരാട്ടങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ആഘോഷമായിരുന്നു 1947 ഓഗസ്റ്റ് 14 ന് അർധരാത്രി ഇന്ദ്രപ്രസ്ഥത്തിൽ അരങ്ങേറിയത്. എന്നാൽ ആ സ്വാതന്ത്ര്യപൊൻപുലരിയെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് വേണ്ടത്ര മുന്നൊരുക്കം കൂടാതെ 'ഒരു നികുതി ഒരു രാജ്യം' എന്ന പ്രചരണത്തോടെ 2017 ജൂലൈ 1 ന് അർധരാത്രി 'ചരക്കുസേവന നികുതി (ജിഎസ്ടി)' പ്രഖ്യാപിച്ചത്. വിലക്കയറ്റവും, അഴിമതിയും, വർഗീയതയും, ഭീകരതയും കൊടികുത്തിവാഴുന്ന ഈ സന്ദർഭത്തിൽ അരങ്ങേറിയ അർധരാത്രിയിലെ മാമാങ്കം സ്വതന്ത്രഭാരതത്തിന്റെ ചങ്കിലേറ്റ ആഘാതമാണ്. രാജ്യത്തിന്റെ ജനാധിപത്യമൂല്യങ്ങൾക്കും, ഫെഡറൽ സംവിധാനത്തിനും കളങ്കമാകുന്ന രീതിയിൽ വിദേശ കുത്തകകൾക്കും, വൻ കോർപ്പറേറ്റുകൾക്കും പണം വാരിക്കൂട്ടാനുള്ള രീതിയിലാണ് സാമ്പത്തികപരിഷ്കാരങ്ങളും വികസന നടപടികളും മുന്നോട്ടുപോകുന്നത്. ഒരു പൗരന്റെ ഭക്ഷണ അവകാശത്തിന്മേൽപ്പോലും കൈകടത്താൻ ഭരണകൂടം നടത്തുന്ന ഇടപെടലുകൾ അത്യന്തം പ്രതിഷേധാർഹമാണ്. നിയമവാഴ്ചയെ തകിടംമറിക്കുന്ന ഇടപെടലുകൾ, തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാൻ നടക്കുന്ന ഇടപെടലുകൾ, വിദ്യാഭ്യാസ രംഗത്തെ കൈയടക്കാൻ അണിയറയിൽ നടക്കുന്ന നയനീക്കങ്ങൾ, കടൽ മത്സ്യബന്ധനത്തെ തീറെഴുതാൻ ഇതിനകം പ്രഖ്യാപിച്ച നയം ഇതെല്ലാം വലിയ ആശങ്ക ഉണർത്തുന്നു.


ഈ രാജ്യത്തെ കർഷകർ തെരുവിലിറങ്ങിയിട്ട് മാസങ്ങളേറെയായി. മത്സ്യത്തൊഴിലാളികളും ഇതര പരമ്പരാഗത തൊഴിൽമേഖലകളും ഭാവിയെ ആശങ്കയോടെയാണ് നോക്കികാണുന്നത്. ഈ സന്ദർഭത്തിലാണ് ഭാരതം 71-ാം സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കായി ഒരുങ്ങുന്നതെന്നോർക്കണം. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഭരണാധികാരികൾക്ക് നൽകിയ നിർദ്ദേശം 'നിങ്ങളുടെ തീരുമാനം ഈ രാജ്യത്തെ ഏറ്റവും ദരിദ്രന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതാണെങ്കിൽ അതൊഴിവാക്കണം' എന്നാണ്.

നമ്മുടെ ജനാധിപത്യത്തിന്റെ ഉരകല്ലായ ഭരണഘടന പൗരന് ഉറപ്പുവരുത്തുന്ന സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ദർശനങ്ങളിലധിഷ്ഠിതമാകണം ബഹുസ്വര ഭാരതത്തിന്റെ അടിത്തറ. ഭാരതത്തിന്റെ 15-ാമത് രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത പ്രഥമപൗരൻ റാംനാഥ് കോവിന്ദിന് ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയട്ടെയെന്നാശിക്കുകയും, ജീവനും വെളിച്ചവും മാസികയുടെ സർവവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ഭാരതസ്വാതന്ത്ര്യത്തിന്റെയും ദൈവമാതാവിന്റെ സ്വർഗാരോപണത്തിന്റെയും ആഘോഷങ്ങൾ പുതുഭാവന പൗരസമൂഹത്തിൽ ഉണർത്തട്ടെ. ആശംസകളോടെ,

\- പത്രാധിപർ

# പ്രതികരണങ്ങൾ




## മലയാളികളും മോശമല്ല...!

ജൂലൈ ലക്കത്തിൽ നേർക്കാഴ്ച വായിച്ചു. മനുഷ്യന്റെ പുരോഗതി ലാക്കാക്കിക്കൊണ്ടുള്ള ത്വര ഇനിയും ആഗോള താപനം വർധിപ്പിക്കുകയേയുള്ളൂ. അമേരിക്കയുടെ മേൽ കുറ്റാരോപണം നടത്തുന്നവർ അന്തരീക്ഷ മലിനീകരണ കാര്യത്തിൽ ഇന്ത്യാ മഹാരാജ്യവും കേരളവും പിന്നിലല്ലെന്ന് ഓർക്കണം. മാലിന്യങ്ങളെല്ലാം ജലാശയങ്ങളിൽ നിക്ഷേപിച്ചും നിരത്തുവക്കിലെറിഞ്ഞും സർവ പ്ലാസ്റ്റിക്കും കൂട്ടിയിട്ട് കത്തിച്ച് ഓസോൺ പാളിയിൽ തുളയുണ്ടാക്കുന്നതിലും മലയാളികൾ മിടുക്കരാണ്. ഹരിത കേരളം, സുന്ദര കേരളം എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾക്ക് ഇവിടെ ഒരുപഞ്ഞവുമില്ല. ആഘോഷപൂർവ്വം നട്ട ഒരു കോടി വൃക്ഷത്തൈകളിൽ എത്രയെണ്ണം വളർന്നു വലിയ മരമായി എന്ന് പിന്നീട് ഗവേഷണം ചെയ്യുന്നത് നന്നായിരിക്കും. അമിത വികസനത്തിന്റെ ഗതിവേഗങ്ങളെ തടഞ്ഞില്ലെങ്കിൽ ഊർജ്ജസ്രോതസ്സുകൾ വറ്റിപ്പോകുമെന്ന് നാം ഓർക്കണം.

അതിഭീകരമായ വരൾച്ചയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന കൃഷി നാശത്തിന്റെയും ഭയാനകതയാണ് കേരളത്തെ കാത്തിരിക്കുന്നത്.

റീനാ ലൂക്കസ്, ചെമ്പകമംഗലം

## യേശുവിനെക്കുറിച്ചുള്ള ജ്ഞാനത്താൽ യുവജനങ്ങൾ നിറയുകയാണ് പോംവഴി

പടക്കുതിരയെപ്പോലെ കുതിച്ചുപായാൻ വെമ്പുന്ന യുവത്വത്തിന്റെ അഗ്നിയും ആവേശവും ഉജ്ജ്വലിക്കുന്ന ലേഖനങ്ങളാൽ ധന്യമായിരുന്നു ജൂലൈ ലക്കം ജീവനും വെളിച്ചവും മാസിക. 33 വയസ്സുള്ള യേശു എന്ന യുവാവ് കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളായി ലോകജനതയുടെ ഹൃദയങ്ങളിൽ പരിവർത്തനം വരുത്തിക്കൊണ്ടിരുന്നു. എന്നിട്ടുമെന്തേ ഇത്രയേറെ സൗകര്യങ്ങളുണ്ടായിട്ടും നമ്മുടെ യുവജനത നസ്രായനെ പിന്തുടരുന്നില്ല. നന്മയുടെയും വിശുദ്ധിയുടെയും പരസ്പര സ്നേഹത്തിന്റെയും മാതൃകകൾ ഉണ്ടെങ്കിലും കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന തീരദേശ യുവത്വത്തിന്റെ പല നടപടികളും ക്രൈസ്തവ ആധ്യാത്മികതയുമായി ഒത്തുപോകുന്നതരത്തിലുള്ളതല്ലെന്നു ദുഃഖപൂർവ്വം പറയട്ടെ. ആഘോഷത്തിന്റെയും ധാരാളിത്തത്തിന്റെയും സമ്പത്തിന്റെയും ലഹരിയുടെയും അടിമത്വം ശോഭനമായ ഭാവിയിലേക്കും വലിയ ലക്ഷ്യങ്ങളിലേക്കും പ്രവർത്തിക്കുന്നതിന് പലപ്പോഴും വിലങ്ങുതടിയാകുന്നില്ലേ? യുവജനങ്ങളെ വളർത്തിയെടുക്കാനും മിടുക്കരായ വൈദികർക്ക് എന്തുകൊണ്ട് സാധിക്കുന്നില്ലായെന്നത് പ്രസക്തമായ ചോദ്യമാണ്. യേശു പിതാവായ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം കൊണ്ട് നിറയുകയും ആ ജ്ഞാനത്താൽ തന്റെ ജീവിതവും പ്രവർത്തനങ്ങളും അർത്ഥപൂർണ്ണമാക്കി മനോഹരമായി ക്രമീകരിക്കുകയും ചെയ്തു. അതുപോലെ യേശുവിനെക്കുറിച്ചുള്ള അറിവുകൊണ്ട് നിറയുകയും അതിനനുസൃതം ജീവിതത്തെ ക്രമീകരിക്കുകയും ചെയ്താൽ യൗവനകാലവും ജീവിതവും അർത്ഥസമ്പുഷ്ടമാക്കാം.

- വിയാനാ ജെ, തോന്നയ്ക്കൽ

## സമർപ്പിതർ നല്ലതുപറയാൻ ഇടയാക്കണം

ജൂലൈ ലക്കത്തിൽ 'ചാരത്തിൽ നിന്നും ചാരത്തേക്ക്' വായിച്ചു. ഏറെ ചിന്തോദ്ദീപകവും അർത്ഥവത്തും അഭിനന്ദനാർഹവുമാണ്. വൈദികരില്ലെങ്കിൽ സഭയില്ല എന്നതാണ് യാഥാർത്ഥ്യം. കുടുംബ ജീവിതത്തിലേക്കുള്ള വിളിയിലെന്നപോലെ പൗരോഹിത്യ വിളിയിലെ നിലനിൽപ്പും വെല്ലുവിളികളും പ്രതിബന്ധങ്ങളും പ്രലോഭനങ്ങളും നിറഞ്ഞതാണ്. ആരും പൂർണ്ണരല്ല. സമർപ്പിതരുടെ സേവനങ്ങളെ അത്യാദരവോടെയാണ് ലോകം വിലയിടുന്നതും വാഴ്ത്തുന്നതും. വിശുദ്ധമായ ആ സേവന മഹത്വം അനുഭവിക്കാത്തവർ ലോകത്തിലില്ല. വിശുദ്ധ മദർതെരേസയും ഫാ. ഡാമിയനുമൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. അശരണരെയും അനാഥരെയും മാറോട് ചേർക്കുന്ന അവരുടെ കണ്ണീർ തുടയ്ക്കുന്ന അവർക്ക് തേജസ് ജ്വലിക്കുന്നത് സമർപ്പിതരിലൂടെയാണ്.

ആധുനിക പ്രവണതകളുടെ വേലിയേറ്റത്തിൽ പൗരോഹിത്യത്തിൽ വീണ പുഴുക്കുത്തുകൾ രഹസ്യമായ പരസ്യം തന്നെയാണ്. സമർപ്പിതരെ വാഴ്ത്തിയ മാധ്യമങ്ങൾ അവരുടെ വീഴ്ചകൾ ആഘോഷമാക്കുന്നത് സ്വാഭാവികം. അതിന് പാവം സഭാമക്കൾ എന്തുപിഴച്ചു? സമർപ്പിതരുടെ ഏറെ കുറവുകളും മൂടിവയ്ക്കപ്പെട്ട നിഗൂഢാത്മക സത്യങ്ങളല്ലേ? വിളിയിലെ വിശ്വസ്തതയോട് നീതി പുലർത്താത്ത സമർപ്പിതരല്ലേ കൂടുതൽ ജാഗ്രതയും സൂക്ഷ്മതയും പുലർത്തേണ്ടത്.

സമർപ്പിതർ പോകുമ്പോൾ അതാ ഈശോ പോകുന്നുവെന്ന് ആളുകൾ പറയാത്തിടത്തോളം കാലം പൗരോഹിത്യം ഒരു പരാജയമാണെന്നേ പറയാനാവൂ.

ജെറാൾഡ് ബി.മിരാൻഡ

# താളുകളിൽ

## ലേഖനം

6 സമർപ്പിത ജീവിതം ക്രൈസ്തവ വീക്ഷണത്തിൽ
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.

8 ഇന്ത്യ മുന്നോട്ടോ പിറകോട്ടോ ?
ഡോ. കെ.എം. ഫ്രാൻസിസ്

10 അമ്മയുടെ ഹൃദയത്തിൽ ഒരു വാൾ
ഡോ. ജോർജ്ജ് ഓണക്കൂർ

12 നീതിയുടെ അടിത്തറയിൽ പുതിയ ജീവിതത്തിനായ്
ബിനോയ് വിശ്വം

14 സ്വാതന്ത്ര്യത്തിന്റെ ക്രൈസ്തവ ദർശനം
ഫാ. ലോറൻസ് കുലാസ്

20 ജിഎസ്ടി മത്സ്യമേഖലയിൽ
രവീന്ദ്രൻ നായർ

## സ്ഥിരം പംക്തികൾ

16 കഥ
22 വർത്തമാനം
24 യൂത്ത്
29 കാഴ്ചപ്പാടുകൾ
29 കാനോൻ നിയമത്തിൽ
31 ഫാമിലി കോർണർ
32 നീർച്ചാലുകൾ
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.



# സമർപ്പിതജീവിതം ക്രൈസ്തവ വീക്ഷണത്തിൽ

● റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ
*തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ*

ഗലീലിയ കടൽത്തീരത്തിൽ നിന്നും "എന്നെ അനുഗമിക്കുക" മത്താ. 4:19 മർക്കോ.1:17 എന്ന യേശുക്രിസ്തുവിന്റെ ക്ഷണം സ്വീകരിച്ചവരാണ് ഓരോ ക്രൈസ്തവരും. യേശുവിന്റെ ജീവിതത്തോട് സ്വന്തം ജീവിതത്തെ സമർപ്പണം ചെയ്യാനുള്ള ആഹ്വാനമാണ് ഈ ക്ഷണം. അതിനാൽ തന്നെ ഓരോ ക്രൈസ്തവനും ക്രിസ്തുവിനായി, ദൈവത്തിനായി സമർപ്പിതനായിരിക്കുന്നു. ക്രൈസ്തവ സമർപ്പണത്തിന്റെ പൊതുവായുള്ള ക്ഷണം സ്വീകരിച്ച വ്യക്തികൾ തങ്ങളുടെ ജീവിതപന്ഥാവിൽ പ്രത്യേകമായ ഒരു വിളിക്ക് പൂർണമായി തങ്ങളെ വിട്ടുകൊടുക്കുന്നതാണ് സന്യാസജീവിതം അഥവാ സമർപ്പണ ജീവിതം.

**സമർപ്പിതജീവിതം സാധ്യമാകുന്നത് അതിനായുള്ള നിയോഗങ്ങളുടെ വിശ്വസ്തതയിലും പൂർത്തീകരണത്തിലുമാണ്. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ ജീവിതശൈലിയായി സ്വീകരിച്ചവരാണ് സമർപ്പിതർ.**

സമർപ്പിതർ ലോകത്തിലായിരുന്നുകൊണ്ട് ഇവിടെ ജീവിച്ച് സുവിശേഷ-ഉപദേശങ്ങളിലൂടെ ലോകത്തിന്റേതല്ലാതായി മാറുന്നവരും വരാനിരിക്കുന്ന ദൈവരാജ്യ അരൂപിയാൽ ജീവിക്കുന്നവരുമാകുന്നു (തിരുസഭ. 44). സ്നേഹത്തിന്റെ പൂർണ്ണത ലക്ഷ്യം വച്ചുകൊണ്ട് യേശുവിന്റെ സമർപ്പണ ശുശ്രൂഷാ വഴിയിലൂടെ അവിടുത്തെ അനുഗമിക്കുന്നവരാണിവർ. ഓരോ സന്യാസ സമൂഹവും തങ്ങളുടെ പ്രത്യേക കാരിസം (സിദ്ധി) രൂപപ്പെടുത്തുകയും അതിൽ ജീവിക്കുകയും വഴി യേശുവിന്റെ സ്നേഹ ഉപകരണങ്ങളായി മാറുന്നു. അതിനാൽ തന്നെ തിരുസഭയിൽ വൈവിധ്യങ്ങളായ സമർപ്പിത സമൂഹങ്ങളെ കാണാൻ കഴിയും. ഈ സമൂഹങ്ങളെ പ്രധാനമായി 8 ഗണങ്ങളായി തിരിക്കാം.

ആശ്രമജീവിതം നയിക്കുന്നവർ, കന്യകമാർ, തപസ്വിനി(മാർ), വിധവകൾ, ധ്യാനാത്മക സന്യാസിനികൾ, സമർപ്പണ ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, സെക്യുലർ ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ എന്നിവ.

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങൾ ജീവിതശൈലിയായി സ്വീകരിച്ചവരാണ് സമർപ്പിതർ (തിരുസഭ 44). ദൈവത്തിൽ നിസ്വരായ സമർപ്പിതർക്ക് ദൈവം തന്നെയാണ്

ശക്തി. ഭൂമിയിൽ ഏറ്റവും ദരിദ്രനായ ഗുരുവിനെ അനുഗമിക്കുന്ന സമർപ്പിതൻ ദൈവത്താൽ സമ്പന്നമാകുവാനും ആ സമ്പന്നതയിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുകയും വഴി ജീവിതം ഒരുവെല്ലുവിളിയായി മാറ്റുന്നു. ബ്രഹ്മചര്യം എന്നത് ദൈവത്തിൽ ചലിക്കുന്ന അവസ്ഥയാണ്. സമ്പൂർണ്ണ സമർപ്പിതന് ദൈവമാണ് ഈ ചലനത്തിന്റെ ശക്തിനൽകുന്നത്. ആയതിനാൽ സമർപ്പിതൻ അവിഭക്ത ഹൃദയത്തോടെ കർത്താവിന് തന്നെ തന്നെ സമർപ്പിക്കണം. ക്രിസ്തുവിനോടുകൂടെ ആയിരിക്കുവാനും ക്രിസ്തുവിനെ പോലെ മറ്റുള്ളവരെ സേവിക്കുവാനും വേണ്ടിയാണിത് (സമർപ്പിതജീവിതം-1), അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം. സമൂഹജീവിതത്തിന്റെ ക്രമങ്ങളെ പാലിക്കുവാൻ ജീവിതത്തെ നിയതമായ ചട്ടക്കൂടുകളിൽ ഒരുക്കുവാനും സുവിശേഷാനുസൃത അനുസരണം ആവശ്യമാണ്. നിയമങ്ങളും ക്രമങ്ങളും അനുസരിക്കുക വഴി സമർപ്പിത സമൂഹത്തിന്റെ പ്രവർത്തനക്ഷമതയും ലക്ഷ്യപ്രാപ്തിയും അംഗങ്ങൾക്ക് നിറവേറ്റുവാനാകും.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സന്യാസ ജീവിതത്തെക്കുറിച്ചുള്ള ഡിക്രിയിൽ സമർപ്പിത സമൂഹങ്ങളുടെ നവീകരണത്തിനായുള്ള അഞ്ചുമാനദണ്ഡങ്ങൾ ഉൾച്ചേർത്തിരിക്കുന്നു (സന്യസ്തർ-2). എല്ലാ സമർപ്പിതരുടെയും പരമമായ നിയമം യേശുക്രിസ്തുവിനെ അനുഗമിക്കുക എന്നതാണ്. ഓരോ സമർപ്പിത സമൂഹവും സ്ഥാപകചൈതന്യം സംരക്ഷിക്കുകയും അതിൽ ജീവിക്കുകയും ചെയ്യണം. ഓരോ സമർപ്പിത സമൂഹവും തിരുസഭയുടെ പൊതുവായ ജീവിതത്തിലും പ്രവർത്തനങ്ങളിലും പങ്കുകാരാകണം. അല്ലാതെ അകന്നു നിൽക്കുന്ന ഒരു ചെറുകൂട്ടായ്മ ആകരുത്. ആധുനിക കാലഘട്ടത്തിൽ പ്രേഷിത തീക്ഷ്ണതയും വിശ്വാസ പ്രചരണവും നടത്തുവാൻ ആവശ്യമായ അറിവുള്ളവരായിരിക്കണം ഓരോ സമർപ്പിത സമൂഹവും. ദൈവത്തോട് ഐക്യപ്പെടാൻ വിവിധ നവീകരണ ആദ്ധ്യാത്മിക ലക്ഷ്യങ്ങളാൽ ഓരോ സമർപ്പിതസമൂഹവും പ്രേരിതമായിരിക്കണം.

കത്തോലിക്കാസഭയും സമർപ്പിത ജീവിത നവീകരണ ശ്രമങ്ങൾ കാലാകാലങ്ങളായി തുടർന്നുവരുന്നു. ഇതിന് നല്ല ഉദാഹരണമാണ് 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ ആഗോളസഭ സമർപ്പിതവർഷമായി ആചരിച്ചത്. സമർപ്പിത ജീവിതത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഈ പ്രത്യേക ജീവിത അന്തസ്സിന് നന്ദിപറയുക, ദൈവജനത്തിന്റെ ഇടയിൽ സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക, സമർപ്പിത ജീവിത സമൂഹങ്ങളിൽ ദൈവം നൽകിയ ദാനങ്ങൾ കണ്ടെത്തുക-അതിലൂടെ സഭയിൽ തങ്ങളുടെ ദൗത്യത്തെക്കുറിച്ച് അവബോധവാന്മാരാകുക, പ്രാദേശിക സഭയുടെ ആവശ്യങ്ങളും സാഹചര്യങ്ങളും മനസ്സിലാക്കി പ്രവർത്തിക്കുക എന്നിവയാണ്.

സമർപ്പിത ജീവിത നവീകരണം വഴി ഓരോ സമൂഹവും പുതിയ ചൈതന്യം സ്വീകരിക്കുകയും പ്രാദേശിക സഭയിലെ കുടുംബകേന്ദ്രീകൃത അജപാലനത്തിന് മുൻതൂക്കം നൽകുകയും ചെയ്യുമ്പോൾ സമർപ്പിതജീവിത തലങ്ങൾക്ക് കൂടുതൽ അർത്ഥം കൈവരുന്നു. ഓരോ സന്യാസിനി/സന്യാസി ഭവനങ്ങളിലേക്ക് സന്ദർശനത്തിനായി ഇറങ്ങിത്തിരിക്കുമ്പോൾ മനസ്സിലെ ആവൃതികൾക്കുള്ളിൽ യേശുവിനെ നൽകുവാൻ കഴിയും. കുടുംബങ്ങളെ അടുത്തറിഞ്ഞ് അവരുടെ പ്രശ്നങ്ങളെ അടുത്തറിഞ്ഞ് ബുദ്ധിമുട്ടുകളെ പരിഹരിക്കാൻ മുൻകൈ എടുക്കുമ്പോൾ പ്രാർത്ഥനയിൽ സ്വായത്തമാകുന്ന ഊർജ്ജം പ്രവൃത്തിയിലൂടെ മാംസംധരിക്കുകയാണ്. കുട്ടികൾക്കും യുവജനങ്ങൾക്കും നേരിന്റെ പാഠങ്ങളും മൂല്യ അവബോധവും നൽകുവാൻ സമർപ്പിതർ സുവിശേഷത്തെയാണ് അവരുടെ നെഞ്ചോട് ചേർത്തുവയ്ക്കുന്നത്.

സമർപ്പിതജീവിതത്തിന്റെ മഹനീയ മാതൃക മറിയം തന്നെയാണ്. ധ്യാനാത്മകമായ ജീവിതത്തിലൂടെ യേശുവിനെ സ്വന്തമാക്കിയ മറിയം ക്രിസ്തുവിനെ ലോകത്തിന് നൽകിക്കൊണ്ട് അമ്മയാവുകയാണ്. സഹനത്തിന്റെയും ത്യാഗത്തിന്റെയും വഴികളിലൂടെ നടക്കുമ്പോഴും മറിയത്തിന്റെ സമർപ്പണത്തിന്റെ അടിപതറുന്നില്ല. ചുവടുകൾ പിഴയ്ക്കുന്നില്ല. കാരണം ക്രിസ്തുകേന്ദ്രീകൃതമാണ് ആ ജീവിതം. ആധുനിക ലോകത്ത് സമർപ്പിത ജീവിതത്തിൽ വെല്ലുവിളികൾ നിറയുമ്പോൾ മറിയത്തെ ആശ്രയിക്കാം. ആ അമ്മയോട് കൂടെ ചേരാം.

സമർപ്പിതന്റെ ജീവിതം മാത്രമല്ല, സമർപ്പണം, പിന്നെയോ എല്ലാ ക്രൈസ്തവരും സമർപ്പിതരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ പൊതുസമർപ്പണത്തിൽ നിന്നുമാത്രമേ കൂടുതൽ ആഴമായ സമർപ്പണങ്ങൾ ഉണ്ടാവുകയുള്ളൂ. ■





ലേഖനം

ഡോ. കെ.എം. ഫ്രാൻസിസ്

# ഇന്ത്യ മുന്നോട്ടോ പിറകോട്ടോ?

**സപ്തതി പിന്നിട്ട ഭാരതത്തിന്റെ യശസ്സിൽ ചികിത്സ അനിവാര്യമായ പുഴുക്കുത്തുകൾ വീണുതുടങ്ങിയിരിക്കുന്നു. ആ പുഴുക്കുത്തുകൾ വലിയ വ്യണങ്ങളാകാതിരിക്കാൻ സത്വര ശ്രദ്ധ അനിവാര്യമാണ്.**

ഇന്ത്യയിലെ സമകാലീന രാഷ്ട്രീയ സംഭവങ്ങളിൽ പലതും രാഷ്ട്രത്തെയും, മനുഷ്യരെയും സ്നേഹിക്കുന്നവരുടെ മനസ്സുകളിൽ ആശങ്കകൾ നിറയ്ക്കുന്നതാണ്. പശുവിന് മനുഷ്യനേക്കാൾ മൂല്യം കല്പിക്കുന്ന ഒരു ധാർമ്മിക ഘടന ഇന്ത്യമുഴുവൻ വ്യാപിക്കുന്നു. അയിത്തം, ബാലികാവിവാഹം, സവർണ്ണജാതി മേൽക്കോയ്മ മുതലായവ വീണ്ടും ശക്തി പ്രാപിക്കുന്നു. ഇത്തരം പ്രാകൃത രീതികൾ ശക്തി പ്രാപിക്കുന്നതിലൂടെ ഇന്ത്യൻ ജനത സാമൂഹിക സാമ്പത്തിക ശക്തിയായി വളർന്ന് മറ്റു യൂറോപ്യൻ രാജ്യങ്ങളുടെ ജീവിത നിലവാരത്തെ മറികടക്കും എന്ന് പ്രചരിപ്പിക്കപ്പെടുന്നു. പശുവിന്റെ ചാണകത്തിലും, മൂത്രത്തിലും "അമൃത്" ഒളിഞ്ഞിരിപ്പുണ്ടോ എന്നത് മുഖ്യ ഗവേഷണ വിഷയമായി മാറുന്നു. അനേകം ശാസ്ത്രജ്ഞന്മാർ, ജഡ്ജിമാർ, കലാലയ അധ്യാപകർ മുതലായ സമൂഹത്തെ മുന്നോട്ടു നയിക്കേണ്ടവർ ഇത്തരം അന്ധവിശ്വാസങ്ങളെ ആരാധിച്ച് അതിന്റെ വക്താക്കളാകുന്നു. ഈ അപചയത്തിന്റെ കാരണമെന്താകാം.

## അപ്പൂപ്പന്റെ ആന

വികസിതമായ വിദേശ രാജ്യങ്ങൾ സന്ദർശിച്ച് തിരികെ വരുന്ന ഏതൊരു ഇന്ത്യാക്കാരന്റെ മനസ്സിലും ഇന്ത്യയിലെ പല മേഖലകളെക്കുറിച്ചും പുച്ഛം തോന്നും. വൃത്തിഹീനമായ റോഡുകൾ, നിയമം ലംഘിക്കുന്ന പൗരന്മാർ, വഴിയരികിലിരുന്ന് മലമൂത്രം വിസർജിക്കുന്നവർ, അഴിമതി നടത്തുന്ന രാഷ്ട്രീയ നേതൃത്വം, ഒരു ചെറുകിട സംരംഭം പോലും തുടങ്ങാൻ അസാധ്യമായ വിധത്തിലുള്ള സാമൂഹികാന്തരീക്ഷം. ദൈനംദിനം ഭക്ഷണം കഴിക്കാൻ പോലും കഴിയാത്ത കോടാനുകോടി ഭാരതീയർ, കൂട്ടമാനഭംഗത്തിന് ഇരയാകുന്ന വനിതകൾ മുതലായവ ഇതിൽ ചിലതുമാത്രം.

ഇത്തരമൊരു അവസ്ഥ 'ഞാൻ ഭാരതീയൻ' എന്ന് പറയാൻ ഒരുവന്റെ മനസ്സിൽ ലജ്ജ (Shame) സൃഷ്ടിക്കും. ഈ ലജ്ജ ഇതിന്റെ ഉത്തരവാദിയെ അന്വേഷിക്കാൻ ഒരുവനെ പ്രേരിപ്പിക്കും. ആരാണ് ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയുടെ ഉത്തരവാദി? അവനവനുണ്ടാകുന്ന ഓരോ പ്രശ്നത്തിന്റെയും കാരണം മറ്റുള്ളവരിൽ ആരോപിക്കുക എന്നതാണ് ഇക്കാര്യത്തിൽ ഓരോ മനുഷ്യന്റേയും മനസ്സിന്റെ തന്ത്രം. ഇത്തരമൊരു കുറ്റബോധം ഒരു ജനതയെ മുഴുവൻ ഗ്രസിച്ചാലോ?

ഒരുകാലത്ത് ഇന്ത്യയുടെ മുഴുവൻ അധോഗതിയുടേയും ഉത്തരവാദിത്വം ബ്രിട്ടീഷുകാർക്കായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയെ ചൂഷണം ചെയ്തതുകൊണ്ടാണത്രെ ഇന്ത്യയ്ക്ക് ഇനിയും വളരാൻ കഴിയാത്തത്. അത്തരമൊരു കുറ്റാരോപണത്തിന് ഇപ്പോൾ കമ്പോള മൂല്യം നഷ്ടപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻ സംസ്ക്കാരത്തെ തള്ളിക്കളഞ്ഞതുകൊണ്ട് ഇന്ത്യ പുരോഗമിക്കാത്തതെന്തേയെന്ന പുതിയ ചിന്ത ഇന്ത്യയിൽ വേരു പിടിച്ചത്. സ്വന്തം തെറ്റുകളെ മൂടിവെയ്ക്കാൻ മനസ്സിന് രണ്ട് തന്ത്രമുണ്ട്. ഒന്നാമത്തേത് മറ്റുള്ളവരെ കുറ്റപ്പെടുത്തലാണ്. രണ്ടാമത്തേത് പണ്ട് കാലത്ത് അവർ ചെയ്ത നന്മകളെ വിളിച്ചുപറയലാണ്. ഇത് രണ്ടും

സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നുള്ള വഴിമാറലാണ്. ഈ ഒഴിഞ്ഞുമാറലിന്റെ നിഴലിലാണ് ഇന്ത്യൻ ജനത. സ്വന്തം ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ജനത മാത്രമാണ് പുരോഗമിക്കുക.

നൂറ്റാണ്ടുകൾക്കു മുൻപ് ഇന്ത്യയിൽ വിമാനമുണ്ടായിരുന്നു. ലോകത്തിലുള്ള എല്ലാ ശാസ്ത്രങ്ങളും ഉത്ഭവിച്ചത് ഇന്ത്യയിലാണ്. ഇക്കാര്യങ്ങളെല്ലാം ഇന്ത്യയിലെ മതഗ്രന്ഥങ്ങളിലുണ്ട്. ഇത്തരം ഗ്രന്ഥങ്ങളിലില്ലാത്തതൊന്നും ലോകത്തിലില്ല. കൗടില്യന്റെ അർത്ഥശാസ്ത്രഗ്രന്ഥത്തിലില്ലാത്തതൊന്നും ആർക്കും പറയാൻ കഴിഞ്ഞിട്ടില്ലത്രെ!

ഇത്തരത്തിൽ സന്തോഷമായി ജീവിച്ചിരുന്ന സംസ്കാരത്തിലേക്ക് മറ്റ് മതങ്ങൾ കടന്നു വന്നപ്പോൾ ഇന്ത്യ എന്ന ആന എലിയായി. ഇനി ഈ എലിയെ ആനയാക്കണമെങ്കിൽ കാലങ്ങളായി ഇന്ത്യയിൽ വന്നിട്ടുള്ള എല്ലാ പരിഷ്ക്കാരങ്ങളും ഇല്ലാതാക്കേണ്ടി വരും. പുറത്തുനിന്ന് ഇന്ത്യയിലേക്ക് പ്രവേശിച്ച എല്ലാറ്റിനേയും പുറത്താക്കിയാൽ ഇന്ത്യ വീണ്ടും മറ്റു രാഷ്ട്രങ്ങളേക്കാൾ വലിയ ശക്തിയാകുമെന്ന പ്രതീക്ഷയിലാണ് ഇന്ത്യയിലെ പല ബുദ്ധിജീവികളും.







## വഴി തെറ്റിയ നവോത്ഥാനം

നവോത്ഥാനം എന്ന ആശയം ഉറവിടങ്ങളിലേക്ക് പോയി വളരുക എന്നതാണ്. യൂറോപ്പിലുണ്ടായ ഈ വളർച്ച ഉറവിടങ്ങളിലേക്ക് പോയാൽ ഇന്ത്യയ്ക്കുണ്ടാകുമോ? യൂറോപ്യൻ നവോത്ഥാന നായകനായിരുന്ന ഫ്രാൻ ചെസ്ക്കോ വി.അഗസ്റ്റിന്റെ ആരാധകനായിരുന്നു. അഗസ്റ്റിന്റെ കൺഫെഷൻസ് എന്ന ഗ്രന്ഥത്തിലെ ഒരു വാചകമാണ് ഉറവിടങ്ങളിലേക്ക് പോകാൻ നവോത്ഥാന നായകരെ പ്രേരിപ്പിച്ചത്. 'സിസറോയുടെ ഗ്രന്ഥങ്ങൾ വായിച്ചപ്പോഴാണ് ഞാൻ ക്രിസ്ത്യാനിയായി മാറിയത്', എന്ന വി.അഗസ്റ്റിന്റെ പ്രസ്ഥാവനയാണ്, നവോത്ഥാന ചിന്തകളുടെ ഉറവിടം. ക്രിസ്തുമതത്തിന്റെ അടിത്തറ ഗ്രീക്കോ റോമൻ ചിന്തകളാണെന്ന് തിരിച്ചറിവുണ്ടായ അന്നത്തെ  അക്കാദമിക സമൂഹം, ഗ്രീക്കോ-റോമൻ ചിന്തകളെ പുനർ ജീവിപ്പിച്ചതാണ് യൂറോപ്യൻ നവോത്ഥാനം. (1) യുക്തി ചിന്ത (2) വ്യക്തി സ്വാതന്ത്ര്യം (3) സാർവ്വത്രികത (Universal) (4) ജനാധിപത്യം (5) സിസറോയുടെ സ്വാഭാവിക നിയമം മുതലായവയ്ക്ക് പുനർജീവൻ ലഭിച്ചു. എല്ലാ മനുഷ്യരും തുല്യരാണെന്ന ബോധമാണ് ഇതിൽ പ്രധാനം. എല്ലാ മനുഷ്യരും തുല്യരാണെന്ന ബോധം ഇന്ത്യയിലില്ലാത്തതാണ് ഇന്ത്യയുടെ ശാപം. സാർവ്വത്രിക സത്യങ്ങൾ (Universals) പഠിപ്പിച്ചിരുന്ന സ്ഥലമാണ് യൂണിവേഴ്സിറ്റി. ഇത്തരം കാര്യങ്ങൾ ഇന്ത്യൻ സംസ്ക്കാരത്തിൽ ഇല്ലെങ്കിൽ അത് വിദേശത്ത് നിന്ന് സ്വീകരിച്ചാൽ എന്താണ് തെറ്റ്? മൂലധനവും, പോർ വിമാനങ്ങളും, ആറ്റം ബോംബും, യുദ്ധ സാമഗ്രികളും, കോഴിക്കാലുപോലും  വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നു.

ഇന്ത്യയിലെ മതഗ്രന്ഥങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ആരാണ് മനുഷ്യൻ? എന്താണ് മനുഷ്യത്വം? എന്ന കാര്യങ്ങൾ മുങ്ങിയെടുക്കാൻ സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ, സിസറോ, യേശുക്രിസ്തു, വി.അഗസ്റ്റിൻ, ദെക്കാർത്ത്, റൂസ്സോ, ഇമ്മാനുവൽകാന്റ് ഹെഗൽ, കാറൽ മാർക്സ് മുതലായവർ ഇന്ത്യയിൽ ജനിച്ചിട്ടില്ല. 'മനുഷ്യൻ' 'സമൂഹം' 'തുല്യത' 'സ്വാതന്ത്ര്യം' അഭിപ്രായ സ്വാതന്ത്ര്യം, ധാർമ്മികത മുതലായവ ഇന്ത്യയിൽ അന്വേഷണ വിഷയമല്ല. പശു, ചാണകം, ജ്യോതിഷം, കൈരേഖാ ശാസ്ത്രം മുതലായവയാണ് ഇന്ത്യൻ ശാസ്ത്രം. ഇന്ത്യയിലില്ലാത്തതു പലതും മറ്റു രാഷ്ട്രങ്ങളിലുണ്ട്. മറ്റു രാഷ്ട്രങ്ങളിലില്ലാത്ത പലതും ഇന്ത്യയിലുണ്ട്. ഇന്ത്യയ്ക്ക് മുന്നോട്ട് പോകണമെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ പൊതു പൈതൃകത്തിന്റെ ഉറവിടങ്ങളിലേക്ക് യാത്ര ചെയ്യണം. ■

ഡോ. ജോർജ്ജ് ഓണക്കൂർ



# അമ്മയുടെ ഹൃദയത്തിൽ ഒരു വാൾ

സകലമനുഷ്യരുടെയും രക്ഷയ്ക്കും പാപവിമോചനത്തിനുമായി ഭൂമിയിൽ അവതരിച്ച ശ്രീയേശു ഒരമ്മയുടെ മകനായിരുന്നു. ദാവീദിന്റെ ഗോത്രത്തിൽ യൗസേപ്പ് എന്നുപേരായ പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുക്കലേക്ക് ദൈവദൂതനായ ഗബ്രിയേൽ ഇറങ്ങിച്ചെന്നു. അവളുടെ നാമം മറിയം എന്നായിരുന്നു. ദൂതൻ അവൾക്ക് ആശംസകൾ നേർന്നു.

"കൃപ നിറഞ്ഞവളേ, നിനക്ക് സമാധാനം. കർത്താവ് നിന്നോടുകൂടിയുണ്ട്."

മറിയം ആ വാക്കുകൾ കേട്ട് പരിഭ്രമിച്ചു. ആ അഭിവാദനത്തിന്റെ രഹസ്യം അവൾക്ക് അജ്ഞാതമായിരുന്നു.

ദൂതൻ അവളെ ആശ്വസിപ്പിച്ചു: "ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്നുപേരിടേണം. അവൻ വലിയവനായിരിക്കും. ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നൽകും."

"ഇത് എങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ", മറിയം സന്ദേഹിച്ചു.

"പരിശുദ്ധാത്മാവ് നിന്റെമേൽ ആവസിക്കും.

അത്യുന്നതിന്റെ ശക്തി നിന്നിൽ നിറയും. അതിനാൽ ജനിക്കാൻ പോകുന്ന ശിശു ദൈവപുത്രൻ എന്നു വിളിക്കപ്പെടും." ദൈവദൂതൻ സംശനിവാരണം വരുത്തി.

പ്രാർത്ഥനാപൂർവ്വം മറിയത്തിന്റെ പ്രതികരണം:

"ഇതാ, ഞാൻ കർത്താവിന്റെ ദാസി. അവിടുത്തെ ഹിതം എന്നിൽ നിറവേറട്ടെ."

കാലത്തിന്റെ തികവിൽ ദിവ്യരക്ഷകൻ കന്യകയിൽ നിന്ന് ജന്മമെടുത്തു; മറിയത്തിന്റെ മകൻ.

ശിശുവിനെ യെരുശലേം ദേവാലയത്തിൽ സമർപ്പിക്കുന്നതിന് കൊണ്ടുവന്ന സമയം. ദൈവത്തിന്റെ അഭിഷിക്തനെ ദർശിക്കുംവരെ മരണം സംഭവിക്കുകയില്ല എന്ന അനുഗ്രഹം ലഭിച്ച ശിമയോൻ എന്ന താപസൻ അവിടേക്ക് കടന്നുവന്ന് ദൈവത്തെ സ്തുതിച്ചു. അമ്മയായ മറിയത്തെ അനുഗ്രഹിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

"ഇവൻ ഇസ്രായേലിൽ പലരുടെയും ഉയർച്ചയ്ക്കും താഴ്ചക്കും നിമിത്തമാകും. അനേകരുടെ ആത്മവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരുവാൾ തുളച്ചുകയറുകയും ചെയ്യും."

മകന്റെ ജനനം അമ്മയ്ക്ക് സമ്മാനിക്കുന്നത് ഹൃദയത്തിൽ ഒരു വാളാണ്. യൂദയായിലെ ബേത്‌ലഹേമിൽ ശിശുവിന്റെ പിറവി സംഭവിക്കുമ്പോൾ ആകാശത്തിൽ ദിവ്യനക്ഷത്രം പ്രത്യക്ഷപ്പെട്ടു. അത് ദർശിച്ച് കിഴക്കുനിന്ന് കാഴ്ച ദ്രവ്യങ്ങളുമായി പുറപ്പെട്ട ജ്ഞാനികൾ യരുശലേമിലെത്തി. ഹേറോദേസ് രാജാവിനോട് യഹൂദന്മാരുടെ രാജാവ് എവിടെയാണ് ജന്മം കൊണ്ടതെന്ന് അന്വേഷിച്ചു. ഇതുകേട്ട് ഹേറോദേസ് പരിഭ്രമിച്ചു."നിങ്ങൾ പോയി ശിശുവിനെക്കുറിച്ച് സൂക്ഷ്മമായി അന്വേഷിച്ചറിയുക. ഞാനും അവനെ ആരാധിക്കേണ്ടതിന് വിവരം എന്നെയും ധരിപ്പിക്കുക" എന്നു നിർദ്ദേശിച്ചു.

എന്നാൽ സ്വപ്നത്തിൽ മുന്നറിയിപ്പുലഭിക്കുകയാൽ ജ്ഞാനികൾ രാജസന്നിധിയിലേക്കു മടങ്ങിപ്പോയില്ല. താൻ കബളിപ്പിക്കപ്പെട്ടതിൽ ക്ഷുഭിതനായിത്തീർന്ന ഹേറോദേസ് രണ്ടു വയസ്സിൽ താഴെയുള്ള ആൺകുട്ടികളെ മുഴുവൻ വധിക്കുവാൻ കല്പിച്ചു. ദൈവദൂതൻ മറിയത്തിനും യൗസേപ്പിനും പ്രത്യക്ഷനായി ശിശുവിനെയും കൊണ്ട് ഈജിപ്തിലേക്ക് രക്ഷപ്പെടുവാൻ നിർദ്ദേശം നൽകി.

ഈറ്റില്ലത്തിൽ നിന്ന് പിഞ്ചുകുഞ്ഞിനെയും നെഞ്ചിലേറ്റി അമ്മയുടെ പ്രയാണം. കാലത്തിന്റെ മനസ്സിലൂടെ ആ അമ്മ എന്നും യാത്ര ചെയ്യുകയായിരുന്നു, മകനോടൊപ്പം. അവർ പാപത്തിന്റെ ഇരുളിൽ അകപ്പെട്ടവരെ രക്ഷയുടെ വെളിച്ചത്തിലേക്ക് ആനയിച്ചു. അസത്യത്തിൽ നിന്ന് സത്യത്തിലേക്ക്, മരണത്തിൽ നിന്ന് ജീവനിലേക്ക്. സ്നേഹത്തിന്റെ സുവിശേഷം പകർന്ന ജീവിതം. പക്ഷേ അമ്മയുടെ ഹൃദയത്തിൽ ഒരു വാൾ പിടഞ്ഞു, മുറിവേല്പിച്ചു.

മറിയത്തിന്റെ മകൻ ദൈവപുത്രൻ. മനുഷ്യരാശിയുടെ രക്ഷയ്ക്കായി അവതാരം ചെയ്തവൻ. അവൻ രോഗികളെ സൗഖ്യമാക്കി; ബന്ധിതരെ സ്വതന്ത്രരാക്കി; പാപങ്ങൾ മോചിപ്പിച്ചു; ഭൂമിയിലെങ്ങും കാരുണ്യത്തിന്റെ സ്പർശമായി; ഹൃദയങ്ങളിൽ കുളിർമ്മപകരുന്ന കാറ്റായി നനവുകൾ സൃഷ്ടിച്ചു.

അവൻ മുറിവുകൾ വച്ചുകെട്ടുമ്പോൾ മറിയത്തിന്റെ മനസ്സുമാത്രം പിടയുകയായിരുന്നു. മുപ്പത്തിമൂന്നു വർഷം ഹൃദയത്തിൽ വാളും വഹിച്ച് ജീവിച്ച അമ്മ. അവൾക്ക് ഉറങ്ങാൻ കഴിഞ്ഞിട്ടില്ല. ആശ്വാസതീരം അകലെ. നിർന്നിദ്ര രാത്രികളിൽ ഹേറോദേശിന്റെ കൊട്ടാരം. പീലാത്തോസിന്റെ അരമന. കയ്യാഫാസിന്റെയും പുരോഹിതവർഗത്തിന്റെയും അട്ടഹാസങ്ങൾ എങ്ങും മുഴങ്ങി.

കുരിശും തോളിൽവഹിച്ച് മകൻ തെരുവിലൂടെ നീങ്ങുന്നു. നന്ദികെട്ട യൂദപ്പരിഷ പരിഹസിക്കുന്നു. മുതുകിൽ ചാട്ടവാറടികൾ. ആരോ മുഖത്തുതുപ്പി.

കാൽവരിയിൽ കുരിശിന്റെ ചുവട്ടിൽ വാൾ പിളർന്ന ഹൃദയവുമായി ദുഃഖാകുലയായ അമ്മ. വ്യാകുലമാതാവ്. കൂടെ ക്ലെയോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലനയിലെ മറിയവും മകന്റെ പ്രിയസ്നേഹിതനും ശിഷ്യനുമായ യോഹന്നാനും മാത്രം.

അവന്റെ കണ്ണുകൾ അമ്മയിലും സ്നേഹിതനിലും മാറിമാറി പതിച്ചു. ആർദ്രതയോടെ അമ്മയെ നോക്കി. എന്നും നിഴലായി ഒപ്പം സഞ്ചരിച്ച അമ്മ.

'ഇതാ നിന്റെ മകൻ!' ശിഷ്യന്റെ നേർക്ക് കണ്ണുകൾ തിരിച്ച് അവൻ അമ്മയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. തന്റെ ദൗത്യം പൂർത്തിയാക്കിയിരിക്കുന്നു. അവൻ തലചായ്ച്ച് ആത്മാവിനെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

മകന്റെ ശരീരം മടിയിൽ കിടത്തി വിതുമ്പുന്ന അമ്മയുടെ രൂപം മനസ്സിലുണ്ട്. വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ വിശ്രുത ശില്പി മൈക്കളാഞ്ചലോ നിർമ്മിച്ച 'പിയത്താ!'

മറിയത്തിന്റെ ജീവിതം പൂർണത കൈവരിക്കുന്നു. ദൈവപുത്രന് ജന്മം നൽകി വളർത്തി. കരുണയുടെയും രക്ഷയുടെയും വഴികളിൽ അവനോടൊപ്പം യാത്രചെയ്തു. അവനുവേണ്ടി സ്വർഗകവാടം തുറക്കപ്പെട്ടിരിക്കുന്നു.

ഇനി ഈ ഭൂമിയിൽ അമ്മയ്ക്കു ചെയ്തുതീർക്കാൻ എന്തുണ്ട്? അവളുടെ സ്ഥാനം എപ്പോഴും മകനോട് ഒപ്പമാണ്. അമ്മയുടെ സ്വർഗയാത്ര അനിവാര്യമാണ്.

ആ ദിവ്യാത്ഭുതത്തിന്റെ ഓർമ്മപ്പെടുത്തലായി വീണ്ടും മാതാവിന്റെ സ്വർഗാരോപണ പെരുന്നാൾ.

അത്ഭുതകഥകൾ എങ്ങനെയുമാകട്ടെ. അമ്മ എപ്പോഴും മകനോട് ഒപ്പമുണ്ട്. മനുഷ്യ സമൂഹത്തിനാകെ ശാന്തിയുടെ തലോടലായി ദിവ്യജനനി, അമ്മയുടെ പ്രാർത്ഥനകൾ രക്ഷയുടെ ആത്മവെളിച്ചമാണ്. ഒരു കാലത്തോ ദേശപരിധിയിലോ ഒതുക്കിക്കാണേണ്ടതല്ല, ആ മാതൃമഹിമ. ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്കുള്ള വഴിയാണ് അമ്മ. അമ്മയെ ആശ്രയിക്കുന്നവർ പുത്രന്റെ അരികിൽ എത്തുന്നു, രക്ഷയും ശാന്തിയും അനുഭവിക്കുന്നു. ■

ബിനോയ് വിശ്വം

**ബ്രിട്ടീഷ് മേൽക്കോയ്മയിൽ നിന്നും രക്തരഹിത വിപ്ലവത്തിലൂടെ സ്വാതന്ത്ര്യം നേടി ജനാധിപത്യത്തിൽ ലോകരാഷ്ട്രങ്ങൾക്ക് മാതൃകയായ ഭാരതം ഇന്ന് കണ്ണീരും ചോരയും വീഴ്ത്തി അവഹേളിതയാവുകയാണ്.**

രാജ്യം ഭരിക്കുന്ന പാർട്ടി സദാ ദേശീയ മൂല്യങ്ങളെപ്പറ്റിയാണ് പറയുന്നത്. ഭാരതീയ പൈതൃകത്തെപ്പറ്റി പറയുമ്പോൾ അവർക്ക് ആയിരം നാവാണ്. ആ പൈതൃകത്തിന്റെ ആത്മാവായി പറയപ്പെടുന്നത് പരിത്യാഗ മനോഭാവമാണ്. എന്നാൽ ചെറിയകാലത്തെ അവരുടെ പരിത്യാഗം എന്താണെന്ന് ജനങ്ങൾ കണ്ടു. ബിജെപി അധ്യക്ഷൻ അമിത്ഷായുടെ സ്വത്തിൽ അഞ്ചുകൊല്ലം കൊണ്ടുണ്ടായത് 300 ശതമാനം വർധനവാണ്. രാജ്യസഭയിലേക്ക് മത്സരിക്കാൻ അദ്ദേഹം സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് ഈ 'പരിത്യാഗ'ത്തിന്റെ യഥാർത്ഥമുഖം വ്യക്തമാക്കിയത്. എതാണ്ടിതുപോലെ തന്നെ വിക്കിലീക്സിന്റെ വെളിപ്പെടുത്തലുകൾ പുറത്തുവന്നു. വിദേശ ബാങ്കുകളിൽ കള്ളപ്പണം സംരക്ഷിക്കാൻ ഏല്പിച്ച ഇന്ത്യക്കാരുടെ പേരുകളും ആ പട്ടികയിൽ ഉണ്ടായിരുന്നു. രണ്ടായിരത്തോളം ഇന്ത്യക്കാരുടേതായി 1.3 ട്രില്യൻ ഡോളറാണ് അവിടെ ഒളിച്ചുവയ്ക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യയിലെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി എപ്പോഴും കണ്ണീർ പൊഴിക്കുന്ന ഒട്ടേറെ പേർ അതിലുണ്ട്. അവരെയെല്ലാം വരച്ചവരയിലൂടെ ചെവിക്കുപിടിച്ചുവിറപ്പിക്കുന്ന അദാനിയുടെയും അംബാനിയുടെയും പേരുകൾ അതിലുൾപ്പെടുന്നു. പുറത്തുവന്നത് ഒരുപക്ഷേ, ഒരു മഞ്ഞുമലയുടെ തുമ്പുമാത്രമായിരിക്കാം. അതുതന്നെ ഇത്രയും ഭീമമാണെന്നുവന്നാൽ ഇന്ത്യ ഇക്കാലമത്രയും സഞ്ചരിച്ച വികസന മേഖലയെക്കുറിച്ചോർത്ത് നമുക്ക് സങ്കടവും അമർഷവും തോന്നും. സാമ്പത്തിക ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ചില കേന്ദ്രങ്ങൾ പറയുന്നു, 1.3 ട്രില്യൺ ഡോളറുണ്ടെങ്കിൽ ഇന്ത്യയെ ബാധിക്കുന്ന എല്ലാ അടിസ്ഥാന പ്രശ്നങ്ങളും നിഷ്പ്രയാസം പരിഹരിക്കാൻ കഴിയുമെന്ന്. അതിനുള്ള രാഷ്ട്രീയ ഇച്ഛ ഇവിടെ ഇല്ലെന്നതാണ് പ്രശ്നം. അക്കാര്യത്തിൽ കോൺഗ്രസിനും ബിജെപിക്കും ഒരേ താൽപര്യമാണെന്ന് ഏറ്റവുമൊടുവിൽ ഈ വിക്കിലിക്സ് രേഖകൾ വിളിച്ചുപറയുന്നു.

സ്വരാജ് ആയിരുന്നു സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ മന്ത്രം. അതിന്റെ അർത്ഥമെന്താണെന്ന് എത്രയും ലളിതമായി മഹാത്മാഗാന്ധി വിശദീകരിച്ചിട്ടുണ്ട്. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവുമുണ്ടാകണം എന്നാണ് സ്വരാജിന്റെ അർത്ഥമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ

# നീതിയുടെ അടിത്തറയിൽ പുതിയ ജീവിതത്തിനായ്



എല്ലാ വൈജാത്യങ്ങളും മാറ്റിവച്ചുകൊണ്ട് ഇന്ത്യൻ ജനത ഒന്നടങ്കം സ്വാതന്ത്ര്യത്തിനുവേണ്ടി പടക്കളങ്ങളിൽ പൊരുതി. സാമ്രാജ്യത്വനുകം വലിച്ചെറിഞ്ഞ് മേൽപ്പറഞ്ഞ അർത്ഥത്തിലെ സ്വരാജിനുവേണ്ടിയുള്ള പോരാട്ടത്തിലൂടെയാണ് ഇന്ത്യൻ ദേശീയത ഉരുത്തിരിഞ്ഞുവന്നത്. ആ ദേശീയത മനുഷ്യന്റെ മൗലികാവകാശങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുത്തു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയ്ക്ക് ഒരു ഭരണഘടന ഉണ്ടായപ്പോൾ അതിന്റെ ആമുഖത്തിൽ മഹത്തായ ഒരു സന്ദേശം ഉണ്ടായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ, അത് നൽകുന്ന എല്ലാത്തരം അധികാരങ്ങളുടെയും അവകാശങ്ങളുടെയും കാരണക്കാർ 'we, the people of india....' (ഞങ്ങൾ, ഇന്ത്യയിലെ ജനങ്ങൾ) ആണെന്നുള്ള സന്ദേശം നൽകിയ ഇന്ത്യയിലെ ജനങ്ങൾ ഭരണഘടനയ്ക്ക് രൂപം നൽകിയത് ഇന്ത്യയെ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക് ആയി, രൂപപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് സ്വാതന്ത്ര്യം അതിന്റെ പ്രയാണം ആരംഭിച്ചത്. പിന്നീട് 1976 ൽ ഉണ്ടായ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇന്ത്യ മതേതരത്വവും സോഷ്യലിസവും ലക്ഷ്യമായി പ്രഖ്യാപിച്ചത്. ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടതാണ്.

പരമാധികാര-ജനാധിപത്യ-മതേതരത്വ-സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന രാഷ്ട്രസങ്കല്പമാണ് ഇന്ത്യയുടെ പ്രയാണപഥങ്ങളിൽ എന്നും പ്രകാശം പകർന്നത്. അവയ്ക്കെല്ലാം മേൽ ഒരുപോലെ നിഴൽവീഴുന്ന സന്ദർഭത്തിലാണ് നാം സ്വാതന്ത്ര്യത്തിന്റെ 71-ാം പിറന്നാൾ ആഘോഷിക്കുന്നത്.

വസ്ത്രവും ഭക്ഷണവും പാർപ്പിടവും തന്നെയാണ് ജനാധിപത്യത്തിന്റെ യഥാർത്ഥ അടിത്തറ. വിദ്യാഭ്യാസവും പൗരസ്വാതന്ത്ര്യവും അടക്കം ഉള്ളവയെല്ലാം ആ അടിത്തറയിൽ കെട്ടിപ്പടുക്കപ്പെടുന്നവയാണ്. എങ്കിൽ മാത്രമേ അവ ശാശ്വതമായി നിലനിൽക്കുകയുള്ളൂ. 70 കൊല്ലത്തെ സ്വതന്ത്ര ഇന്ത്യയുടെ ബാക്കിപത്രമെടുക്കുമ്പോൾ അമ്പരപ്പിക്കുന്ന സാമ്പത്തിക അന്തരമാണ് പ്രകടമാകുന്നത്. സ്വതന്ത്ര ഇന്ത്യയുടെ സമ്പത്തിലെ 53 ശതമാനം ജനസംഖ്യയിലെ ഒരു ശതമാനം ആൾക്കാർ കൈയടക്കിവച്ചിരിക്കുന്നുവെന്നാണ് ഏറ്റവും ഒടുവിൽ പുറത്തുവന്ന പഠനങ്ങൾ വ്യക്തമാക്കുന്നത്. സമ്പത്തിന്റെ വിതരണത്തിൽ സംഭവിച്ച ഗുരുതരമായ പാളിച്ചയാണ് ഇത് വെളിവാക്കുന്നത്. സാമ്പത്തിക ജനാധിപത്യമെന്ന സങ്കല്പത്തെപ്പോലും അധികാരം കൈയാളിയവർ ഭയപ്പെട്ടു. ജനാധിപത്യമെന്നാൽ അഞ്ചുകൊല്ലം കൂടുമ്പോഴുള്ള വോട്ടു മാത്രമാണെന്ന് അവർ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. വോട്ടവകാശം നിഷേധിക്കാനാവാത്ത ജനാധിപത്യ അവകാശം തന്നെയാണ്. ജാതിയും മതവും വർഗീയതവും കൈയൂക്കും പണക്കൊഴുപ്പും എല്ലാം ചേർന്നാണ് തെരഞ്ഞെടുക്കപ്പെട്ട ഭരണത്തെ വികൃതമാക്കുന്നത് യാദൃശ്ചികമല്ല. ജനാധിപത്യം പണാധിപത്യമായി മാറുമ്പോൾ ജനങ്ങളുടെ താൽപ്പര്യം ചവച്ചുകുട്ടയിൽ വീഴുകയും ലാഭക്കൊതിയുടെ താൽപ്പര്യം അധികാരത്തിലേറുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അമേരിക്കയിൽ 'ഒക്കൂപ്പൈ വാൾ സ്ട്രീറ്റ്' (Occupy Wall Street) പ്രക്ഷോഭണമുണ്ടായപ്പോൾ ജനങ്ങൾ വിളിച്ച മുദ്രാവാക്യം ഓർക്കുന്നില്ലേ? "ഞങ്ങൾ 99 ശതമാനം നിങ്ങളോ ഒരു ശതമാനം മാത്രം!" 99 ശതമാനത്തിന്റെ അവകാശങ്ങൾക്കുമേൽ കേവലം ഒരുശതമാനം നടത്തുന്ന തേർവാഴ്ചയാണ് അവിടെ ചോദ്യം ചെയ്യപ്പെട്ടത്. 2017 ജൂലൈ ആദ്യവാരം ജർമ്മനിയിൽ ജി-20 ഉച്ചകോടി നടന്ന പട്ടണത്തിലുണ്ടായ പ്രതിഷേധ പ്രകടനങ്ങളിൽ മുഴങ്ങിയത് സമാനമായ മുദ്രാവാക്യങ്ങളാണ്. അവയെല്ലാം വ്യക്തമാക്കുന്നത് ജനഹിതവും പണാധിപത്യവും തമ്മിൽ ഉയർന്നുവരുന്ന വൈരുധ്യമാണ്. മുതലാളിത്വത്തിന്റെ ശൈശവത്തിൽ വ്യാവസായിക വിപ്ലവത്തെ തുടർന്ന് ആധുനിക മൂലധനം പിച്ചവയ്ക്കാൻ തുടങ്ങിയപ്പോൾ അതിന്റെ ആർത്തിയെക്കുറിച്ച് മാർക്സ് എഴുതിയത് ഇങ്ങനെയാണ്,

"പ്രകൃതി ഒരു ശൂന്യതയെ വെറുക്കുന്നുവെന്ന് മുമ്പ് പറഞ്ഞതുപോലെ മൂലധനം ഒരു ലാഭത്തെയും ഒരു ചെറിയ ലാഭത്തെപ്പോലും കൈവിടുകയില്ല. മതിയായ ലാഭമുണ്ടെങ്കിൽ, മൂലനം വളരെ ധീരമായിരിക്കും. ഒരു പത്തുശതമാനം ലാഭം എവിടെയും അതിന്റെ സാന്നിധ്യം ഉറപ്പാക്കും. 20 ശതമാനം അതിന്റെ ആകാംഷ വളർത്തും. 50 ശതമാനം ക്രിയാത്മകമായ സാഹസികതയാണ്. നൂറുശതമാനം എല്ലാ മാനുഷിക നിയമങ്ങളെയും ചവിട്ടിമെതിക്കുന്നതിന് അതിനെ സന്നദ്ധമാക്കും. ലാഭം 300 ശതമാനമാകുമെങ്കിൽ അത് ചെയ്യാൻ മടിക്കാൻ ഒരു കുറ്റകൃത്യവുമുണ്ടാകില്ല. സ്വന്തം ഉടമസ്ഥർ തൂക്കിലേറ്റപ്പെടുന്നതിന് പോലും സാധ്യതയുള്ള സാഹസിക പ്രവൃത്തികൾ അപ്പോൾ അത് ഏറ്റെടുക്കാതിരിക്കില്ല. കലഹങ്ങളും സംഘടനകളും ലാഭമുണ്ടാക്കുമെങ്കിൽ അവ രണ്ടിനെയും അത് കൈയയച്ച് പ്രോത്സാഹിപ്പിക്കും. കള്ളക്കടത്തും അടിമവ്യാപാരവും തെളിയിക്കുന്നത് ഇവിടെ പ്രസ്താവിച്ചതെല്ലാം അക്ഷരം പ്രതി ശരിയാണെന്നാണ്. *(വാല്യം 1 അദ്ധ്യായം 31)*

വർഷങ്ങൾക്കിപ്പുറം മൂലധനം എൽപിജി (ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ) യുഗത്തിൽ ഭ്രാന്തുപിടിച്ച് പരക്കംപായുകയാണിപ്പോൾ. ആ പരക്കംപാച്ചിലിലെ പ്രത്യാഘാതങ്ങളെപ്പറ്റി ഉത്കണ്ഠപൂണ്ടവരും മുതലാളിത്തപക്ഷവാദികളും ഏറെയുണ്ട് എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ജോർജ്ജ് സോറസ് എന്ന വൻകിട ബിസിനസുകാരനായ ചിന്തകൻ കുറെ വർഷങ്ങൾക്കിപ്പുറം എഴുതിയ പുസ്തകത്തിന്റെ തലക്കെട്ടുതന്നെ Crisis of Global Capitalism' (ആഗോള മൂലധനത്തിന്റെ പ്രതിസന്ധി) എന്നാണ്.

ലാഭാർത്തിപൂണ്ട മൂലധനം മനുഷ്യനും പ്രകൃതിക്കും നേരെ നടത്തുന്ന കടന്നാക്രമണത്തെക്കുറിച്ച് ഈ കാലഘട്ടത്തിൽ ഏറ്റവും ശക്തമായി വിരൽചൂണ്ടിയ മഹാനായ മനുഷ്യസ്നേഹിയാണ് ഫ്രാൻസിസ് മാർപാപ്പ.

'അങ്ങേയ്ക്കുസ്തുതി' (Laudato Si')



എന്ന ചാക്രിക ലേഖനത്തിൽ മാർപാപ്പ ഇങ്ങനെ എഴുതുന്നു. ലാഭത്തിൽ വർധനവ് വരുത്തിയാൽ മാത്രം മതി, പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് നിർദ്ദേശിക്കുന്ന വിപണിയെക്കുറിച്ചുള്ള ഒരുതരം ജാലവിദ്യാപരമായ സങ്കല്പം നാം ഒരിക്കൽക്കൂടി തള്ളിക്കളയണം. ലാഭം പരമാവധി വർധിപ്പിക്കുന്നതിനെക്കുറിച്ച് അമിത വ്യഗ്രത പുലർത്തുന്നവർ പാപി തലമുറയ്ക്കായി അവശേഷിപ്പിച്ച് പോകുന്ന പാരിസ്ഥിതിക വിനാശങ്ങൾ അവസാനിപ്പിക്കുന്നതിനെക്കുറിച്ചും ചിന്തിക്കും എന്ന പ്രതീക്ഷ യാഥാർത്ഥ്യത്തിന് നിരക്കുന്നതാണോ? ലാഭം മാത്രം കണക്കാക്കപ്പെടുന്നിടത്ത്; പ്രകൃതിയുടെ താളത്തെക്കുറിച്ച്, ക്ഷയിച്ചുപോകുന്നതും നാശോന്മുഖവുമായ അതിന്റെ അവസ്ഥയെക്കുറിച്ച്, മനുഷ്യന്റെ ഇടപെടൽകൊണ്ട് ഗുരുതരമാംവിധം താറുമാറാക്കപ്പെടുന്ന പാരിസ്ഥിതിക സങ്കീർതകളെക്കുറിച്ച് ഒന്നുമുള്ള ചിന്ത ഉണ്ടാകാനിടയില്ല."

നവലിബറലിസം എന്നുവിളിക്കപ്പെട്ട കമ്പോള മൗലികവാദ ചിന്തകൾ ലോകത്തെവിടെയും ജനാധിപത്യത്തെയും മനുഷ്യാവകാശങ്ങളെയും വെല്ലുവിളിക്കുക. അതിന്റെ ഫലമായി വംശീയവിദ്വേഷങ്ങളും വർഗീയ കലാപങ്ങളും അഭയാർത്ഥി പ്രവാഹങ്ങളുമെല്ലാം ലോകരാഷ്ട്രീയത്തിന്റെ ഏടുകളിൽ ഇന്ന് കണ്ണീരും ചോരയും വീഴ്ത്തിക്കൊണ്ടിരിക്കുന്നു. വിഭവങ്ങളുടെ അഭാവമല്ല, വിതരണത്തിലെ അനീതികളാണ് അസമത്വങ്ങൾക്ക് വളംവയ്ക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാക്കാനും നീതിയുടെ അടിത്തറയിൽ പുതിയ ജീവിതം കെട്ടിപ്പടുക്കണമെന്നും ജനങ്ങൾ കൊതിക്കുന്നുണ്ട്. അതാണ് ജനഹിതം. അത് പരിപാലിക്കപ്പെടുക എന്നതാണ് യഥാർത്ഥ ജനാധിപത്യം. ശാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാന ജേതാവായ അമർത്യാസെന്നിനെ പോലുള്ളവർ ഈ ഘട്ടത്തിലേക്ക് വിരൽചൂണ്ടിയവരാണ്. രാഷ്ട്രീയ കൗശലങ്ങളുടെ പാത പിൻപറ്റുന്ന അധികാരവർഗം ഇത്തരം പ്രശ്നങ്ങളോട് എന്നും എവിടെയും ഭയപ്പാട് പുലർത്തിയിട്ടുണ്ട്. അവരുടെ പ്രവർത്തനശൈലി ഭീരുത്വവും ധിക്കാരവും നിറഞ്ഞതായിരിക്കും.

ഈ അടുത്തകാലത്താണ് അമർത്യാസെന്നിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയിൽ ഗുജറാത്ത്, പശു തുടങ്ങിയ വാക്കുകൾ ഉണ്ടായിക്കൂടെന്ന് ഇന്ത്യയിലെ ഫിലിം സെൻസർബോർഡ് വിലക്ക് പ്രഖ്യാപിച്ചത്. ഫിലിം സെൻസറിംഗിന്റെ മാത്രം പ്രശ്നമല്ല. ജനാധിപത്യം ഭക്ഷണത്തിനും വേഷത്തിനും ഭാഷയ്ക്കും സംസ്കാരത്തിനും എല്ലാം ബാധകമായ മഹത്തായ പരികൽപ്പനയാണ്. അതിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മാനങ്ങൾ സമൂഹത്തിന്റെ വളർച്ചയുടെ അളവുകോലാണ്. ചത്ത പശുവിന്റെ പേരിൽ ജീവനുള്ള ദളിതരുടെ തൊലി തല്ലിപ്പൊളിക്കുമ്പോഴും പശു ഇറച്ചിയുടെ പേരിൽ നിരപരാധികൾ നിരന്തരം വേട്ടയാടപ്പെടുമ്പോഴും ദേവാലയങ്ങളുടെ പേരിൽ വിശ്വാസികൾ തമ്മിലടിക്കാൻ നിർബന്ധിക്കപ്പെടുമ്പോഴും പരസ്പരം സംസാരിച്ചതിന്റെ പേരിൽ യുവതീയുവാക്കൾ ആക്രമിക്കപ്പെടുമ്പോഴും ഇഷ്ടപ്പെട്ട വസ്ത്രം ധരിച്ചതിന് സ്ത്രീകൾ അവഹേളിക്കപ്പെടുമ്പോഴും ഒറ്റപ്പെട്ട സംഭവങ്ങളായി അവയെ കാണുന്ന ചിലരുണ്ട്. എന്നാൽ വംശമേധാവിത്വ ചിന്തകളും അത് ജന്മംകൊടുത്ത അസഹിഷ്ണുതയും രാഷ്ട്രീയ അധികാരത്തിന്റെ അടിത്തറയാകുമ്പോൾ ഉണ്ടാകുന്ന സ്ഥിതിവിശേഷം അങ്ങേയറ്റം അസ്വാസ്ഥ്യജനകമാണ്. അത് ദളിതരും ന്യൂനപക്ഷങ്ങളും പാവപ്പെട്ടവരും മഹാഭൂരിപക്ഷമാകുന്ന സമൂഹത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഭയത്തിന്റെ അന്തരീക്ഷമുണ്ട്. ആ ഭയത്തിന്റെ തണലിലൂടെയാണ് ഫാസിസം എവിടെയും പിടിമുറുക്കിയിട്ടുള്ളത്. ജനാധിപത്യത്തോടും അത് മുൻവയ്ക്കുന്ന സാമൂഹ്യ മുന്നേറ്റത്തോടും ഫാസിസത്തിന് ഒരേ സമയം പകയും ഭയവുമാണ്. ആക്രമാസക്തമായ വർഗീയതയിലൂടെയാണ് അത് പുറത്തുചാടുന്നത്.


ഇന്നത്തെ സാഹചര്യങ്ങളിൽ ജനാധിപത്യം സംരക്ഷിക്കാനുള്ള സമരമെന്നാൽ സാമ്പത്തിക-അസമത്വങ്ങൾക്കെതിരായ സമരമെന്നും മതനിരപേക്ഷത കാത്തുപുലർത്താനുള്ള പോരാട്ടമെന്നുംകൂടി അർത്ഥമുണ്ട്. അത് തിരിച്ചറിയാനും പ്രാവർത്തികമാക്കാനും കഴിയുക എന്നതാണ് ഇന്ത്യയെ സ്നേഹിക്കുന്ന എല്ലാവരും ഇന്ന് നേരിടുന്ന വെല്ലുവിളി. ■






നമ്മുടെ നാട് വൈദേശിക അടിമത്വത്തിന്റെ നാല് നൂറ്റാണ്ടുകൾ പിന്നിട്ടശേഷം സ്വാതന്ത്ര്യത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ അയവിറക്കുന്ന നാളാണല്ലോ ആഗസ്റ്റ് 15. അടിമത്വം എന്നും മനുഷ്യസമൂഹത്തിന് വേദനിപ്പിക്കുന്ന ഓർമ്മകളാണ് കാഴ്ചവയ്ക്കുന്നതെങ്കിൽ സ്വാതന്ത്ര്യം മനുഷ്യചിന്തകളിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും സ്മരണകൾ ഉദ്ദീപിപ്പിക്കുന്നു. അടിമത്വം അന്ധകാരത്തെ പ്രതിനിധാനം ചെയ്യുമ്പോൾ സ്വാതന്ത്ര്യമെന്നും മനുഷ്യനെ വെളിച്ചത്തിൽ എത്തിക്കുന്നു. ലോകമെമ്പാടുമുള്ള മാനവരാശിയുടെ ചരിത്രവും ഇതു തന്നെ തെളിയിക്കുന്നു. ചരിത്രത്തിന്റെ ഇടനാഴികകളിൽ നിരവധി യുദ്ധങ്ങൾ തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടി കുറിക്കപ്പെട്ടിട്ടുണ്ട്. ചരിത്രത്തിൽ ഇടം നേടിയ വിപ്ലവങ്ങളുടെ വിപ്ലവമെന്ന് അറിയപ്പെടുന്ന ഫ്രഞ്ച് വിപ്ലവം മുതൽ ലോകത്തിലിന്നോളം അരങ്ങേറിയ മറ്റെല്ലായുദ്ധങ്ങളും ഒരു തലത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യവുമായി കെട്ടുപിണഞ്ഞ് കിടക്കുന്നവയാണ്. ഈയൊരു പശ്ചാത്തലത്തിൽ മാനവ സമൂഹത്തിന്റെ ഭാഗമായ ക്രൈസ്തവരുടെ സ്വാതന്ത്ര്യദർശനം എന്താവണമെന്നത് ചിന്തനീയമാണ്.

സ്വാതന്ത്ര്യത്തിന്റെ ക്രൈസ്തവ ദർശനം വളരെ ആഴത്തിൽ വെളിവാക്കപ്പെടുന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ നിന്നു തന്നെ തുടങ്ങാം: "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടി



# ത്തിന്റെ ക്രൈസ്തവ ദർശനം


രിക്കുന്നത്; ഭൗതികസുഖത്തി നുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നു മാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ. എന്തെന്നാൽ, നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കൽപനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു" (ഗലാ 5:13-14). ഒറ്റനോട്ടത്തിൽ ഭൗതീകമായ സ്വാതന്ത്ര്യത്തിൽ നിന്നും വ്യത്യസ്ഥമാണ് വേദഗ്രന്ഥങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ കണ്ടെത്തുന്ന മനുഷ്യന്റെ ആത്മീയ സ്വാതന്ത്ര്യമെന്ന് തോന്നുമെങ്കിലും പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അവയെ ഒട്ടുമേ വേർതിരിക്കുന്നില്ല. സ്വാതന്ത്ര്യം അതിന്റെ അടിസ്ഥാന ശിലയിൽ നന്മയോടുള്ള മനുഷ്യന്റെ ആഭിമുഖ്യമാകണം എന്ന് അപ്പസ്തോലൻ പറഞ്ഞുവയ്ക്കുന്നു. ദൈവം മനുഷ്യന് സമ്മാനിച്ചിട്ടുള്ള എല്ലാ നിയമങ്ങളുടെയും രത്നചുരുക്കം മനുഷ്യസമൂഹത്തിന്റെ നന്മയാണെന്ന് അപ്പസ്തോലൻ മേൽ ഉദ്ധരിച്ച വാക്യങ്ങളിലൂടെ സഭാ സമൂഹത്തെ ഉദ്ബോധിപ്പിക്കുന്നു. മനുഷ്യന് ദൈവത്തോടുള്ള സ്നേഹം എത്രമാത്രം വിലപ്പെട്ടതാണോ, അത്രത്തോളം വിലപ്പെട്ടതുതന്നെയാണ് അവന് സഹോദരനോടുള്ള സ്നേഹവും (മർക്കോ 12:29-31). ചുരുക്കത്തിൽ, മനുഷ്യ നന്മയ്ക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പാണ് സ്വാതന്ത്ര്യം. അങ്ങനെയെങ്കിൽ, സ്വാതന്ത്ര്യത്തിന്റെ ഭൗതീകചിന്തയും ആത്മീയ ചിന്തയും സ്വാതന്ത്ര്യത്തിന്റെ ക്രൈസ്തവ ദർശനത്തിൽ സമന്വയിക്കപ്പെടുന്നു.

മാനവ സമൂഹത്തിന്റെ ഇന്നത്തെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തയിൽ സ്വാർത്ഥതയുടെയും സങ്കുചിതമനോഭാവത്തിന്റെയും പൊടിപടലങ്ങൾ കണ്ടെത്തുവാൻ കഴിയും. എല്ലാവിധ ബന്ധനങ്ങളിൽ നിന്നും സ്വാതന്ത്ര്യം കാംക്ഷിക്കുന്ന ഒരു പുതിയ തലമുറ സ്വാതന്ത്ര്യത്തെ തങ്ങൾക്കിഷ്ടമുള്ള രീതിയിൽ നിർവ്വചിക്കാൻ ശ്രമിക്കുന്നു. അപ്രകാരം ബന്ധങ്ങളിൽ നിന്ന് പോലും സ്വാതന്ത്ര്യം പ്രാപിക്കാൻ യത്നിക്കുന്ന ഒരു വിഭാഗത്തെ ഇവിടെ കണ്ടെത്താൻ കഴിയുന്നു. ശിഥിലമായ കുടുംബബന്ധങ്ങളും യാഥാർത്ഥ്യത്തിൽ നിന്നുള്ള ഓടിയൊളിക്കലും താല്കാലിക സുഖഭോഗങ്ങളും അവിശ്വസ്തതയും ഒക്കെ സ്വാതന്ത്ര്യത്തെ വ്യക്തി സ്വാതന്ത്ര്യത്തിന്റെ വരുതിയിൽ ഉൾപ്പെടുത്തുന്നതിന്റെ അനന്തരഫലങ്ങളാണ്.

സ്വാതന്ത്ര്യമെന്ന പദത്തെ വികലമായി ചിത്രീകരിച്ച് മുന്നോട്ടുനീങ്ങുന്ന ചില കാഴ്ചകളും ഇന്നിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടിവരുന്നു. ഭൂരിപക്ഷ സമൂഹം തങ്ങളുടെ തത്വസംഹിതകൾ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ന്യൂനപക്ഷത്തിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന കാഴ്ചകളും വിരളമല്ല. വ്യക്തിപരമായി മനുഷ്യൻ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ചില മേഖലകളുണ്ട്. ഭക്ഷണവും വസ്ത്രധാരണവും മതസ്വാതന്ത്ര്യവും ഭാരതത്തിന്റെ ലിഖിത ഭരണഘടന വാഗ്ദാനം ചെയ്യുമ്പോൾ പോലും ഭൂരിപക്ഷ ബലത്തിൽ ഇവ തകർക്കപ്പെടുന്നു. വീണ്ടും ഉപയോഗിക്കുന്നതിനാൽ ക്രൈസ്തവ ദൈവാലയങ്ങളെ ആരാധനാലയങ്ങളായി കണക്കാക്കരുതെന്നും, ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യനെ ചിലമൃഗങ്ങൾക്കും താഴെ കുടിയിരുത്തുന്നതിനും വേണ്ടി സ്വാതന്ത്ര്യത്തെ വികലമായി വ്യാഖ്യാനിക്കുന്നു. "കുടുംബങ്ങളുടെ അടുക്കളയിൽ എത്തിനോക്കുന്ന രാഷ്ട്രീയ സംവിധനങ്ങൾ" ന്യൂനപക്ഷങ്ങളെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്ന സ്ഥാപിത താല്പര്യങ്ങളും സ്വാതന്ത്ര്യമെന്ന പകൽ വെളിച്ചത്തെ മറയ്ക്കുവാൻ ശ്രമിക്കുന്നു.

ആത്യന്തികമായി, നന്മ തിരഞ്ഞെടുക്കുവാനുള്ള മനുഷ്യന്റെ പ്രയത്നമാണ് സ്വാതന്ത്ര്യം. ഏദൻ തോട്ടത്തിൽ നന്മ തിരഞ്ഞെടുക്കാതെ പോയ ആദിമ മാതാപിതാക്കളും (ഉത്പ 3:1-13) സഹോദരന്റെ കൊലപാതകം തിരഞ്ഞെടുത്ത കായേനും (ഉത്പ 4:8-16) സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്ന് ഏറെ അകലേയാണ്. ദൈവത്തോടുള്ള സ്നേഹവും സഹോദരനോടുള്ള കടപ്പാടും ഇഴചേർന്ന് കിടക്കുന്ന ദൈവകല്പനയുടെ സാരാംശം തിരഞ്ഞെടുക്കുക എന്നതാണ് സ്വാതന്ത്ര്യത്തിന്റെ ക്രൈസ്തവദർശനം. നല്ല സമറിയാക്കാരന്റെ മനോഭാവവും (ലൂക്ക 10:25-37 ) തനിക്കു മുമ്പിൽ കാണപ്പെടുന്ന സഹോദരനാണ് ദൈവമെന്നതും ക്രൈസ്തവ സ്വാതന്ത്ര്യ ദർശനത്തിന്റെ ഭാഗമാണ്. മാനവികതയോടുള്ള കടപ്പാടും ദൗത്യവും ഒരു മനുഷ്യനെ സ്വാതന്ത്ര്യത്തിലൂടെ പൂർണ്ണതയിലേക്ക് വളർത്തുന്നു. അഥവാ മനുഷ്യജന്മത്തിന്റെ പൂർണ്ണത പരസ്നേഹത്തിന്റെ അടിത്തറയിലാണ്. ഈ പരസ്നേഹം സ്വയം തിരഞ്ഞെടുക്കുമ്പോഴാണ് ദൈവം വിഭാവന ചെയ്യുന്ന സ്വാതന്ത്ര്യം അതിന്റെ പൂർണമായ അർത്ഥത്തിൽ നിറവേറപ്പെടുന്നത്. "എല്ലാ മനുഷ്യരുടെയും സമഗ്രതയിലാണ് ദൈവമഹത്വം അടങ്ങിയിരിക്കുന്നത്" (വിശുദ്ധ ഐറേനിയൂസ്). എവിടെ മനുഷ്യൻ മുറിവേൽക്കപ്പെടുന്നുവോ അവിടെ മനുഷ്യൻ സ്വാതന്ത്ര്യം അനുഭവിക്കുന്നില്ല. പാർശ്വവത്കരിക്കപ്പെടുന്ന നിരവധി മനുഷ്യജന്മങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നമുക്കിന്ന് കാണുവാൻ കഴിയും. അടിമത്വത്തിന്റെ ഇരുട്ടറകളിലേക്ക് ദിനംപ്രതി നയിക്കപ്പെടുന്ന ജനസമൂഹവും ഇന്ന് നമുടെ മുന്നിലുണ്ട്. ഈ സ്ഥിതി വിശേഷം നിലനില്ക്കുന്നിടത്തോളം കാലം സ്വാതന്ത്ര്യത്തിന്റെ മധുരം നുണയാൻ മാനവരാശിക്ക് കഴിയില്ല. ■

# മറക്കരുത്... അമ്മയെന്ന പുണ്യത്തെ



എന്താ മക്കളേ അവിടെ ഒരു ബഹളം...? എന്റെ ഈശ്വരാ ഇവറ്റകളെക്കൊണ്ടു ഞാൻ മടുത്തു. മുറ്റത്തെ വഴക്കുകേട്ട് അവശതയോടെ ബെഡിൽ നിന്നും എണീക്കാൻ ശ്രമിക്കുന്ന അമ്മയുടെ അടുത്തേക്ക് നടുഭാഗം കീറി നനഞ്ഞ ചുരുദാറുമായി ഇളയമകൾ കടന്നുവന്നു. ദേഷ്യത്തോടെ ചുരിദാർ കട്ടിലിലേക്ക് എറിഞ്ഞുകൊണ്ട് അവൾ പറഞ്ഞു: "കണ്ടോ ഇത് കാണിച്ചുവച്ചിരിക്കുന്നത്. അമ്മയല്ലേ അവനോട് ഇത് അലക്കാൻ പറഞ്ഞത്?

അവളെ പിടിച്ചുതള്ളിക്കൊണ്ട് മകൻ പറഞ്ഞു: "എന്നാൽ പിന്നെ നിനക്കങ്ങട് ചെയ്തുകൂടായിരുന്നോ....?"

"വഴക്കുകൂടല്ലേ മക്കളേ.... അമ്മയ്ക്ക് ഒന്ന് സുഖമായിക്കോട്ടെ. ശരിയാക്കിത്തരാം. അമ്മേടെ കുട്ടി പാത്രം കഴുകി കഴിഞ്ഞോടീ....?"

"കുന്താം... അമ്മയ്ക്ക് എന്റെ മൂവായിരം രൂപയുടെ ചുരുദാറ് കീറിയതല്ല പ്രശ്നം. പാത്രം കഴുകാഞ്ഞതാ... കഴുകില്ല ഞാൻ..." അവൾ ചവിട്ടിക്കുലുക്കി നടന്നുപോയി.

അമ്മ മെല്ലെ ചുവരിൽ പിടിച്ച് എണീക്കാൻ ശ്രമിക്കവേ, അടുക്കളയിൽ നിന്നൊരു കരച്ചിൽ... "അയ്യോ... മോളേ... എന്തുപറ്റി...? എടാ ഒന്നു പോയി നോക്ക്... എനിക്ക് വയ്യെന്റീശ്വരാ... ഈ കുഞ്ഞുങ്ങൾ എന്തൊക്കെയാണോ ഒപ്പിക്കുന്നത്."

"അമ്മേ... ചേച്ചിയുടെ കൈപൊള്ളി....!!"

"എടാ ഫ്രിഡ്ജീന്ന് ഒരുകഷണം ഐസ് എടുത്തുവച്ചുകൊടുക്കെടാ..."

"വേണ്ട..." (അടുക്കളയിൽ നിന്നും അവളുടെ ഒച്ച ഉയർന്നു.)

"എന്നെക്കൊണ്ടൊന്നും വയ്യ ഉണ്ടാക്കാൻ... വേണെങ്കി വേണ്ടവര് ഉണ്ടാക്കിക്കഴിച്ചോ...."

"അച്ഛാ..... അ.... അച്ഛാ.... ഈ അച്ഛനിതെവിടപ്പോയികിടക്കുവാ....?"

"ഞാനിവിടുണ്ടെടീ..." വിയർത്തു കുളിച്ചവശനായി അച്ഛൻ കടന്നുവന്നു. മുറ്റമെല്ലാം തൂത്തുവാരിയശേഷം അകത്തെ തറകൾ വൃത്തിയാക്കിക്കഴിഞ്ഞുള്ളവരവാണ്. വേദനകൊണ്ട് ചുളിഞ്ഞ മുഖവുമായി കൈയിൽ ഐസ് കഷണം അമർത്തിപ്പിടിച്ചുകൊണ്ടുവന്നു മകൾ: – "ദേ... കണ്ടോ അച്ഛാ... എന്റെ കൈ പൊള്ളിയത്. എനിക്കിനി വയ്യച്ഛാ... ഈ കൈയും വച്ച് ഭക്ഷണമുണ്ടാക്കാൻ... അച്ഛൻ ഹോട്ടലിൽ നിന്നും വാങ്ങിക്കൊണ്ടുവാ...." കട്ടിലിലേക്ക് ചാഞ്ഞുകൊണ്ട് അച്ഛൻ പറഞ്ഞു: "എന്റെ മോളെ അച്ഛന്റെ നടുവൊടിഞ്ഞു... നീ അവനോട് പറ...."


മകൾ: "കിച്ചൂ, എടാ ജോസേ..."

"എന്താടീ കിടന്ന് കാറണത്...."

ഓടിവന്ന അവൻ കാൽവഴുതി തറയിൽ മലർന്നടിച്ചുവീണു.

അമ്മ കരച്ചിലോടെ "മോനേ... വല്ലതും പറ്റിയോടാ... പിടിച്ചെഴുന്നേൽപ്പിക്കാൻ നീട്ടിയ അമ്മയുടെ കൈ തട്ടിമാറ്റി അവൻ അലറി.

"പോ അവിടുന്ന്... അമ്മ ഒറ്റയൊരുത്തിയാ ഇതിനെല്ലാം കാരണം.



അമ്മയ്ക്ക് തലചുറ്റി വീഴാൻ കണ്ട നേരം, അപ്പൻ തറതുടച്ച വെള്ളം മുഴുവൻ അവിടെ കിടക്കുകാ... പിന്നെങ്ങനെ വീഴാതിരിക്കും..."

ഒന്നമ്പരന്ന അമ്മ ഒരാശ്വാസത്തിനായി അച്ഛന്റെ മുഖത്തേക്ക് നോക്കി. "നീ നോക്കേണ്ട, നാളെ ഞാൻ ലീവെടുക്കേണ്ട ഗതികേടിലാ... നീ കാരണം എന്റെ ഒരു ദിവസത്തെ ശമ്പളം പോയി..."

ഭർത്താവിന്റെ കുറ്റപ്പെടുത്തലും മക്കളുടെ ശാപവാക്കുകളുമായപ്പോൾ അവരൊന്നുപുളഞ്ഞു.

"അപ്പോ എന്റെ കൈ പൊള്ളിയതോ?. ഇവളുടെ ചുരുദാർ നാശമാക്കിയതോ? ദേ ഇവന്റെ കൈ ശരിയാക്കാൻ ഇനി എത്രയാണാവോ ആശുപത്രിയിൽ കൊടുക്കേണ്ടത്.... അമ്മയ്ക്ക് ഇപ്പോൾ നല്ല സുഖമാ... വെറുതെ കിടന്നാൽ മതി. ഒന്നും അറിയണ്ടല്ലോ.." മൂത്തമകൾ.

ആ വാക്കുകൾ ഓരോന്നും അമ്മയുടെ നെഞ്ചകം പിളർന്നുകൊണ്ടിരുന്നു. നാലുപേരുടെയും കുറ്റപ്പെടുത്തുന്ന നോട്ടവും ശകാരവാക്കുകളും നേരിടാനാവാതെ അവർ ഒരുനിമിഷം അപരാധിയെപ്പോലെ ആ റൂമിൽ നിന്നും ഇറങ്ങിപ്പോയി. നിമിഷങ്ങൾക്ക് കനംവച്ചുതുടങ്ങിയപ്പോൾ എന്തോ ഒന്ന് മനസ്സിൽ തീരുമാനിച്ചുറപ്പിച്ചതുപോലെ അവർ മുറിയിലേക്ക് തിരിച്ചുവന്ന് ഫോൺ എടുത്ത് ഡയൽ ചെയ്ത് റിസീവർ ചെവിയോടടുപ്പിച്ചു. "രാജീവ് അല്ലേ... അടുക്കളയിൽ സഹായിക്കാൻ ഒരാളെ വേണമെന്ന് നിങ്ങൾ പറഞ്ഞിരുന്നില്ലേ.......................ളെ കിട്ടില്ലേ..... അടുത്തയാഴ്ച ആളു വരുമെന്ന് അവരോട് പറഞ്ഞേക്ക്...."

അച്ഛനും മക്കളും അമ്പരപ്പോടെ പരസ്പരം നോക്കി. "ആളെ എന്തിനാ നീ അറിയുന്നത്. .... നിന്നെ ഏൽപ്പിച്ചപണി ചെയ്താൽ മതി......"

അതുകേട്ട് മക്കൾ, "അമ്മേ...." അവർ ചൂണ്ടുവിരൽ ചുണ്ടിൽച്ചേർത്ത് ശൗര്യഭാവത്തോടെ ശബ്ദിച്ചുപോകരുതെന്നാംഗ്യം കാണിച്ചു. ആ കണ്ണുകൾ അപ്പോൾ വല്ലാത്തൊരു അഗ്നിയെരിയുന്നതുകണ്ട് അയാൾ അമ്പരന്നുപോയി. ഭാര്യയിൽ ഇങ്ങനെയൊരു ഭാവമാറ്റം ഇതിനുമുൻപ് കണ്ടിട്ടില്ല. സഹിക്കാൻ കഴിയാതെ അയാൾ ചോദിച്ചു: "ഭാര്യേ, നീ ഇത് എന്തുവിചാരിച്ചാ...."

"മിണ്ടരുത്.... എന്തേ പൊള്ളിയോ നിങ്ങൾക്ക്. ആരാന്റെ അടുക്കളയിൽ പോയി വല്ലതും വച്ചുണ്ടാക്കി വിളമ്പിക്കൊടുത്താ 200 രൂപയും മൂന്നുനേരം ഭക്ഷണവും കിട്ടും. ഇതുപോലെ കുത്തുവാക്കും കേൾക്കണ്ട...."

അമ്മയുടെ ഭാവമാറ്റം കണ്ട് അച്ഛനും മക്കളും സ്തബ്ധരായി..... അമ്മയുടെ രോഷം അടങ്ങുന്നില്ല. "ഒരു നേരം... ഒരൊറ്റനേരം ഞാനൊന്ന് മുടങ്ങിയപ്പോൾ നിങ്ങൾ പണിയെടുത്തതിന്റെ കണക്ക് നിരത്താൻ തുടങ്ങിയല്ലേ... എല്ലാവരും തളർന്നുപോയി അല്ലേ? പറച്ചിലിന്റെ ശക്തിയിൽ ബാലൻസ് കിട്ടാതെ കിതച്ചുകൊണ്ട് അവർ കട്ടിലിലേക്ക് ഇരുന്നു. " നാളെ ഞാനില്ലെങ്കിൽ നിങ്ങൾ എന്തുചെയ്യും... ആരെ കുറ്റപ്പെടുത്തും....? ആരോടാ നിങ്ങളുടെയൊക്കെ ദേഷ്യം തീർക്കുക...?"

വാക്കുകളോരോന്നും ചങ്കിൽ വന്നുതറച്ചപ്പോൾ അച്ഛനും മക്കളും അപരാധികളെപ്പോലെ തലകുനിച്ച് നിന്നു.

"അപ്പോഴും വന്നേക്കണം, കണക്കുപറയാൻ.... അമ്മയെ അടക്കംചെയ്തിടത്ത് വന്നേക്കണം ശപിക്കാൻ...."

"അമ്മേ... ഞങ്ങൾ.... അറിയാതെ പറഞ്ഞതാണമ്മേ............." മക്കൾ ചുറ്റുംവന്ന് കെട്ടിപ്പിടിച്ചപ്പോൾ അവർ തളർന്നു. ഭർത്താവിന്റെ ദയനീയമായ നോട്ടം കൂടിയായപ്പോൾ അവരുടെ കൺ കോണുകളിൽ തുള്ളികൾ ഉറഞ്ഞുകൂടി.

"നിങ്ങൾ ഈ ചെയ്ത ജോലിയെല്ലാം അമ്മ ഒരൊറ്റ ആളല്ലേ ഇതുവരെ ചെയ്തിരുന്നത്.... ആരോടെങ്കിലും അമ്മ പരാതി പറഞ്ഞോ....? ആരെയെങ്കിലും അമ്മ കുറ്റപ്പെടുത്തിയിട്ടുണ്ടോ...? ഒരാളെങ്കിലും സഹായിച്ചിരുന്നെങ്കിലെന്ന് അമ്മ എത്രതവണ ആശിച്ചിട്ടുണ്ടെന്നറിയാമോ? അമ്മ ചെയ്തതിന്റെ കണക്ക് ഞാൻ എവിടെയും എഴുതിവച്ചിട്ടില്ല. എന്നാലും ചോദിക്കുവാ.... ഒരുവട്ടമെങ്കിലും.... ഒരൊറ്റപ്രാവശ്യമെങ്കിലും ഒരുത്തനെങ്കിലും വന്നൊന്നുതിരക്കിയോ........... അമ്മയ്ക്ക് സുഖമുണ്ടോയെന്ന്.... ഒരുത്തിയെങ്കിലും ചോദിച്ചോ അമ്മേ ഇത്തിരി ചുക്കുകാപ്പി തരട്ടെയെന്ന്....?"

ആർക്കും മറുപടിയില്ലായിരുന്നു.

"അപ്പോൾ നിങ്ങൾക്ക് വേണ്ടത്



അമ്മയെ ആയിരുന്നില്ല. ഒരു വേലക്കാരിയെയായിരുന്നു. (ഭർത്താവിനെ നോക്കി ) "നിങ്ങടെ വസ്ത്രം കഴുകാനും ഭക്ഷണമുണ്ടാക്കി മുമ്പിൽകൊണ്ടുവന്നുതരാനും വീട് വൃത്തിയാക്കാനുമുള്ള ഒരു യന്ത്രമായിരുന്നു ശരിക്കും നിങ്ങൾക്ക് വേണ്ടത്. (നിറകണ്ണുകളോടെ ഭർത്താവിനെ നോക്കി ദയനീയ സ്വരത്തിൽ) ഒരു യന്ത്രമായിരുന്നേൽ നിങ്ങൾ ഇതിലേറെ സ്നേഹിക്കുമായിരുന്നില്ലേ അതിനെ....? അധികം പണിയെടുപ്പിച്ചാൽ അത് കേടുവന്നുപോകുമെന്ന് പേടിയെങ്കിലുമുണ്ടാകുമായിരുന്നില്ലേ...? ഒരു യന്ത്രത്തിന്റെ വിലപോലും തന്നില്ലല്ലോ എനിക്ക്...........?"

അയാൾ അവരുടെ ചുമലിൽ കൈവച്ചു, "പ്ലീസ്...."

ഭർത്താവിന്റെ കണ്ണുകളിലേക്ക് സങ്കടത്തോടെ നോക്കിക്കൊണ്ട് "ഈ വീട്ടിൽ നിനക്കിതിനുമാത്രം എന്തു പണിയാ ഉള്ളതെന്ന് ചോദിച്ചിട്ടില്ലേ നിങ്ങൾ.... ഞാൻ മരിച്ചാൽ എന്നേക്കാൾ ഉത്തരവാദിത്വമുള്ള നൂറ് പെണ്ണുങ്ങളെ കിട്ടുമെന്ന് പറഞ്ഞിട്ടില്ലേ നിങ്ങൾ...?"

അതുകേട്ട് അയാൾ കുറ്റവാളിയെപ്പോലെ തലതാഴ്ത്തിനിന്നു.

മക്കൾ: "അമ്മ.... സോറി അമ്മേ...."

മോളുടെ കവിളിൽ തലോടിക്കൊണ്ട് അമ്മ, "മോളുടെ ചെറുപ്രായത്തിൽ നിന്നെയും ഒക്കത്തെടുത്തായിരുന്നു അമ്മ ഈ വീട്ടിലെ എല്ലാ ജോലിയും ചെയ്തിരുന്നത്. ഒരു പ്രാവശ്യമൊന്ന് ഭക്ഷണമുണ്ടാക്കിയപ്പോൾ എന്റെ മോൾ അമ്മയെ ശപിച്ചു. അമ്മയുടെ കൈ പൊള്ളിയത് മോൾ കണ്ടിട്ടുണ്ടോ? അടുപ്പിലൂതി അമ്മയുടെ കണ്ണുനിറയുന്നത് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ എന്റെ മോൾ. ഒരു വട്ടം ചോറിൽ നിന്നും അമ്മയുടെ മുടികിട്ടി എന്നുപറഞ്ഞ് ആ ചോറ് വലിച്ചെറിഞ്ഞതോർമ്മയുണ്ടോ അമ്മയുടെ ഈ കുട്ടിക്ക്...? ആ ചോറുണ്ടാക്കാൻ അക്കാലത്ത് അമ്മ നാലുമണിക്ക് എഴുന്നേൽക്കണം... ആ പാത്രം അമ്മ കഴുകിവയ്ക്കുന്നത് രാത്രി 11 മണിക്കാണ്. അമ്മ വെറും അഞ്ചുമണിക്കൂർ ഉറങ്ങിയാൽമതിയെന്ന് നിങ്ങളെല്ലാവരും കൂടി തീരുമാനിച്ചപ്പോൾ അമ്മ തലചുറ്റിവീണു. അതല്ലേ, അമ്മ ചെയ്ത തെറ്റ്...?"

(ഇളയമകളോട്) മൂവായിരം രൂപയുടെ ചുരിദാറിന്റെ തുമ്പൊന്നുവിട്ടപ്പോൾ മോളത് അമ്മയുടെ നേർക്കെറിഞ്ഞു... അമ്മയുടെ മോൾ എപ്പോഴെങ്കിലും ഒന്നുനോക്കിയിട്ടുണ്ടോ അമ്മയുടെ നിറംമങ്ങിയ സാരിയിലേക്ക്....? അമ്മയുടെ കുപ്പായം പിഞ്ചിക്കീറിയത് കണ്ടിട്ടുണ്ടോ മോൾ..? (ഉള്ളിലെ വിതുമ്പൽ അടക്കിക്കൊണ്ട്) നാളെ നിങ്ങളും അമ്മമാരാകും. അപ്പോഴേ നിങ്ങൾക്ക് ഈ അമ്മയുടെ വിഷമം മനസ്സിലാകൂ.... എന്നെ നിങ്ങൾ ഒരു അമ്മയായി കാണേണ്ട.... പക്ഷെ ഒരു മനുഷ്യജീവിയായെങ്കിലും കണ്ടുകൂടേ... അമ്മയുടെ അപേക്ഷയായി കണ്ടാൽമതി. മുഴുമിപ്പിക്കാൻ കഴിയാതെ അവർ വിതുമ്പി. ആ വാക്കുകൾ താങ്ങാൻ കഴിയാതെ മക്കൾ കരച്ചിലോടെ അമ്മയുടെ വാ പൊത്തി.

"അമ്മേ.... ഇല്ലമ്മേ... ഞങ്ങളിനി ഞങ്ങളുടെ അമ്മയെ കുറ്റപ്പെടുത്തില്ല. ഞങ്ങൾ അറിയാണ്ട് പറഞ്ഞതാണമ്മേ... സാരമില്ലമ്മേ..." മക്കൾ അമ്മയെ കെട്ടിപ്പിടിച്ച് കഴിഞ്ഞപ്പോൾ അച്ഛൻ പശ്ചാത്താപം കൊണ്ട് വീർപ്പുമുട്ടുന്നത് കാണാമായിരുന്നു.

അവരൊന്ന് സങ്കടപ്പെട്ടപ്പോൾ അമ്മ പക്ഷെ, അവരെക്കാൾ ഉരുകിപ്പോയി... അതാണ് അമ്മ....!! അമ്മയെന്ന ജന്മം. സ്വയം ജീവിക്കാൻ മറന്ന് ഒരായുഷ്കാലം മുഴുവനും ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിച്ചുതീർക്കുന്ന ജന്മം....!! പത്തുമാസം വയറ്റിലും പിന്നെ ജീവിതം മുഴുവനും ഹൃദയത്തിലും കൊണ്ടുനടക്കുന്ന ജന്മം....!!

നമ്മളൊന്ന് പുറത്തേക്കിറങ്ങുമ്പോൾ പിന്നിൽ പ്രാർത്ഥനയുമായി കണ്ണിൽ നിന്ന് മറയുവോളം നോക്കി നിൽക്കുന്ന, വരാനൊന്നുവൈകിയാൽ അതേ പ്രാർത്ഥനയോടെ വഴിയിലേക്ക് കണ്ണും നട്ടിരിക്കുന്ന ജന്മം. നമ്മുടെ സന്തോഷത്തിലും ദുഃഖത്തിലും കരയാൻ മാത്രം അറിയുന്ന പുണ്യം. അടുക്കളഭൂതം എന്നും ജീവനുള്ള സിസി ടിവിയെന്നും ഒക്കെ നമ്മൾ കളിയാക്കിവിളിക്കാറുള്ള ശല്യം...!! കാത്തുസൂക്ഷിച്ചോളൂ, കൊടുക്കാൻ ബാക്കിവച്ച സ്നേഹമൊക്കെ കൊടുത്തുവീട്ടിക്കോളൂ... നഷ്ടപ്പെടുംമുൻപ്.

അമ്മയുള്ളവീട് സ്വർഗമാണ്... ഇനി ആ സ്വർഗത്തിൽ ഒരു പൂന്തോട്ടം പണിയണം.. ആഴ്ചയിലൊരിക്കൽ എല്ലാവരും ചേർന്ന് വീടൊന്നുവൃത്തിയാക്കിനോക്കൂ.. വസ്ത്രം കഴുകാൻ എല്ലാവരുമൊന്നു സഹായിച്ചുനോക്കൂ... ഭക്ഷണം കഴിച്ച പാത്രങ്ങൾ എല്ലാവരും ചേർന്ന് കഴുകിനോക്കൂ... ഔട്ടിംഗിന് പോകാതെ മൊബൈൽ ഫോണും ടി.വിയും ഓഫ് ചെയ്ത് എല്ലാവരും ഒന്നിച്ചിരുന്ന് സംസാരിച്ചുനോക്കൂ... ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കൂ. നിങ്ങളുടെ വീട് സ്വർഗമാകും. എല്ലാറ്റിനേക്കാളും ആസ്വാദ്യമയിരിക്കുമത്. ബന്ധത്തിന്റെ ആഴവും തീവ്രതയും കൂടുന്നത് കാണാം.... ഒന്ന് ശ്രമിച്ചുനോക്കൂ.

*(സോഷ്യൽ മീഡിയയോട് കടപ്പാട്)*

# ലോകജനസംഖ്യ പെരുകുന്നു

**ജൂലൈ 11 ഒരു ജനസംഖ്യാദിനം കൂടികടന്നുപോയി... ലോകജനസംഖ്യ 751,66,66,435 കടന്നു. ഇന്ത്യയിൽ 134 കോടിയും കേരളത്തിൽ 4.45 കോടിയുമായി ജനസംഖ്യ. 2017 ജൂലൈ 7 ലെ പോപ്പുലേഷൻ ക്ലോക്കനുസരിച്ചാണ് ഈ കണക്ക്.**

## കാനേഷുമാരി

ജനസംഖ്യാ കണക്കെടുപ്പ് കാനേഷുമാരി എന്നറിയപ്പെടുന്നു. പേർഷ്യൻ ഭാഷയിൽ നിന്ന് കടംകൊണ്ട കാനേഷുമാരി എന്ന വാക്ക് സെൻസസിനെക്കുറിക്കാനാണ് ഉപയോഗിക്കുന്നത്. വീട് എന്നർത്ഥമുള്ള ഖനേം എന്ന വാക്കും കണക്കെടുക്കൽ എന്നർത്ഥം വരുന്ന ഷൊമാരെ എന്ന വാക്കും കൂടിച്ചേർന്നാണ് കാനേഷുമാരിയുടെ പിറവി. കാനേഷുമാരിയിലൂടെ ലഭിക്കുന്ന വിവരങ്ങൾ, തെരഞ്ഞെടുപ്പ് പ്രക്രിയ, ധനകാര്യാസൂത്രണം, വ്യവസായിക ആവശ്യങ്ങൾ, ഗവേഷണം തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്നു. അഞ്ച് അല്ലെങ്കിൽ പത്തുവർഷത്തിലൊരിക്കലാണ് കാനേഷുമാരി നടത്തപ്പെടുക. 1861 മുതലാണ് രാജ്യത്ത് ഒരേ സമയം സെൻസസ് നടത്താനാരംഭിച്ചത്. ഇന്ത്യയുടെ രജിസ്ട്രാർ ജനറൽ കൂടിയായ സെൻസസ് കമ്മീഷണർക്കാണ് ചുമതല. 2011 ൽ നടന്നത് 15-ാമത് സെൻസസാണ്.

## ചൈന ഒന്നാമത്

2015 ലെ ഔദ്യോഗിക കണക്കനുസരിച്ച് ലോകജനസംഖ്യ 734.7 കോടിയാണ്. 2050 ഓടെ ഇത് 990 കോടിയിലെത്തുമെന്നാണ് പോപ്പുലേഷൻ റഫറൻസ് ബ്യൂറോയുടെ 2016 വേൾഡ് പോപ്പുലേഷൻ ഡാറ്റാ ഷീറ്റ് പ്രവചിച്ചത്. ചതുരശ്രകിലോമീറ്ററിലെ ശരാശരി ലോകജനസംഖ്യ 526 ആണ്. ഇത് വികസിത രാജ്യങ്ങളിൽ 239 ഉം അവികസിതരാജ്യങ്ങളിൽ 697 ഉം ആണ്. ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്നത് ചൈനയാണ്. 2016 ലെ കണക്കനുസരിച്ച് ചൈനയിലെ ജനസംഖ്യ 137.80 കോടിയാണ്. തൊട്ടുപിന്നിലുള്ള ഇന്ത്യയിലേത് 132.9 കോടിയും, മൂന്നാംസ്ഥാനത്തുള്ള യുഎസിൽ 32.4 കോടിയും നാലാം സ്ഥാനത്തുള്ള ഇന്തോനേഷ്യയിൽ 25.9 കോടിയും അഞ്ചാമനായ ബ്രസീലിൽ 20.6 കോടിയും ആറാം സ്ഥാനത്തുള്ള പാകിസ്ഥാനിൽ 20.3 കോടിയുമാണ്. 2024 ഓടെ ചൈനയെ പിന്തള്ളി ഇന്ത്യ ജനസംഖ്യയിൽ ഒന്നാമതെത്തിയേക്കുമെന്ന് യുഎൻ റിപ്പോർട്ട് വ്യക്തമാക്കുന്നു. 2023 ആകുമ്പോഴേക്ക് ലോകജനസംഖ്യ 800 കോടിയായി ഉയരുമെന്നും യുഎൻ 2030 ൽ 860 കോടിയും 2050 ൽ 980 കോടിയുമായി വർധിക്കുമെന്നാണ് കണക്കുകൾ പറയുന്നത്. ലോകജനസംഖ്യയുടെ 60 ശതമാനവും ഏഷ്യയിലാണ്. ഏഷ്യയുടെ ജനസംഖ്യയുടെ 20 ശതമാനം ചൈനയിലും 14 ശതമാനം ഇന്ത്യയിലുമാണെന്നാണ് കണക്ക്. രാജ്യത്ത് പുരുഷന്മാരാണ് കൂടുതൽ.

## ആറിലൊരാൾ ഇന്ത്യക്കാരൻ

ലോകത്തെ ഭൂവിസ്തൃതിയുടെ 2.42 ശതമാനം മാത്രമാണ് ഇന്ത്യ. എന്നാൽ, ലോകജനസംഖ്യയുടെ 18 ശതമാനത്തോളം ഇന്ത്യയിലത്രേ. ലോകജനസംഖ്യയുടെ 17.9 ശതമാനം ഇന്ത്യയിലും 18.5 ശതമാനം ചൈനയിലുമാണെന്നാണ് ഐക്യരാഷ്ട്രസഭയുടെ കൃത്യമായ കണക്ക്. ഭൂമുഖത്തെ ആറിലൊരാൾ ഇന്ത്യക്കാരനെന്ന് പറയുമ്പോഴേ അത് ശരിയായ അർത്ഥത്തിൽ മനസ്സിലാകൂ. 2017 ഏപ്രിൽ 13 പുറത്തുവന്ന കണക്കുപ്രകാരം ഇന്ത്യയുടെ ജനസംഖ്യ 133,90,40,095 ആണ്. ചൈനയുടെ മൊത്തം ജനസംഖ്യയേക്കാൾ 47 ദശലക്ഷം മാത്രം കുറവ്. ഇന്ത്യയുടെ ജനസംഖ്യാവർധന തോത് 1.20 ശതമാനമാണെന്ന് കഴിഞ്ഞവർഷത്തെ കണക്ക് സൂചിപ്പിക്കുന്നു. ചൈനയിൽ ഇത് 0.54 ശതമാനമാണ്. 2011 സെൻസസ് അനുസരിച്ച് ഇന്ത്യയുടെ ലിംഗാനുപാതം 1000 പുരുഷന്മാർക്ക് 943 സ്ത്രീകളെന്നതാണ്.

## ഇന്ത്യയിൽ മുമ്പൻ

രാജ്യത്തേറ്റവും ജനസംഖ്യ കൂടിയ സംസ്ഥാനം ഉത്തർപ്രദേശാണ് (19,98,12,341). മഹാരാഷ്ട്ര (11,23,74,333) രണ്ടാം സ്ഥാനത്തും ബിഹാർ (10,40,99,452) മൂന്നാം സ്ഥാനത്തുമുണ്ട്. ഇന്ത്യയിൽ ഏറ്റവും കുറവ് ജനങ്ങൾ ലക്ഷദ്വീപിലാണ്. മെട്രോകളിലെ ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്നത് മുംബൈയാണ്. 18,394,912 ആണ് മുംബൈയിലെ ജനസംഖ്യ. ഇത് 2011 ലെ കണക്കാണ്. മുംബൈ, ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബംഗളൂരു എന്നീ മെട്രോകളാണ് ആദ്യ അഞ്ചുസ്ഥാനങ്ങളിലുള്ളത്. മികച്ച സ്ത്രീപുരുഷ അനുപാതം നമ്മുടെ കൊച്ചുകേരളത്തിന് അവകാശപ്പെട്ടതാണ് 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ. പുതുച്ചേരിയാണ് തൊട്ടുപിറകിൽ (1037). തമിഴ്നാട് (996), ആന്ധ്രപ്രദേശ്, ഛത്തിസ്ഗഡ് (991) എന്നിവയും പിറകിലുണ്ട്. വളർച്ചാനിരക്കിൽ മുന്നിലുള്ളത് ദാദ്രാ-നഗർ ഹവേലിയാണ്. പിറകേ ദാമൻ-ദിയുവും. നമ്മുടെ സംസ്ഥാനത്താകട്ടെ ജനസംഖ്യയിൽ ഒന്നാമത് മലപ്പുറമാണ്. ജനസംഖ്യ കുറവ് വയനാട്ടിലും. സാക്ഷരതാ നിരക്കിലും സ്ത്രീസാക്ഷരതയിലും ഒന്നാമതാണ് നമ്മുടെ കേരളം. ജനസംഖ്യാവളർച്ച നിരക്ക് കുറഞ്ഞ സംസ്ഥാനങ്ങളിൽ കേരളം രണ്ടാമതായി ഇടംനേടി. ലഭ്യമായ കണക്കുകൾ അനുസരിച്ച് 3.45 കോടിയാണ് കേരളത്തിലെ ജനസംഖ്യ.




ലേഖനം

● രവീന്ദ്രൻ നായർ

# ജിഎസ്ടി മത്സ്യമേഖലയിൽ

ചരക്കുസേവന നികുതി (ജിഎസ്ടി) യെന്ന ഒരു പുതിയ നികുതിനിയമ സമ്പദ്ഘടനയിലേക്ക് രാജ്യം ചുവടു വച്ചിരിക്കുന്നു. 2016 സെപ്തം.8-ാം തീയതിയിലെ ഭരണഘടനാ നിയമപ്രകാരം രാജ്യത്ത് ചരക്ക്-സേവന നികുതിയിലേക്കുള്ള മാറ്റത്തിന് തുടക്കമായി. 2017 ജൂലൈ ഒന്നുമുതൽ ഇത് പ്രാവർത്തികമാക്കിത്തുടങ്ങി.

സെൻട്രൽ എക്സൈസ് ഡ്യൂട്ടി, സ്പെഷ്യൽ അധിക ഡ്യൂട്ടി, സേവന നികുതി, സർചാർജുകൾ തുടങ്ങിയ കേന്ദ്ര സർക്കാർ ഈടാക്കുന്ന എട്ടു നികുതികളും മൂല്യവർധിത നികുതി, വിൽപ്പന നികുതി, പ്രവേശന നികുതി, വാങ്ങൽ നികുതി, സർചാർജുകൾ തുടങ്ങി സംസ്ഥാന സർക്കാർ ഈടാക്കുന്ന ഒൻപതുനികുതികളും ലയിപ്പിച്ച് ഒറ്റനികുതിയാക്കിമാറ്റിയിരിക്കുന്നു. ഈ നികുതിയാണ് ചരക്കു-സേവന നികുതിയെന്ന് അറിയപ്പെടുന്ന ഏകമുഖനികുതി.

നമ്മുടെ രാജ്യത്ത് നടപ്പിലാക്കിത്തുടങ്ങുന്ന പ്രധാന സാമൂഹിക-സാമ്പത്തിക മാറ്റങ്ങളൊക്കെ സമീപകാലത്ത് നടപ്പിലാക്കിത്തുടങ്ങുന്നത് സാധാരണജനതയെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടാണ്. ഗ്ലോബലൈസേഷൻ, സ്വതന്ത്ര വ്യാപാര കരാറുകൾ, നോട്ടു പിൻവലിക്കൽ, ഗോവധ നിരോധനം, മൂല്യവർധിത നികുതി തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ചരക്കു സേവന നികുതിയുടെ കാര്യത്തിലും ഇതേ തന്ത്രം തന്നെയാണ് അധികാരികൾ പയറ്റിത്തുടങ്ങിയിരിക്കുന്നത്. ഈ നികുതി സമ്പ്രദായം നല്ലതും ലളിതവും സുതാര്യവുമാണെന്ന് പ്രധാനമന്ത്രി സാക്ഷ്യപ്പെടുത്തുന്നു. നികുതിക്ക് നികുതി എന്ന സമ്പ്രദായം ഇല്ലാതാകും. നികുതിഭാരം ഉപഭോക്താവിന് കുറയും. മാർക്കറ്റിൽ കൂടുതൽ മത്സരക്ഷമത ഉണ്ടാകും. അതുവഴി ചരക്കുകൾക്ക് വിലകുറയും. ഇതൊക്കെയാണ് അധികാരികൾ നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത്.

കിട്ടിക്കൊണ്ടിരിക്കുന്ന റവന്യൂ വരുമാനം കുറയ്ക്കാൻ ഏതെങ്കിലും സർക്കാർ ശ്രമിക്കുമോ? ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ലാഭത്തിൽ കുറവു വരുത്തുന്നതിന് ഏതെങ്കിലും കമ്പോളശക്തികൾ അനുവദിക്കുമോ? എന്നൊക്കെ പൊതുജനത്തിന് സംശയമുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കിത്തുടങ്ങിയതിന് ശേഷമുള്ള സാമ്പത്തികമാറ്റങ്ങൾ ഈ സംശയത്തെ ബലപ്പെടുത്തുന്നു. ഒരു ചരക്കിനും വിലകുറഞ്ഞിട്ടില്ല. നികുതി കുറഞ്ഞതിന്റെ ആനുകൂല്യം ഉപഭോക്താവിൽ എത്തുന്നില്ല. നികുതിയിളവ് ലഭിക്കേണ്ട മേഖലകൾക്ക് ഇളവുകൾ നിഷേധിക്കപ്പെട്ടു. ഇവയൊക്കെ ചെറിയ കാലയളവിൽ തന്നെ ചൂണ്ടിക്കാണിക്കപ്പെടുന്നു. സർവ്വത്ര ആശയക്കുഴപ്പം.

സ്വതന്ത്രഭാരതത്തിൽ കാർഷിക

മേഖലയ്ക്ക് (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യമേഖല) ഒന്നുകിൽ നികുതി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ മതിയായ ഇളവുകൾ നൽകിയിരുന്നു. ഈ അവസ്ഥ 2005 ലെ മൂല്യവർധിത നികുതി നിർദ്ദേശങ്ങളിലും പാലിച്ചിരുന്നു. പ്രത്യേകതകൾ പരിഗണിച്ച് ഏറ്റവും കൂടുതൽ പരിഗണന നൽകിയിരുന്നത് മത്സ്യമേഖലയ്ക്കായിരുന്നു.

മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ, മത്സ്യബന്ധന മേഖലയിൽ വർധിച്ചുവരുന്ന അപകടസാധ്യതകൾ, മത്സ്യബന്ധനത്തിന് വർധിച്ചുവരുന്ന ആവർത്തനച്ചെലവുകൾ എന്നിവയൊക്കെ പരിഗണിച്ച്, മത്സ്യം, മത്സ്യ ഉല്പന്നങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയെ മിക്കവാറും തീരദേശ സംസ്ഥാനങ്ങൾ വാണിജ്യനികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. മത്സ്യബന്ധനത്തിന് എൻജിനുകളും പുതിയതരം യാനങ്ങളും ഉപയോഗിച്ചുതുടങ്ങിയപ്പോൾ അവയ്ക്ക് നാമമാത്രമായ നികുതികൾ ചുമത്തിയിരുന്നു. 2005 ൽ മൂല്യവർധിത നികുതി ഏർപ്പെടുത്തിയപ്പോഴും പുതിയ നികുതി നിർദ്ദേശങ്ങളൊന്നും മത്സ്യമേഖലയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

മത്സ്യമേഖലയിലെ ചരക്കുസേവന നികുതി നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ഇരുട്ടടിയായി മാറിയിരിക്കുന്നു. നിലവിലുള്ള മൂല്യവർധിത നികുതിയുമായി ഒരു താരതമ്യപഠനം താഴെ ചേർക്കുന്നു. മത്സ്യത്തൊഴിലാളികളെ പ്രത്യക്ഷമായി ബാധിക്കുന്ന ഇനങ്ങൾ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.


പ്രാഥമിക മേഖലയിലെ ജിഎസ്ടി നിർദ്ദേശങ്ങൾ മത്സ്യമേഖലയിൽ നിന്നുനോക്കുമ്പോൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. മത്സ്യമേഖല ഒഴികെയുള്ള ഇതര അടിസ്ഥാന മേഖലകൾക്ക് ആനുകൂല്യങ്ങൾ തുടരുമ്പോൾ മുന്തിയ പരിഗണന ലഭിക്കേണ്ടിയിരുന്ന മത്സ്യമേഖലയ്ക്ക് ഉയർന്ന നിരക്കുകൾ ഏർപ്പെടുത്തിയിരിക്കുന്നു. കൃഷിരംഗത്ത് വളംനികുതി 12 ശതമാനത്തിൽ നിന്നും 5 ശതമാനമായും ട്രാക്ടർ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ നികുതി 12 ശതമാനമായും സ്പെയർ പാർട്സുകൾക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായും ക്ഷീരവികസന മേഖലയിൽ വെണ്ണ, നെയ്യ് എന്നിവയുടെ നികുതി 14.5 ശതമാനത്തിൽ നിന്ന് 12 ആയും എല്ലാ ഇതര ക്ഷീര ഉൽപ്പന്നങ്ങൾക്കും 14.5 ശതമാനത്തിൽ 5 ശതമാനമായും കശുവണ്ടി, കയർ മേഖലയിൽ കശുവണ്ടിക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കയർ ഉൽപ്പന്നങ്ങൾക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും നികുതി കുറച്ചപ്പോൾ മത്സ്യമേഖലയിൽ മത്സ്യബന്ധന എൻജിനുകളുടെ ജിഎസ്ടി ഏറ്റവും ഉയർന്ന നിരക്കായ 28 ശതമാനത്തിലേക്കും മത്സ്യബന്ധന ഉപകരണങ്ങൾക്ക് ആദ്യ നികുതി 12 ശതമാനമായും ഉണക്കമീനിന് ആദ്യനികുതിയായി അഞ്ചുശതമാനവും ഏർപ്പെടുത്തിയിരിക്കുന്നു.

കാർഷികമേഖലയിൽ മത്സ്യമൊഴികെയുള്ള എല്ലാ മേഖലകൾക്കും (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, കയർ, കശുവണ്ടി) ജിഎസ്ടി നിരക്കുകളിൽ ആനുകൂല്യങ്ങൾ അനുവദിച്ചപ്പോൾ മത്സ്യമേഖലയെ ആഢംബരമേഖലയിലേക്ക് ഉയർത്തി. മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാകാൻ പോകുന്നു എന്നതാണ് ഇതിന്റെ സാരാംശം. ചെറുകിട മത്സ്യബന്ധനം പല കാരണങ്ങൾ കൊണ്ട് ഇപ്പോൾ ആദായകരമായ പ്രക്രിയ അല്ല. വർധിച്ച നികുതി നിരക്കുകൾ കൂടി കണക്കിലെടുക്കുമ്പോൾ ഈ മേഖലയ്ക്ക് നിലവിൽ നിലനില്പ് സാധ്യമല്ലാതാകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ വിഷയത്തിൽ ഇടപെട്ട് ന്യായമായ പരിഹാരമുണ്ടാക്കുമെന്ന് മത്സ്യത്തൊഴിലാളികൾ ന്യായമായും പ്രതീക്ഷിക്കുന്നു. ■

**പ്രാഥമിക മേഖലയിലെ ജിഎസ്ടി നിർദ്ദേശങ്ങൾ മത്സ്യമേഖലയിൽ നിന്നുനോക്കുമ്പോൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. മത്സ്യമേഖല ഒഴികെയുള്ള ഇതര അടിസ്ഥാന മേഖലകൾക്ക് ആനുകൂല്യങ്ങൾ തുടരുമ്പോൾ മുന്തിയ പരിഗണന ലഭിക്കേണ്ടിയിരുന്ന മത്സ്യമേഖലയ്ക്ക് ഉയർന്ന നിരക്കുകൾ ഏർപ്പെടുത്തിയിരിക്കുന്നു**



● അഗസ്റ്റിൻ കണിപ്പിള്ളി



# ചാനൽ ചർച്ചകൾ പരിധി വിടുന്നു

സിനിമാ നടിയെ പീഡിപ്പിക്കാൻ കൊട്ടേഷൻ കൊടുത്തുവെന്ന കേസിൽ ആരോപണ വിധേയനായ സിനിമാ നടൻ ദിലീപിന്റെ അറസ്റ്റും അതുമായി ബന്ധപ്പെട്ട് ചില ദൃശ്യമാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അവകാശവാദങ്ങളും ചർച്ചകളും ഒപ്പം അതേപ്പറ്റി ജനങ്ങൾക്കിടയിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിമർശനങ്ങളുമാണ് വർത്തമാനകാലത്തിൽ സാംസ്കാരിക കേരളം ചർച്ച ചെയ്യുന്നത്. എന്തായാലും ജനപക്ഷത്തുനിന്ന് നിഷ്പക്ഷമായി ചിന്തിക്കുമ്പോൾ ദൃശ്യമാധ്യമങ്ങളുടെ ചെയ്തികൾ സഭ്യതയുടെ, മാധ്യമ മാന്യതയുടെ പരിധിവിട്ടുപോയി എന്ന് പറയാതെ വയ്യ. ദിലീപ് സംഭവത്തിൽ ചാനലുകൾ നടത്തിയ സവിസ്താര ചർച്ചകൾ പ്രേക്ഷകരെ സംബന്ധിച്ചിടത്തോളം വല്ലാത്തൊരു മാധ്യമപീഡനമായിപ്പോയി. ചില ചാനലുകളിൽ ചർച്ചകൾ നിയന്ത്രിച്ചിരുന്ന ചാനൽ പ്രതിനിധികളുടെ അവകാശവാദങ്ങളും ആക്രോശങ്ങളും കേട്ടാൽ തങ്ങളില്ലായിരുന്നുവെങ്കിൽ കൊടുംകുറ്റവാളിയായ ദിലീപ് രാജ്യം വിട്ടുപോകുമായിരുന്നുവെന്നും ദിലീപിനെതിരായ ആരോപണം തങ്ങൾ നേരത്തെ ഉറപ്പുവരുത്തിയതായിരുന്നുവെന്നുമുള്ള തരത്തിലായിരുന്നു.

അങ്ങനെയെങ്കിൽ ഈ മാധ്യമപ്രവർത്തകരെയും പോലീസ് ചോദ്യം ചെയ്യേണ്ടതല്ലേ?

സംസ്ഥാനത്ത് പോലീസ് സംവിധാനവും കോടതിയും പിരിച്ചുവിട്ട് കേസന്വേഷണവും വിസ്താരവും ചാനലുകളെ ഏൽപ്പിച്ചാൽ മതിയായിരുന്നുവെന്ന് തോന്നിപ്പോകും ഇവരുടെ നിലപാട് കണ്ടാൽ. കുറ്റവാളികൾ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യണം. പക്ഷേ, ആരോപണ വിധേയനായ ഒരുവന്റെ പേരിൽ ഇത്രമാത്രം ചർച്ചകളും പ്രേക്ഷക പീഡനവും വേണമായിരുന്നോ? ഇതിനുമുൻപ് ഇതും ഇതിലപ്പുറവും നടന്നപ്പോൾ ഇത്രമാത്രം ചർച്ചകളും ഇടപെടലുകളും കണ്ടില്ല. പെരുമ്പാവൂരിൽ ഒരു നിയമവിദ്യാർത്ഥിനിയെ പീഡിപ്പിച്ചുകൊന്നപ്പോഴും ഡൽഹി ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ യുവതികൾ അതിദാരുണമായി പീഡിപ്പിക്കപ്പെട്ടപ്പോഴും കേരളത്തിൽ പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധകൾ വരെ പീഡനങ്ങൾക്ക് ഇരയായപ്പോഴും ചർച്ചകൾക്ക് ഇത്ര വീറും വാശിയും ദൈർഘ്യവും ഉണ്ടായില്ല. അതോ പലതും മറയ്ക്കാൻ വീണുകിട്ടിയ ഒരവസരമായി പീഡന കൊട്ടേഷനെ മറയാക്കിയതോ? അങ്ങനെ സംശയിക്കുന്നതായിരിക്കും നല്ലത്. കാരണം, ഒട്ടേറെ സംഭവങ്ങളുണ്ട് ജനങ്ങളിൽ നിന്നും മറച്ചുപിടിക്കാൻ. കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് പൂട്ടിയ ബാറുകളെല്ലാം തുറന്നു. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും കെടുകാര്യസ്ഥത – പനിമരണം 300 കഴിഞ്ഞു. മൂന്നാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ, ദേവികുളം സബ്കളക്ടറെ മാറ്റിയ സംഭവം. കേരളത്തിലും വിദേശരാജ്യങ്ങളിലും സ്വാധീനമുള്ളതും ചാനലുകൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ പരസ്യം നൽകുന്നതുമായ ഒരു സ്വർണവ്യാപാരിയുടെ പീഡനകഥകൾ, പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവർധന, പുതുവൈപ്പിൻ സമരം, നേഴ്സുമാരുടെ സമരം തുടങ്ങി എത്രയെത്ര ജനകീയ വിഷയങ്ങളിൽ നിന്നാണ് ദിലീപ് വിഷയത്തിൽ ചർച്ച ജനരോഷം വഴിമാറ്റിവിട്ടത്. ചാനൽ ചർച്ചകളോട് ജനങ്ങൾക്കുള്ള അസഹിഷ്ണുത പലതരത്തിലാണ് അവർ പ്രകടിപ്പിക്കുന്നത്. ചാനൽ പ്രതിനിധികളെ നേരിട്ടുവിളിച്ച് പരാതി പറഞ്ഞവരുമുണ്ട്. സോഷ്യൽ മീഡിയകളിലൂടെ പ്രതികരിച്ചവരുണ്ട്. ഇനി ചാനൽ പരിപാടികളിൽ പങ്കെടുക്കില്ലെന്ന് പറഞ്ഞ സിനിമാ പ്രവർത്തകരുണ്ട്. എന്നിട്ടും യാതൊരു ജാള്യതയുമില്ലാതെ വീണ്ടും വീണ്ടും ഇതേ വിഷയം തന്നെ ചർച്ച ചെയ്യുന്ന ഇവരുടെ ചർമ്മശക്തി അപാരം തന്നെ. പിന്നെ ചാനലുകാരെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അവർ വിളിക്കുമ്പോഴൊക്കെ ടിവിയിൽ മുഖം കാണിക്കാനുള്ള അവസരമായി കണ്ട് ചർച്ചയ്ക്ക് എത്തുന്ന ചില സ്ഥിരം ചർച്ചകരുണ്ട്. എന്തുവലുപ്പും വിവരക്കേടും വിളിച്ചു പറയാൻ യാതൊരു ഉളുപ്പുമില്ലാത്ത കുറെ സ്ഥിരം ചർച്ചക്കാർ. ഒരിക്കൽ മദ്യനിരോധനത്തെക്കുറിച്ചുള്ള ഒരു ചാനൽ ചർച്ചയിൽ ഒട്ടേറെ അഴിമതി ക്രിമിനൽ കേസുകളിൽ പ്രതിയായ ഒരു ബാർ മുതലാളി കത്തോലിക്കാസഭയെ അവഹേളിക്കാൻ ഭഗീരഥ പ്രയത്നം നടത്തുന്നത് കണ്ടു. പരിശുദ്ധ കുർബാനയ്ക്ക് വീഞ്ഞുപയോഗിക്കുന്നതുവഴി ജനങ്ങളെ മദ്യപാനം പഠിപ്പിക്കുകയാണ് സഭ ചെയ്യുന്നതെന്ന് ചാക്ക് രാധാകൃഷ്ണൻ പേരിലറിയപ്പെടുന്ന വി.എം.രാധാകൃഷ്ണൻ പറഞ്ഞത്. ഇത്തരം വിവരം കെട്ടവരെയും കൊടുംകുറ്റവാളികളെയും വിളിച്ചിരുത്തി നടത്തുന്ന ചാനൽചർച്ചകൾക്ക് എന്ത് ആധികാരികതയാണ് പ്രേക്ഷകർ നൽകുകയെന്ന് ചാനൽ പ്രവർത്തകർ ചിന്തിക്കണം. പിന്നെ ഇത്തരം പ്രവൃത്തികൾക്കു പിന്നിൽ വേണമെങ്കിൽ മറ്റൊന്നുകൂടിയുണ്ടെന്ന് സംശയിക്കാം. ഏതെങ്കിലും വ്യക്തികളെയോ പ്രസ്ഥാനങ്ങളെയോ അപമാനിക്കാനും ഇകഴ്ത്താനും ഇത്തരക്കാരെ ചാനലുകൾ വൈരാഗ്യബുദ്ധ്യാ ഉപയോഗപ്പെടുത്തുന്നതുമാകാം.

ഇത്തരം പരാതികൾക്കും പരിഭവങ്ങൾക്കും മാധ്യമപ്രവർത്തകർക്ക് മറുപടിയുണ്ടെന്നറിയാം. അതിൽ ഏറ്റവും അവസാനത്തെ മറുപടി കഴിഞ്ഞ ദിവസം ബോംബെയിൽ നിന്നും ഒരു പ്രേക്ഷക ഒരു ചാനൽ പ്രവർത്തകയെ വിളിച്ചു ചോദിച്ചു. "നിങ്ങൾക്കുവേണമെങ്കിൽ കണ്ടാൽമതി. ഞങ്ങൾ നിർബന്ധിച്ചില്ലല്ലോ?" എന്നായിരുന്നു ആ പ്രേക്ഷകയ്ക്ക് കിട്ടിയ മറുപടിയുടെ സാരാംശം. ഈ ചാനലുകൾ ഒരു കാര്യം ഓർക്കണം. പണം കൊടുത്ത് കേബിൾ കണക്ഷൻ എടുത്താണ് പ്രേക്ഷകർ ചാനൽ പരിപാടികൾ കാണുന്നത്. അത്തരക്കാരോട് കാണിക്കുന്ന നിരുത്തരവാദിത്തപരമായ സമീപനം ശരിയല്ല. നിങ്ങൾ പടച്ചുവിടുന്ന ഏത് വൃത്തികേടും പ്രേക്ഷകർ കാണുകയും കേൾക്കുകയും ചെയ്യണമെന്ന് ശഠിക്കുന്നതും ശരിയല്ല. മാനസികോല്ലാസവും അറിവും തേടി ടെലിവിഷനു മുന്നിലിരിക്കുന്ന പ്രേക്ഷകരെ ഒരുതരം വിഡ്ഢികളും വിവരമില്ലാത്തവരുമായി കാണരുത്. മാത്രവുമല്ല, ഇത്തരം ചർച്ചകളും പരിപാടികളും എത്രപേരുടെ ആത്മാഭിമാനവും വ്യക്തിസ്വാതന്ത്ര്യവും പൗരാവകാശങ്ങളുമാണ് ഹനിക്കുന്നത്, ചോദ്യം ചെയ്യപ്പെടുന്നത്, സമൂഹമധ്യത്തിൽ അവഹേളിക്കപ്പെടുന്നത്. ആവിഷ്കാര സ്വാതന്ത്ര്യം മറ്റുള്ളവന്റെ അവകാശവും ആത്മാഭിമാനവും വ്രണപ്പെടുത്തിക്കൊണ്ട് അവന്റെ മേൽ കുതിരകയറാനുള്ളതല്ല. അത്തരം ഒരു ആവിഷ്കാര സ്വാതന്ത്ര്യത്തിന് ആർക്കും അവകാശവുമില്ല. ■

**സംസ്ഥാനത്ത് പോലീസ് സംവിധാനവും കോടതിയും പിരിച്ചുവിട്ട് കേസന്വേഷണവും വിസ്താരവും ചാനലുകളെ ഏൽപ്പിച്ചാൽ മതിയായിരുന്നുവെന്ന് തോന്നിപ്പോകും ഇവരുടെ നിലപാട് കണ്ടാൽ. കുറ്റവാളികൾ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യണം. പക്ഷേ, ആരോപണ വിധേയനായ ഒരുവന്റെ പേരിൽ ഇത്രമാത്രം ചർച്ചകളും പ്രേക്ഷക പീഡനവും വേണമായിരുന്നോ ?**




ഫാ. ലെനിൻ ഫെർണാണ്ടസ്

# കാത്തിരിപ്പ് നൽകുന്ന ജീവിത സുഗന്ധം

ദിവ്യമായൊരു സന്ധ്യാസമയത്ത് ഇരുപത്തിമൂന്നു വയസ്സുള്ള ഒരു പെൺകുട്ടി എന്റെയടുത്തെത്തി. 'വിചിത്ര' എന്നവൾക്ക് ഞാൻ പേരിടുന്നു. പതിനൊന്നാം ക്ലാസ്സിൽ ആരംഭിച്ച ഒരു പ്രണയഭാരവുമായാണ് അവൾ നിൽക്കുന്നത്. അതേ വയസ്സുള്ള പയ്യനുമായി അവൾക്കിന്നും തീവ്രാനുരാഗം. ചെക്കന്റെ വീടും തൊഴിലും സാമൂഹ്യചുറ്റുപാടും കാര്യമല്ലാത്തതിനാലും പെൺകുട്ടിയുടെ വിദ്യാഭ്യാസവും സംസ്കാരവും കുടുംബ പശ്ചാത്തലവും അൽപ്പം ഉയർന്നത് എന്ന് പെൺവീട്ടുകാർ ചിന്തിക്കുന്നതിനാലും ഇരുകൂട്ടരും സഹകരിച്ചുകൊണ്ടുള്ള ഒരു വിവാഹം നടക്കില്ല എന്നെനിക്ക് മനസ്സിലായി. ഞാൻ പെൺവീട്ടുകാരെയും ആ പെൺകുട്ടി ആൺവീട്ടുകാരെയും വിളിച്ചുവരുത്തി. ദീർഘമായ വാക്കുതർക്കങ്ങൾക്കും വികാര പ്രകടനങ്ങൾക്കും സാരോപദേശ സരണികൾക്കും ശേഷം ഞാൻ അവളെ എല്ലാപേരുടെയും മുൻപിൽ നിർത്തി ചോദിച്ചു, ഇനി എന്താ കുഞ്ഞേ നിന്റെ തീരുമാനം? അവൾക്ക് അപ്പോഴും ഒരു മറുപടിയെ ഉണ്ടായിരുന്നുള്ളൂ, "ഞാൻ സ്നേഹിച്ച പയ്യനെ എനിക്കച്ചൻ കെട്ടിച്ചുതരണം." ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലെ ഞാൻ എന്തുകൊണ്ടാണ് അവൾക്ക് വിചിത്ര എന്നുപേരിട്ടതെന്ന്?

അതിവിചിത്രമാണ് അനുരാഗവിലോചിതരായ നമ്മുടെ യുവത്വത്തിന്റെ ചുറ്റുപാട്. 'പ്രേമത്തിന് കണ്ണില്ല' എന്നത് ഒരു ചൊല്ലാണെങ്കിലും പ്രേമത്തിന് യുക്തിയുണ്ടല്ലോ, നിന്റെ മുൻപിൽ ഭാസുരമായ ഒരു ഭാവിയുണ്ടല്ലോ? നിന്റെ മുൻപിൽ കഴിഞ്ഞ 23 വർഷം നിന്നെ ലാളിച്ച്, പഠിപ്പിച്ച്, ചിരിപ്പിച്ച നിന്റെ സ്വന്തക്കാരും ബന്ധുജനങ്ങളും ഉണ്ടല്ലോ? അവരുടെയൊക്കെ സ്നേഹത്തിന്റെ നിർമ്മല ഭാവങ്ങളെ അവഗണിച്ചുകൊണ്ട് നിനക്കെങ്ങനെ നിന്റെ ശരീര തൃഷ്ണയുടെയും നിന്റെ വൈകാരിക പിരിമുറുക്കങ്ങളുടെയും പിന്നാലെ ഇറങ്ങിപ്പോകാൻ സാധിക്കും. നമ്മുടെ ഭാരതം പാശ്ചാത്യരാജ്യത്തിന്റെ സംസ്കാരശീലങ്ങളാൽ മൂടപ്പെടുന്നു എങ്കിലും അതിന് ഇന്നും തനതായ ഒരു പൈതൃകമുണ്ട്. അതുകൊണ്ടാണ് 75 ശതമാനം ആളുകളും ഇന്നും അറേഞ്ച്ഡ് മാര്യേജിനെ മനസ്സുകൊണ്ട് അംഗീകരിക്കുന്നത്.

പ്രിയ യുവജനങ്ങളെ, സഭയും സമൂഹവും നമ്മെ പഠിപ്പിക്കുന്നത് വിവാഹം മരണം വരെ ഒരുമിച്ച് ജീവിക്കേണ്ട ഒരു സംവിധാനം എന്നാണ്. പാതിവഴിയിൽ ഉപേക്ഷിക്കാനോ പുതിയ തീവ്രബന്ധങ്ങൾ ഉരുവാക്കാനോ ഉള്ളതല്ല നിങ്ങളുടെ ജീവിതം. നിങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ കൂടെ ചരിക്കാനുള്ള നല്ല സുഹൃത്ത് ബന്ധങ്ങൾ വേണം. പരസ്പരം കരം കൊടുക്കുമ്പോഴും പ്രാവിന്റെ നൈർമ്മല്യവും കുഞ്ഞിന്റെ നിഷ്കളങ്കതയും കൈമുതലായി ഉണ്ടാകണം. നിങ്ങളുടെ സകല ഇഷ്ടങ്ങളും മാതാപിതാക്കൾ ഇന്നേവരെ നടത്തിത്തന്നിട്ടുണ്ടാകും, കാരണം കലങ്ങിയ കണ്ണുകളുമായി നിങ്ങളെ നോക്കിനിൽക്കാൻ അവർക്കും കഴിയില്ല. വിഷം നൽകാതെ വിരുന്നു നൽകിയാണ് നിങ്ങളെ അവർ ഇന്നോളം വളർത്തിയത്. പൂവും പൂത്താലവുമായി നിങ്ങളെ സർവ ഐശ്വര്യങ്ങളോടുംകൂടി ഇറക്കിവിടാനും ഞാനെന്റെ മകളെ നല്ലവന്റെ കൈകളിൽ ഏൽപ്പിച്ചു എന്ന് നെഞ്ചു വിരിച്ച് ആത്മാഭിമാനത്തോടെ പറയാനും ഓരോ മാതാപിതാക്കൾക്കും അവകാശമുണ്ട്. അതിനാൽ അവരോടൊത്ത് സഹകരിക്കുന്നതാണ് പുത്രീ-പുത്ര ധർമ്മം എന്നോർക്കുക. ജീവിതം ചിലപ്പോഴൊക്കെ ഒരു കയം പോലെയാണ്. അതിൽപ്പെട്ടുഴലുമ്പോൾ കൈപിടിച്ചുകയറ്റാൻ നിനക്കു ചുറ്റും നിനച്ചിരിക്കാത്ത നേരത്തെത്തുന്നത് നിന്റെ ബന്ധുക്കളോ മിത്രങ്ങളോ ആയിരിക്കും.

നല്ലതിനുവേണ്ടി ക്ഷമയോടെ കാത്തിരിക്കാനുള്ള ഒരു മാനസിക പക്വത യുവജനങ്ങളിൽ ഇന്ന് കാണുന്നില്ല എന്ന ഒരു നിരീക്ഷണമുണ്ട്. നിർണ്ണായകമായ തീരുമാനങ്ങളിലേക്ക് എടുത്തുചാടുന്നതിനുമുൻപ് ഒരു നിമിഷം ആത്മാവിന്റെ മർമ്മരത്തിനുവേണ്ടി കാത്തിരിക്കാം. വിശുദ്ധ ഗ്രന്ഥത്തിന്റെ വചനചീളുകൾ അടർത്തിവച്ച് അതിന്റെ മുൻപിൽ മൗനിയായി കാത്തിരിക്കാം. ക്ഷമയോടെ ഇന്നോളം വളർത്തിയ മാതൃപിതൃ വാത്സല്യത്തിന്റെ ജീവത്യാഗത്തെ ധ്യാനിച്ചുകൊണ്ട് കാത്തിരിക്കാം. ആ കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടേയും വിതുമ്പലിൽ നിന്ന് അടന്നുവീഴുന്ന കണ്ണീർമണികളാണ് നിന്റെ ജീവിതത്തെ ആരാമമാക്കുന്നത്. ■

# വാർത്തകൾ

## ആന്റണി ആൽബർട്ട് കെആർഎൽസിസി സെക്രട്ടറി



കെ ആർ എൽ സിസി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ആന്റണി ആൽബർട്ട്. കെഎൽസിഎ തിരുവനന്തപുരം അതിരൂപതാ പ്രസിഡന്റുകൂടിയാണ് ഇദ്ദേഹം.

## സി. ടി. പ്രിയയ്ക്ക് ഡോക്ടറേറ്റ്



ഹിന്ദിയിൽ പിഎച്ച്ഡി (കേരള) നേടിയ സി. ടി.പ്രിയ. അഞ്ചുതെങ്ങ് സെന്റ് ജോസഫ് സ് എച്ച്എസ്എസ് അധ്യാപികയാണ്.

നെയ്യാറ്റിൻകര മരുതത്തൂർ സന്തോഷ്ഭവനിൽ പരേതനായ എൻ. ക്രിസ്തുദാസിന്റെയും ആർ.തങ്കത്തിന്റെയും മകളും മുട്ടട ഇടവകാംഗം മണ്ണന്തല ബൻഹൗസിൽ അധ്യാപകനായ സി.ജെ.ബനഡിക്ടിന്റെ ഭാര്യയുമാണ്.

## ബിബിഎ രണ്ടാം റാങ്ക് റിനുമോൾ എയ്ക്ക്



കേരള സർവകലാശാല നടത്തിയ ബിബ എ പരീക്ഷയിൽ റിനുമോൾ. എ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കാട്ടാക്കട ക്രൈസ്റ്റ് നഗർ കോളേജ് വിദ്യാർത്ഥിയായ റിനുമോൾ പുന്തുറ ഇടവകാംഗമാണ്.



അതിരൂപത അല്മായ ശുശ്രൂഷയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഭക്ത സംഘടനാ ഭാരവാഹികളുടെ കൂടിവരവ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു. ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലോ, ജെയിംസ്.എ എന്നിവർ പ്രസംഗിച്ചു.



അതിരൂപത കുടുംബ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച കൗൺസിലിംഗ് സൈക്കോളജി സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ച അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ, ശുശ്രൂഷാ ഡയറക്ടർ ഫാ. എ.ആർ.ജോൺ എന്നിവരോടൊപ്പം കോഴ്സിൽ പങ്കെടുക്കുന്നവർ.



അടിമലത്തുറ ഫാത്തിമ മാതാ ദൈവാലയത്തിൽ കുടുംബ ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിവാഹം കഴിഞ്ഞ് 15 വർഷം പിന്നിട്ടവരുടെ സംഗമം കുടുംബ ശുശ്രൂഷാ ഡയറക്ടർ ഫാ. എ.ആർ.ജോൺ, സതീഷ്.ജി, ബാബു, മേഴ്സി ബാബു, ഫ്രാൻസിസ് തുടങ്ങിയവർ പ്രസംഗിച്ചു.



*മരിയനാട് സ്വർഗ്ഗാരോപിതമാതാ ഇടവകയിൽ തിരുവനന്തപുരം അതിരൂപതാ ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹോം മിഷൻ ശുശ്രൂഷയുടെ ഉദ്ഘാടനം നിർവഹിച്ച് അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പ്രസംഗിക്കുന്നു*

# ലോഗോസ് ബൈബിൾ ക്വിസ് ആപ്പ് ഇനി ഗൂഗിളിലും

തിരുവനന്തപുരം: ആറുലക്ഷത്തിലേറെപ്പേർ പങ്കെടുത്ത് ലോകശ്രദ്ധ നേടിയ ലോഗോസ് ബൈബിൾ ക്വിസ് ഇനി മൊബൈൽ ആപ്പിലും. തിരുവനന്തപുരം ലത്തീൻ അതിരൂപത ബൈബിൾ കമ്മിഷനും മീഡിയ കമ്മിഷനും ചേർന്നാണ് ലോഗോസ് ക്വിസ് ആപ്പ് വികസിപ്പിച്ചെടുത്തത്. തിരുവനന്തപുരം അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച്ബിഷപ് ഡോ. സൂസപാക്യം ലോഗോസ് ക്വിസ് 2017 എന്ന ക്വിസ് ആപ്പ് ഉത്ഘാടനം ചെയ്തു.




*തിരുവനന്തപുരം ലത്തീൻ അതിരൂപത ബൈബിൾ കമ്മിഷനും മീഡിയ കമ്മിഷനും ചേർന്ന് തയ്യാറാക്കിയ ലോഗോസ് ക്വിസ് ആപ്പിന്റെ ഉദ്ഘാടനം അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു. ഫാ. ജോൺസൺ പുതുശ്ശേരി, ഫാ. ലോറൻസ് കുലാസ് എന്നിവർ സമീപം*

ബൈബിൾ ക്വിസ് സമ്മാനത്തിനുവേണ്ടിയുള്ള ഒരു മത്സരം മാത്രമല്ല, അത് ദൈവവചനത്തോടുള്ള ആഭിമുഖ്യവും സ്നേഹവും തീക്ഷ്ണതയും വളർത്താൻ ലക്ഷ്യംവച്ചുകൊണ്ടുള്ളതാണെന്നും, ദൈവവചനം മനുഷ്യനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ കഴിയണമെന്നും ആർച്ച്ബിഷപ് പറഞ്ഞു.

ചടങ്ങിൽ കേരള കത്തോലിക്ക ബൈബിൾ സൊസൈറ്റി സെക്രട്ടറി ഫാ. ജോൺസൻ പുതുശ്ശേരി, അതിരൂപത അജപാലനശുശ്രൂഷ ഡയറക്ടർ ഫാ. ലോറൻസ് കുലാസ്, മീഡിയ കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ദീപക് ആന്റോ, എഫ്. സിൽവദാസ് എന്നിവർ പ്രസംഗിച്ചു.

ഗൂഗിൾ പ്ലേസ്റ്റോറിൽ ലോഗോസ് ക്വിസ് 2017 എന്ന തലക്കെട്ടിൽ ആൻഡ്രോയ്ഡ് ഉപകരണങ്ങളിൽ ലോഗോസ് ചോദ്യോത്തരങ്ങൾ ലഭിക്കും. ഇരുപത് ഘട്ടങ്ങളിലായി ആയിരം ചോദ്യങ്ങളാണ് ആപ്പിലുള്ളത്. ഓരോ ഘട്ടത്തിലുമുള്ള അൻപത് ചോദ്യങ്ങളിൽ പത്തു ചോദ്യങ്ങൾക്ക് ശരിയുത്തരം നല്കിയാൽ രണ്ടാം ഘട്ടത്തിലേക്ക് കടക്കാനാകും ഇങ്ങനെയുള്ള ഇരുപത് ഘട്ടങ്ങളാണ് ഇതിലുള്ളത്. ഓരോ ഘട്ടത്തിലും ഓരോ ബൈബിൾ കഥാപാത്രങ്ങളുടെ പേരുകളാണ് നല്കിയിട്ടുള്ളത്.



*ശ്രീകാര്യം ഇടവകയിൽ നടന്ന ഫാദേഴ്സ് ഡേ ആചാരണത്തോടനുബന്ധിച്ച് ഇടവക വികാരി ഫാ. ബിനുജോസഫ് പിതാക്കന്മാരെ പൊന്നാടയണിയിച്ച് ആദരിക്കുന്നു*

## ഫാദേഴ്സ് ഡേ ആചരിച്ചു

ശ്രീകാര്യം: ശ്രീകാര്യം ഇടവകയിൽ വിപുലമായ പരിപാടികളോടെ ഫാദേഴ്സ് ഡേ ആചരിച്ചു. ആഘോഷമായ ദിവ്യബലിയോടെയായിരുന്നു ആചരണത്തിന് തുടക്കംകുറിച്ചത്. പിതാക്കന്മാർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകളും നടത്തി. ഇടവകയിലെ ബിസിസി യൂണിറ്റുകളിൽ നിന്ന് തെരഞ്ഞെടുത്ത ഏറ്റവും മുതിർന്ന പിതാക്കന്മാരെ ഇടവക വികാരി ഫാ. ബിനു ജോസഫ് അലക്സ് പൊന്നാടയണിയിച്ച് ആദരിച്ചു.

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി 596000 രൂപ വായ്പാ സഹായം നൽകി

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐരൂർ , പുതിയതുറ ഇടവക കോൺഫറൻസുകളുടെ നേതൃത്വത്തിൽ സ്വയം തൊഴിൽ പദ്ധതിപ്രകാരം 596000 രൂപയുടെ വായ്പാസഹായം വിതരണം ചെയ്തു.

ഐരൂർ ഫാത്തിമ മാതാ കോൺഫറൻസ് ഇടവകയിലെ നിർധനരായ 10 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം 10,000 രൂപ വീതം വിതരണം ചെയ്തു. ഇടവക വികാരി ഫാ. അലക്സ് സ്വയംതൊഴിൽ സഹായ വായ്പ വിതരണോദ്ഘാടനം നിർവഹിച്ചു. കോൺഫറൻസ് പ്രസിഡന്റ് സി.ഡി.സിൽമ പദ്ധതിക്ക് നേതൃത്വം നൽകി.



*പുതിയതുറ സെന്റ് നിക്കോളാസ് കോൺഫറൻസ് മത്സ്യക്കച്ചവടക്കാർക്ക് നൽകിയ സ്വയംതൊഴിൽ സഹായ പദ്ധതിയനുസരിച്ചുള്ള വായ്പാസഹായ വിതരണത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. ഇഗ്നാസി രാജശേഖരൻ നിർവഹിക്കുന്നു*

പുതിയതുറ സെന്റ് നിക്കോളാസ് കോൺഫറൻസ് ഇടവകയിലെ മത്സ്യക്കച്ചവടം ചെയ്യുന്ന 62 പേർക്ക് 8000 വീതം 496000 രൂപയുടെ സ്വയംതൊഴിൽ വായ്പാ സഹായം വിതരണം ചെയ്തു.

ഇടവക വികാരി ഫാ. ഇഗ്നാസി രാജശേഖരൻ ധനസഹായ വിതരണം ഉദ്ഘാടനം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് വില്യത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ. സഖറിയാസ്, വൈസ് പ്രസിഡന്റ് ആൽബർട്ട്, ഏരിയാ കൗൺസിൽ പ്രസിഡന്റ് രത്തിനം നെറ്റോ എന്നിവർ പ്രസംഗിച്ചു.



*കൊച്ചുതോപ്പ് ഫാത്തിമമാതാ ഇടവക കെസിവൈഎം വാർഷികാഘോഷങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് ഇടവക വികാരി ഫാ.ജോയി സി.മാത്യു പതാക ഉയർത്തുന്നു*



*കാര്യവട്ടം ഇടവകയിൽ ബിസിസി അതിരൂപതാ കമ്മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഹോം മിഷൻ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയവർ അതിരൂപതാ സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ്, ഇടവക വികാരി ഫാ. ജോസഫ് എൽക്കിൻ എന്നിവരോടൊപ്പം*

## കെസിഎസ്എൽ പ്രവർത്തനോദ്ഘാടനം

തിരുവനന്തപുരം: കെസിഎസ്എൽ തിരുവനന്തപുരം അതിരൂപതാ സമിതിയുടെ ഈ അധ്യായന വർഷത്തെ പ്രവർത്തനോദ്ഘാടനം അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര നിർവഹിച്ചു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മുൻ ചെയർപേഴ്സൺ മിഖായിൽ അധ്യക്ഷയായിരുന്നു. ഡയറക്ടർ ഫാ. രാജേഷ് ബാബു, കോ-ഓർഡിനേറ്റർ ക്ലമന്റ് തുടങ്ങിയവർ പ്രസംഗിച്ചു.

തുടർന്ന് ഈ അധ്യായനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെയും ജനറൽബോഡി യോഗം തെരഞ്ഞെടുത്തു.



*കെസിഎസ്എൽ അതിരൂപതാ പ്രവർത്തനോദ്ഘാടനം വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര നിലവിളക്കുകൊളുത്തി നിർവഹിക്കുന്നു*

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു

തിരുവനന്തപുരം: സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ പുതുക്കുറിച്ചി ഔവർ ലേഡി ഓഫ് മേഴ്സി സ്ക്കൂളിൽ വച്ച് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു ഔവ്വർ ലേഡി ഓഫ് മേഴ്സി ഹയർ സെക്കന്ററി സ്ക്കൂൾ പുതുക്കുറിച്ചി, ജ്യോതി നിലയം സ്ക്കൂൾ, സെന്റ് ആൻഡ്രൂസ്, സെന്റ് മൈക്കിൾസ്, പുതുക്കുറിച്ചി, സെന്റ് വിൻസന്റ് പുത്തൻതോപ്പ്, പള്ളിത്തുറ ഹയർ സെക്കന്ററി സ്ക്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്ത പരിപാടി ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉത്ഘാടനം ചെയ്തു. സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. ലെനിൻ രാജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടോണി, പ്രിൻസിപ്പാൾ സി. റോസി തുടങ്ങിയവർ പ്രസംഗിച്ചു.



## 'ഒരു മാസം ഒരു വാസം' തുടക്കമായി

തിരുവനന്തപുരം: പ്ലാംമൂട് സാന്താമരിയ കോൺവെന്റിൽ എല്ലാ വെള്ളിയാഴ്ചയും കൂടുന്ന പ്രാർത്ഥന ഗ്രൂപ്പിന്റെയും അതിരൂപത ഭവന പദ്ധതിയായ 'ഭവനം ഒരു സമ്മാനം' പദ്ധതിയുടേയും സംയുക്ത സംരംഭമായ "ഒരു മാസം ഒരു വാസം" എന്ന ഭവന പദ്ധതിക്ക് തുടക്കം കുറിച്ചു. ഓരോ മാസവും പാവപ്പെട്ട ഭവന രഹിതരായ ഓരോ കുടുംബത്തിന് വാസയോഗ്യമായ വീട് വച്ച് നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പുന്തുറ ഇടവക വികാരി ഫാ. ജസ്റ്റിൻ ജൂഡിന്റെ മനസ്സിലുദിച്ച ഈ പദ്ധതിയുടെ തുടക്കം ജൂലൈ മാസത്തിൽ ആദ്യ ഭവനം "കാരുണ്യഭവനം" പുന്തുറ ഇടവകയിലെ ആൽബർട്ടിന് നൽകികൊണ്ട് തുടക്കം കുറിച്ചു.



*ഒരു മാസം ഒരു വാസം പദ്ധതിയിലൂടെ സാക്ഷാൽക്കരിച്ച കാരുണ്യഭവനം ആൽബർട്ടിന് ഫാ. ജസ്റ്റിൻ ജൂഡിൻ സമ്മാനിക്കുന്നു*

## പ്രവാസികാര്യ കമ്മീഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു



തിരുവനന്തപുരം: സാമൂഹ്യശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രവാസി കാര്യകമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തോപ്പ്, കണ്ണാന്തുറ ഇടവകകളിൽ പ്രവാസി ഡസ്ക്കുകൾ രൂപീകരിച്ചു. രൂപീകരണ സമ്മേളനം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉത്ഘാടനം ചെയ്തു. സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. ലെനിൻ രാജ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടോണി, നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. കെ. എൽ.രാഘവൻ തുടങ്ങിയവർ പ്രസംഗിച്ചു. ഇടവക വികാരിമാരായ ഫാ. സൈറസ്, ഫാ.ബനഡിക്ട് ലാസർ പ്രവാസികാര്യ കോഡിനേറ്റർ സിസ്റ്റർ ജനസ്റ്റസ് എന്നിവർ നേതൃത്വം നൽകി.




# വികേന്ദ്രീകരണം

അധികാരശ്രേണിയുടെ താഴ്തലങ്ങളിലേക്ക് അധികാര സ്വാതന്ത്ര്യവും പ്രവർത്തനസംവിധാനങ്ങളും എത്തപ്പെടുന്ന പ്രക്രിയയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് വികേന്ദ്രീകരണം അഥവാ decenteralization. 'കേന്ദ്രത്തിൽ നിന്ന്' എന്ന പദ അർത്ഥമുള്ള ഈ പ്രക്രിയ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമായി താഴ്തലങ്ങളിലേക്ക് എത്തപ്പെടാൻ സഹായിക്കുന്നു. സഭാ കാഴ്ചപ്പാടിൽ വികേന്ദ്രീകരണ പ്രക്രിയയിൽ പരമാധികാരം, സഭാ നിയമാനുസൃതമായുള്ള സ്ഥാനങ്ങൾ എന്നിവ സ്ഥായിയായി നിലകൊള്ളുന്നു. കേന്ദ്രത്തെ നഷ്ടപ്പെടുത്തിയുള്ള താഴ്തലങ്ങളുടെ വളർച്ചയല്ല വികേന്ദ്രീകരണം.

വിവിധ ശ്രമങ്ങൾ പ്രവർത്തനങ്ങൾ സഭയുടെ നാമത്തിൽ വിവിധ തലങ്ങളിൽ ഈ സംവിധാനം വഴി നടത്തപ്പെടാൻ കഴിയുന്നതായി മനസ്സിലാക്കാം. സാർവത്രികസഭയും പ്രാദേശിക സഭകളും തമ്മിലുള്ള ബന്ധത്തെയും, രൂപത-ഫെറോന-ഇടവക ബന്ധങ്ങളെയും പരിപോഷിപ്പിക്കുന്നതാകണം വികേന്ദ്രീകരണ പ്രക്രിയ.

അടിസ്ഥാന ക്രൈസ്തവ കൂട്ടായ്മകൾ ഇടവക സമൂഹത്തെ വികേന്ദ്രീകരണം വഴി രൂപപ്പെടുത്തുമ്പോൾ പ്രാദേശികസഭയുമായും ആഗോളസഭയുമായും ചേർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയണം. നമ്മുടെ അതിരൂപതാ പശ്ചാത്തലത്തിൽ ഈ ചെറുസമൂഹങ്ങൾ ക്രിസ്തീയ ജീവിതത്തിന് പള്ളിമാവായും, സാമൂഹ്യജീവിതത്തിന്റെ ഉപകരണങ്ങളായും ചേർന്ന് പ്രവർത്തിക്കുന്ന ഉപാധികളാകണം.

വികേന്ദ്രീകരണ പ്രക്രിയ പൂർണ്ണമായും സാധ്യമാകാൻ പ്രവർത്തനങ്ങൾ, അധികാരങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ താഴ്തലങ്ങളിൽ ഉണ്ടായിരിക്കണം. എന്നാൽ സഭാ വീക്ഷണത്തിലെ വികേന്ദ്രീകരണ പ്രക്രിയ ഗവണ്മെന്റ് തലങ്ങളിലെ പ്രക്രിയകളും പ്രവർത്തന ശൈലികളും രീതികളും എന്നിവ ഉപയോഗപ്പെടുത്താവുന്നവയാണെങ്കിൽ കൂടി ഒരിക്കലും അവയുടെ സമീപനങ്ങളോടൊ സാങ്കേതികതകളോടോ തുലനം ചെയ്യരുത്. ■




ഞാൻ പേട്ട ഇടവകയിലെ അംഗമാണ്. അടുത്തകാലത്തായി അത്മായ ശാക്തീകരണ ത്തിന്റെ ഭാഗമായി സ്ത്രീ ശാക്തീകരണത്തിനും വലിയ പ്രാധാന്യം നമ്മുടെ പ്രാദേശിക സഭയിലും നല്കിവരുന്നതായി മനസ്സിലാക്കുന്നു. സിവിൽ സൊസൈറ്റിയിൽനിന്നും വ്യത്യസ്തമായി നമ്മുടെ പള്ളികളിൽ നടക്കുന്ന വിവാഹാഘോഷങ്ങളിൽ പുരുഷന്മാരെ മാത്രമാണ് സാക്ഷികളായി അനുവദിച്ചുകാണുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായിട്ടെങ്കിലും സ്ത്രീകളെ വിവാഹത്തിന് സാക്ഷികളായി അനുവദിച്ചുകൂടേ?

# വിവാഹത്തിന് സ്ത്രീകൾക്ക് സാക്ഷികളാകാൻ കഴിയുമോ?



സഭാവിശ്വാസികളുടെ വിവാഹത്തിന്റെ സാധുതയ്ക്ക് അനിവാര്യമായ ഘടകങ്ങളിൽ ഒന്നാണ് വിവാഹത്തിന്റെ കാനോനികക്രമം (Form of Marriage). ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1108 മുതൽ 1123 വരെയും പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 828 മുതൽ 842 വരെയുള്ള ഭാഗങ്ങൾ വിവാഹത്തിന്റെ കാനോനികക്രമം വിവരിക്കുന്നു. വിവാഹത്തിന്റെ കാനോനിക ക്രമത്തിലെ സാക്ഷികളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരണം CIC 1108, CCEO 828 എന്നിവ നല്കുന്നു. അതനുസരിച്ച് വിവാഹത്തിന്റെ സാധുതയ്ക്ക് സാക്ഷികളായി രണ്ടു വ്യക്തികൾ ഉണ്ടാകണം. CIC 1549-1550, CCEO 1230-1231 എന്നിവ അനുസരിച്ചും അവയുടെ വ്യാപ്തിയനുസരിച്ചുമുള്ള വിലക്കുകളില്ലാത്ത ആർക്കും നിയമാനുസൃത സാക്ഷികളാകാൻ സാധിക്കും.

CIC 10, CCEO 1495 എന്നിവ പ്രകാരം ഏതെങ്കിലും ഒരു നടപടിയെ അസാധുവാക്കാനോ ഏതെങ്കിലും പ്രവൃത്തികൾക്ക് ഒരു വ്യക്തിയെ അയോഗ്യനായോ കാണണമെങ്കിൽ പ്രസ്തുത വിവരം വ്യക്തമായി നിയമത്തിൽ രേഖപ്പെടുത്തിയിരിക്കണം.

സഭാവിശ്വാസികളെ സംബന്ധിച്ചിടത്തോളം വിവാഹത്തിന്റെ കാനോനികക്രമം പാലിച്ചുകൊണ്ട് ആഘോഷിക്കുന്ന വിവാഹങ്ങളെ മാത്രമേ സാധുതയുള്ള വിവാഹങ്ങളായി സഭ അംഗീകരിക്കുന്നുള്ളൂ. കാനോനികക്രമമനുസരിച്ച് വിവാഹത്തിന്റെ സാധുതയ്ക്ക് രണ്ട് സാക്ഷികൾ നിർബന്ധമാണ്. പ്രസ്തുത സാക്ഷികൾ നിയമപരമായി അയോഗ്യതയില്ലാത്തവരാ യിരിക്കണം. സാക്ഷികളാകുന്നതിൽനിന്നും സ്ത്രീകളെ നിയമം അയോഗ്യരാക്കുന്നില്ല.

ഇനി താങ്കളുടെ ചോദ്യത്തിലേയ്ക്കു വരുന്നു. വിവാഹത്തിന് സ്ത്രീകൾക്ക് സാക്ഷികളാകാമോ എന്നതാണ് താങ്കളുടെ സംശയം. CIC 1108, CCEO 828 എന്നിവ വിവാഹത്തിലെ കാനോനികക്രമം പാലിക്കാൻ ആവശ്യമായ സാക്ഷികളുടെ എണ്ണംമാത്രമേ പ്രതിപാദിക്കുന്നുള്ളൂ. പ്രസ്തുത സാക്ഷികൾ പുരുഷന്മാരോ സ്ത്രീകളോ ആകാവുന്നതാണ്. ആയതിനാൽ വിവാഹത്തിന് സ്ത്രീകൾക്കും സാക്ഷികളാകാം. നിയമത്തിന്റെ സാധ്യതകൾ വിനിയോഗിക്കുമ്പോൾ കുടുംബങ്ങളുടെ കെട്ടുറപ്പും സംരക്ഷിക്കപ്പെടേണ്ടതാണ്. ■

family corner

ഫാ. എ.ആർ.ജോൺ

# വിവാഹത്തിന് മുൻപ് വിവാഹമോചനം, ശേഷമല്ല

സ്വപ്നങ്ങളും ധാരണകളും ധാരാളമുള്ള ലോകത്താണ് നാം ജീവിക്കുന്നത്. അതുപോലെ ഭർത്താവിനുണ്ട് സ്വപ്നങ്ങളും ധാരണങ്ങളും ഭാര്യയെപ്പറ്റി, ഭാര്യയ്ക്കുമുണ്ട് ഭർത്താവിനെനെക്കുറിച്ച്. ഈ സ്വപ്നങ്ങളും പ്രതീക്ഷകളും ഒരു ദിവസം കൊണ്ട് രൂപപ്പെടുന്നതല്ല. ഒരു പക്ഷേ രണ്ടാം ലൈംഗിക പ്രായം ആരംഭിച്ചനാൾ മുതൽ രൂപപ്പെടുന്നതാണ്, എന്റെ ഭാര്യ ഈ ഗുണവിശേഷങ്ങൾ ഉള്ളവ്യക്തിയായിരിക്കണം. എന്റെ ഭർത്താവ് ഇത്തരം സവിശേഷതകൾ ഉള്ള ആളായിരിക്കണം എന്നെല്ലാം. ഈ സ്വപ്ന രൂപീകരണത്തിൽ സൗന്ദര്യമുണ്ട്, ശരീരപ്രകൃതിയുണ്ട്, കുടുംബമഹിമയുണ്ട്, ജോലി, പെരുമാറ്റം, സ്ഥലം, ജാതി, മതം എന്ന് തുടങ്ങുന്ന ധാരണകളുടെ പട്ടിക. ഇതെല്ലാം മനസ്സിൽ ചേർന്ന് ആദ്യം യുവാവ് ഒരു യുവതിയെ ഭാവനയിൽ ഭാവി ഭാര്യയായ് ഉണ്ടാക്കും ആ 'യുവതിയെ' ഇഷ്ടപ്പെടും. അതുപോലും തന്നെ യുവതിയും ഒരു സ്വപ്ന ഭാവി ഭർത്താവിനെ സ്വപ്നത്തിലുണ്ടാകും ആ യുവാവിനെ ഇഷ്ടപ്പെടും.



ഇന്ത്യയിൽ വിദേശരാജ്യങ്ങളെ അപേക്ഷിച്ച് മറ്റൊരു പ്രത്യേകത കൂടെയുണ്ട്. വിദേശത്ത് പയ്യൻ പെണ്ണിനെയും പെണ്ണ് പയ്യനെയും ഇഷ്ടപ്പെട്ടാൽ മതി. ഇവിടെ അതു മാത്രം പോരാ. ആ പെണ്ണിനെ പയ്യന്റെ അമ്മയ്ക്കും അച്ഛനും അടുത്ത ബന്ധുക്കൾക്കും കൂടെ ഇഷ്ടപ്പെടണം. അതുപോലെ തന്നെ പയ്യനെ പെണ്ണിന്റെ അമ്മയ്ക്കും അച്ഛനും ബന്ധുക്കൾക്കും ഇഷ്ടപ്പെടണം. കാരണം തന്റെ മകന് അല്ലെങ്കിൽ മകൾക്ക് ഭാര്യയായും ഭർത്താവായും വരാൻപോകുന്ന വ്യക്തിയെക്കുറിച്ച് അവരും ഉണ്ടാക്കിട്ടുണ്ട് സ്വപ്നങ്ങളും ധാരണകളും.

സത്യത്തിൽ യുവാവ് വിവാഹദിവസം താലിചാർത്തുന്നത് യഥാർത്ഥ ഭാര്യയെയല്ല മറിച്ച് ഓർമ്മവച്ച നാൾമുതൽ താൻ സ്വപ്നത്തിലുണ്ടാക്കിയെ ഭാര്യയെയാണ്. അതുപോലെ തന്നെ യുവതിയും. വിവാഹദിനം കഴിഞ്ഞ് വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള യുദ്ധം ആരംഭിക്കും. അത് കലാശിക്കുന്നത് വിള്ളലൂടെ വിടവുകളിലൂടെ വിവാഹമോചനത്തിലാണ്.

അതിനാൽ ആദ്യം വിവാഹമോചനം നേടേണ്ടത് സ്വപ്നത്തിലുണ്ടാക്കിയ ഭർത്താവിൽ നിന്നും ഭാര്യയും ഭാര്യയിൽ നിന്നും ഭർത്താവുമാണ്. ഈ വിവാഹമോചനം ചെയ്യാതെ വിവാഹത്തിൽ പ്രവേശിക്കുന്ന ദമ്പതികളാണ് വിവാഹശേഷം വിവാഹമോചനമെന്നതിന്മയിൽ വീണുപോകുന്നത്. അതിനാൽ വിവാഹം വിജയകരമാകാൻ സ്വപ്ന ഭർത്താവിൽ നിന്നും സ്വപ്നഭാര്യയിൽ നിന്നും വിവാഹമോചനം നേടി യഥാർത്ഥബോധത്തോടെ ദൈവത്തെ ധ്യാനിച്ച് വിവാഹിതരാകുക. അപ്പോൾ വിവാഹശേഷം വിവാഹമോചനം ഉണ്ടാക്കില്ല.

യഥാർത്ഥലോകത്ത് മടങ്ങിവരാൻ...

1. രണ്ട് മാലാഖമാരല്ല രണ്ട് മനുഷ്യരാണ് വിവാഹിതരാകുന്നതെന്ന് ഓർക്കുക (ഫ്രാൻസിസ് പാപ്പ)

2. കൂടെയുള്ള ഇണ എങ്ങനെ ആയിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അത് നിങ്ങളാകാൻ ശ്രമിക്കുക.

3. മനുഷ്യർ കുറവുള്ളവരാണ്. കുറവുകളില്ലാത്ത ഒരേ ഒരാൾ മാത്രമേയുള്ളൂ. അദ്ദേഹത്തിന്റെ പേരാണ് ദൈവം.

4. നമ്മുടെ പ്രതീക്ഷകൾക്കൊത്തുയരാൻ ആർക്കും കഴിയില്ല; നമുക്ക് പോലും.

5. നിങ്ങളുടെ ഇണയെ നിങ്ങൾ കണ്ടെത്തും മുൻപ് അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾക്കായ് കണ്ടെത്തും മുൻപ്, ദൈവം നിങ്ങളെ കണ്ടെത്തി എന്നതാണ് സത്യം. സ്വപ്നപങ്കാളിയെ വേളികഴിക്കാതിരുന്നാൽ ഒരുകാര്യം നിങ്ങൾ തിരിച്ചറിയും; നിങ്ങൾക്ക് നിങ്ങളുടെ ഇണയെ ചേരു... ■



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 6)

## മലമുകളിൽ നിന്ന്...

ദാനി. 7: 9-10, 13-14 | 2 പത്രോ. 1: 16-19 | മത്താ. 17: 1-9



"നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ." (റോമ. 12:2).

ഒരാളെത്തി നമ്മെ പുകഴ്ത്തി പറയുമ്പോൾ നമ്മുടെ അഹംബോധം ഊതിവീർപ്പിക്കപ്പെട്ടേക്കും. 'മഹാനാണ് ഞാൻ' എന്നൊരു തോന്നൽ ഉദിച്ചേക്കുമപ്പോൾ. മറ്റൊരാളെത്തി ഇകഴ്ത്തിപ്പറയവേ നാം നിലംപരിശായെന്നും വരാം. ഇങ്ങനെ അപരന്റെ ചരടുവലിക്കനുസരിച്ച് നാം പ്രവർത്തിക്കുന്നത്, നമ്മുടെ സ്വത്വത്തെക്കുറിച്ച് ധാരണയില്ലാത്തതുകൊണ്ടാണ്.


ബുദ്ധൻ ജന്മഗ്രാമത്തിലൂടെ കടന്നുപോകുകയായിരുന്നു. ജനങ്ങൾ കൂട്ടമായിവന്ന് അദ്ദേഹത്തെ ചീത്തവിളിക്കാൻ തുടങ്ങി. തെറികളൊക്കെ നിശബ്ദനായി കേട്ടിട്ട് അദ്ദേഹമിങ്ങനെ പറഞ്ഞു:

"വെയിലിന് ചൂടേറുന്നു. എനിക്ക് അടുത്ത ഗ്രാമത്തിലേക്ക് പോകണം. അവിടെയും ജനങ്ങളെന്നെ കാത്തുനിൽപ്പുണ്ട്. നിങ്ങൾക്കായി ഇനി കൂടുതൽ സമയം ചെലവഴിക്കാനില്ല. ആവശ്യമാണെങ്കിൽ തിരികെ വരുമ്പോൾ ഇത്തിരിക്കൂടി സമയം അനുവദിക്കാം."

ജനങ്ങൾക്കിത് വിശ്വസിക്കാനായില്ല. "ഞങ്ങൾ താങ്കളെ നിന്ദിക്കുകയായിരുന്നുവെന്ന് താങ്കൾക്ക് മനസ്സിലായില്ലെ? ഇളഭ്യരായി അവർ ചോദിച്ചു.

"നിങ്ങൾ പറഞ്ഞതൊക്കെ എനിക്ക് മനസ്സിലായി. പക്ഷേ, അതെന്റെ പ്രശ്നമല്ല, നിങ്ങളുടേതാണ്. നിങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നത് എന്റെ ജോലിയേ അല്ല. നിങ്ങളിൽ നിന്നും യാതൊരു സംബന്ധവും സ്വീകരിക്കാൻ ഞാനൊരുക്കവുമല്ല. സത്യത്തിൽ നിങ്ങളിത്തിരി വൈകിപ്പോയി. ശല്യം ചെയ്യണമെന്നുണ്ടായിരുന്നുവെങ്കിൽ നിങ്ങൾ പത്തുകൊല്ലം മുമ്പുവരണമായിരുന്നു. ദേഷ്യത്തോടെ പ്രതികരിക്കുന്ന കാലമായിരുന്നു അത്. എന്നാൽ ഞാനിപ്പോൾ തിരിച്ചറിവുള്ളവനായിരിക്കുന്നു. എനിക്കെന്നെ നന്നായിട്ടറിയാം. മറ്റൊരാളുടെ അഭിപ്രായത്തെ ആശ്രയിച്ചല്ല എന്റെ സ്വത്വം നിലനിൽക്കുന്നത്."

യേശുവിനോടൊപ്പം മലമുകളിൽ എത്തിയ അവർ യേശുവിന്റെ രൂപാന്തരീകരണത്തിന് സാക്ഷികളാകുകയാണ്. മാറുന്ന യേശുവിന്റെ രൂപത്തിലും ശോഭയിലുമാണ് ശിഷ്യരുടെ ശ്രദ്ധ (17:2-4). അവർ അവിടെ അവരുടെ അഭിപ്രായം പങ്കുവയ്ക്കുന്നു. "കൂടാരം കെട്ടി നമുക്കിവിടെ പാർക്കാം" (17:4). എന്നാൽ കർത്താവിന്റെ ഭാഗത്തുനിന്നും തന്റെ തീരുമാനത്തിന് യാതൊരു മാറ്റവുമില്ലെന്ന് നാം തിരിച്ചറിയുകയാണ് (17:5). യേശുവിന്റെ തീരുമാനമെന്തെന്നും തുടർന്നുവരുന്ന വചനഭാഗങ്ങളിൽ നിന്നും വ്യക്തമാണ്. 'ദൈവനിശ്ചയപ്രകാരമുള്ള സ്വന്തം പീഡാസഹനത്തെക്കുറിച്ചും മരണത്തെക്കുറിച്ചു'മാണത് (16:21, 17:9, 12). മത ജീവിതത്തിൽ ആവർ



ത്തിച്ചു സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടമാണിത്. ആദ്ധ്യാത്മികതയുടെ ദിവ്യശോഭയിലും മഹത്വത്തിലും മാത്രം ഫോക്കസ് ചെയ്യുന്ന ശൈലി. ആദ്ധ്യാത്മികതയുടെ പൊരുളിലും മറ്റുള്ളവരുടെ നന്മയിലും എന്റെ ഹൃദയത്തെ എത്തിക്കുന്നതാകണം എന്റെ മതാത്മകതയും അഭിപ്രായങ്ങളും. നിന്റെ ആദ്ധ്യാത്മികത നീയും ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നാണ് ഉരുവാകേണ്ടത്. അല്ലാതെ അടുത്തിരിക്കുന്നവന്റെ ആദ്ധ്യാത്മികതയിൽ ആശ്രയിച്ച് തിരുത്തി കൊടുക്കേണ്ടതല്ല.

യേശുവിന്റെ രൂപാന്തരീകരണം നൽകുന്ന രണ്ടാമത്തെ ചിന്ത; ഈശോയ്ക്ക് രൂപാന്തരീകരണം സംഭവിക്കുന്നത് ഒരു മലമുകളിൽ വച്ചാണ്. സുവിശേഷത്തിലൂടെ നാം കടന്നുപോകുമ്പോൾ ഈശോയുടെ ജീവിതത്തിൽ ചില മലകൾക്ക് ഒത്തിരി പ്രാധാന്യം കൊടുക്കുന്നുണ്ട്. ശിഷ്യരെപ്പോലും അവൻ അവിടേക്ക് ക്ഷണിക്കുന്നുമുണ്ട് (മാർക്കോ. 3:13).

(1) മലമുകളിലെത്തണമെങ്കിൽ ത്യാഗമുണ്ട് - മലമുകളിലേക്കുള്ള ക്ഷണങ്ങളൊക്കെ സഹന ജീവിതത്തിലേക്കുള്ള ക്ഷണങ്ങളാണ്.

(2) മലമുകളിലെത്തിയാൽ എന്തെന്നില്ലാത്ത ഒരു നിർവൃതിയുണ്ട് - ഏത് ത്യാഗത്തിന് ശേഷവും ഒരാനന്ദമുണ്ടെന്നപോലെ.

(3) മലമുകൾ സമഗ്രമായ വീക്ഷണം നൽകുന്നു. - താഴെ ആയിരുന്നപ്പോൾ കാണാതിരുന്ന പലതും മുകളിലെത്തിയാൽ കാണാനാകും. കാഴ്ചയും കാഴ്ചപ്പാടും വലുതാക്കും.

(4) മുകളിൽ നിന്നുള്ള നോട്ടത്തിൽ താഴെ നിന്ന് വിസ്മയത്തോടെ കണ്ട പലതും തീരെ നിസ്സാരമായിരുന്നെന്ന തിരിച്ചറിവ് നൽകും.

(5) മലമുകളിൽ നിൽക്കുമ്പോഴാണ് എന്റെ നിസാരത എനിക്ക് ബോധ്യമാക്കുക - താഴെ നിന്നപ്പോൾ ഞാനായിരുന്നു പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നായിരുന്നു.

(6) മലമുകൾ ഒരുവനെ സ്വർഗത്തോട് കൂടുതൽ അടുപ്പിക്കുന്നു (ഉൽ. 22:2, പുറ. 19:20).

(7) മലകളാണ് മേഘത്തെ തടഞ്ഞുനിർത്തി താഴ്‌വരകളിൽ മഴപെയ്യിപ്പിക്കുന്നത്. ദൈവത്തിന്റെ അനുഗ്രഹങ്ങളെ താഴ്‌വരയിൽ എത്തിക്കാനാഗ്രഹിക്കുന്നവരൊക്കെ കൈകൾ വിരിച്ചു നിൽക്കേണ്ടത് മലമുകളിലാണ്. (പുറ. 17:11)

ഇന്നത്തെ സാഹചര്യത്തിൽ ഈശോയുടെ യഥാർത്ഥ സാന്നിധ്യം വേണ്ടുന്ന ദൈവാലയങ്ങൾ തന്നെയാണ് ആ ഉയർന്ന മല. ഒരാഴ്ചയിലെ, തിരക്കു നിറഞ്ഞ ആറുദിവസങ്ങൾ കഴിഞ്ഞ്, ദൈവാലയമാകുന്ന ആ ഉയർന്ന മലയിലേക്ക് പോകാൻ ഞാനെത്രമാത്രം താൽപ്പര്യം കാണിക്കുന്നുണ്ട്. പലപ്പോഴും ആരുടെയൊക്കെയോ നിർബന്ധത്തിന് വഴങ്ങിയും, മറ്റുള്ളവരെ ബോധിപ്പിക്കാൻ വേണ്ടിയും, ഒരു ശീലത്തിന്റെ ഭാഗമായിട്ടും, ചിലർക്കൊക്കെ ഒരു സ്റ്റാറ്റസ് സിംബലായിട്ടും ദൈവാലയവും വി.കുർബാനയും മാറുന്നതുകൊണ്ട് രൂപാന്തരീകരണം നടക്കുന്നില്ല. പിതാവിന്റെ സന്നിധിയിൽ വസിക്കുന്ന പുത്രന്റെ തീക്ഷ്ണതയും താല്പര്യവും എന്റെ ദൈവാലയ സന്ദർശനങ്ങളിൽ പ്രതിഫലിക്കാത്തതിനാൽ, പ്രാർത്ഥനയും ഭക്തശീലങ്ങളും മനംമടുപ്പിക്കുന്ന, വിരസതയുളവാക്കുന്ന നിമിഷങ്ങളായിത്തീരുന്നു. "നാം ഇവിടെയായിരിക്കുന്നതു നല്ലതാ" എന്നു പറയേണ്ടതിനുപകരം 'ഈ കുർബാനയൊന്ന് കഴിഞ്ഞാൽ മതിയായിരുന്നു" എന്നുപിറുപിറുത്തുകൊണ്ടാണ് പലരും ദൈവലയത്തിലെ നിമിഷങ്ങൾ എണ്ണിക്കൂട്ടുന്നത്.

എന്തുകൊണ്ടാണ് ദൈവത്തിന്റെ സന്നിധിയിൽ വ്യാപരിച്ചിട്ടും നമുക്ക് രൂപാന്തരീകരണം ഉണ്ടാകാത്തത്. വി.പൗലോസ് ഇതിന് മറുപടി പറയുന്നുണ്ട്. "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ." (റോമ. 12:2). പലപ്പോഴും നമ്മുടെ പ്രാർത്ഥനകളും തിരുനാളുകളും ദൈവാലയ സന്ദർശനങ്ങളുമൊക്കെ ലോകത്തിന് അനുരൂപപ്പെടാനുള്ള മുറവിളികളാണ്. "എന്നെ, എങ്ങനെയെങ്കിലും ലോകത്തിന് അനുരൂപപ്പെടുത്തണമേയെന്നാണ് പലരും പ്രാർത്ഥിക്കുന്നതു തന്നെ.

ആയതിനാൽ നീ രൂപാന്തരീകരണത്തിനായി മനസ്സാകുന്നുവെങ്കിൽ രണ്ടുകാര്യങ്ങൾ ചെയ്യണം.
1) മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് നീയും നിന്റെ ദൈവവുമായുള്ള ബന്ധത്തെ വിലയിടരുത്.
2) ദൈവാലയങ്ങളാകുന്നമലമുകളുകളെ ദൈവസാന്നിധ്യത്തിന്റെ ഉറവിടമായി പരിഗണിക്കുക! ■

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ

# നിർഭയത്വം വെടിഞ്ഞാൽ അവനോടൊപ്പം നടക്കാം

1 രാജ. 19: 9a-11-13a | റോമ. 9: 1-15 | മത്താ. 14 : 22-33



**ജീവിതത്തിൽ ഉയർച്ച താഴ്ചകൾ സ്വാഭാവികം. പരീക്ഷണങ്ങളും തകർച്ചകളും പ്രതിബന്ധങ്ങളും ഉണ്ടാകുമ്പോൾ നീ നിന്റെ ദൈവത്തിന്റെ തണലിൽ അഭയം നേടുക. അവർ സമയത്തിന് നിന്നെ താങ്ങിക്കൊള്ളും.**

**ഒന്നാം വായന:** സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതി അതീവ തീക്ഷ്ണതയിൽ ജ്വലിച്ചിരുന്ന ഏലിയ, ഇസ്രായേൽ ജനം ഉടമ്പടി ലംഘിച്ചതും ബലിപീഠങ്ങൾ തകർത്തതും പ്രവാചകന്മാരെ വാളിനിരയാക്കിയതും കണ്ട് ഹോറെബിൽ ഒരു ഗുഹയിൽ ഒളിച്ചുവസിച്ചു. മരണത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിൽ കഴിയുമ്പോൾ ഹോറെബ് മലയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുവാൻ ആഹ്വാനം. അവിടെവച്ച് ദൈവത്തിന്റെ സാന്നിധ്യം ഒരിക്കൽക്കൂടി അനുഭവിച്ചറിഞ്ഞു.

**രണ്ടാം വായന:** ദൈവാശ്രയബോധവും അവിടുന്നിൽ ഉള്ള വിശ്വാസവുമാണ് വി. പൗലോസിന്റെ ജീവിതത്തിലെ ഉൾക്കരുത്ത്. യഹൂദജനതയെ ദൈവം തെരഞ്ഞെടുക്കുകയും അവരുമായി ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്ത യഹോവയാണ് സത്യമായ ആരാധനാമൂർത്തിയെന്ന് പൗലോസ് തീർത്തുവിശ്വസിക്കുന്നു.

**സുവിശേഷം:** മനുഷ്യൻ നിർഭയനാകുന്നത് കർത്താവിൽ വിശ്വസിക്കുമ്പോഴാണ്. കർത്താവിന്റെ തിരുമുഖത്തിൽ ദൃഷ്ടിയുറപ്പിച്ച് അവന്റെ കരുണയിൽ ആശ്രയിച്ചും വിശ്വാസിയും വിശ്വസ്തനുമാകുമ്പോൾ ഭയലേശമന്യേ സമുദ്രത്തിലൂടെ നടക്കുവാൻ കഴിയും. അല്ലെങ്കിൽ സാഗരത്തിൽ താണുപോകും. താണുപോകുമ്പോഴും മനസ്സിൽ തമ്പുരാനെ വിളിച്ചാൽ നിന്നരികിൽ ഓടിയെത്തി കരംപിടിച്ചുതാങ്ങുമെന്ന് പത്രോസ് അനുഭവിച്ചറിഞ്ഞു.

യൂറോപ്പിൽ നിന്നും അമേരിക്കയിലേക്കുള്ള ആയിരത്തിലധികം യാത്രക്കാരുള്ള ഒരു കപ്പൽ യാത്ര. പെട്ടെന്നാണ് ശക്തമായ കാറ്റുവീശിയത്. കാറ്റിന്റെ ശക്തിയിൽ കപ്പൽ മുങ്ങിത്താഴുമെന്ന പരിഭ്രാന്തിയിലാണ് യാത്രക്കാർ. കപ്പൽ ജോലിക്കാർ ശ്രദ്ധിച്ചപ്പോൾ ഏതാണ്ട് 10 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ബാലൻ ശാന്തനായും സന്തോഷവാനായും കാണപ്പെട്ടു. കാറ്റിന്റെ ശക്തിയിൽ ആടിയുലയുന്ന കപ്പലിൽ താളം പിടിച്ച് രസിക്കുന്ന, അവനോട് മരണത്തെ മുഖാഭിമുഖം കാണുന്ന അവർ ചോദിച്ചു: "നിനക്ക് ഭയം തോന്നുന്നില്ലേ?" ബാലൻ വളരെ ലാഘവത്തോടെ ഇങ്ങനെ പറഞ്ഞു: "ഞാനെന്തിന് ഭയപ്പെടണം?" എന്റെ അപ്പൻ ഈ കപ്പലിലെ കപ്പിത്താനാണ്." ഈ ബാലന് തന്റെ അപ്പന്റെ കഴിവിൽ അഭിമാനമാണ്. അപ്പൻ തന്നെ രക്ഷിക്കുമെന്നുള്ള ബോധ്യവും വിശ്വാസവുമാണ്. പത്രോസിന് നഷ്ടമായത് അവിശ്വാസം കൊണ്ടും അല്പ വിശ്വാസം കൊണ്ടുമാണ്. കർത്താവ് അതാവർത്തിക്കുകയും ചെയ്തു. "അല്പ വിശ്വാസീ നി എന്തിന് സംശയിച്ചു."

നമ്മുടെയൊക്കെ ജീവിത നൗകയുടെ നിയന്താവ് ദൈവമാണെന്ന ബോധ്യം തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യത്തിൽ നിർഭയനാകേണ്ട പത്രോസ്, ഈശോയിലേക്ക് നോട്ടം പിഴയ്ക്കുമ്പോൾ കടലിൽ താഴുവാൻ തുടങ്ങി. എങ്കിൽപോലും തന്റെ ഹൃദയത്തോട് ചേർത്തു പിടിക്കുന്ന തമ്പുരാൻ. ഭയപ്പെട്ട്, മരണം മാത്രം മതിയെന്ന് ശക്തമായി ആഗ്രഹിച്ച ഏലിയായ്ക്ക് മൃദുസ്വരത്തിൽ മന്ദമാരുതനിലൂടെ ശക്തിപ്പെടുത്തിയ ദൈവം, തന്റെ ഉപകരണമായി വീണ്ടും പ്രവർത്തിക്കാൻ ആത്മശക്തി പ്രദാനം ചെയ്യുന്നതും നാം വായിക്കുന്നു.

പാണ്ഡവ കൗരവ ഗുരുവായ ദ്രോണാചാര്യർ തന്റെ ശിഷ്യന്മാരെ അസ്ത്രവിദ്യ പഠിപ്പിക്കുന്നതിന്റെ ഭാഗമായിട്ട് മരത്തിന്റെ ഉയർന്ന ശാഖയിൽ ഒരു പക്ഷിയെ കെട്ടിത്തൂക്കിയിട്ട്, അതിനെ അമ്പെയ്തു വീഴ്ത്താൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. എന്നാൽ അതിന് മുന്നോടിയായിട്ട് അവരെ വിളിച്ച് നിങ്ങൾ എന്തു കാണുന്നുവെന്ന ചോദ്യത്തിന് ചിലർ മരവും ശാഖകളും ഇലയും പക്ഷിയും കാണുന്നുവെന്ന് മറുപടി പറയു

മ്പോൾ അർജ്ജുനന്റെ മറുപടി വ്യത്യസ്തമാണ്. അർജ്ജുനൻ പറഞ്ഞത്, 'ഞാൻ ആ പക്ഷിയുടെ ശിരസ്സ് കാണുന്നുവെന്നാണ്.' അമ്പുചെയ്ത് പക്ഷിയെ വീഴ്ത്തേണ്ടവൻ അതിന്റെ ശിരസ്സ് കണ്ടാൽ മതി.

കലിയിളകുന്ന കടലിന്റെ ആഴവും കാറ്റിന്റെ ശക്തിയിലുരുവാകുന്ന ഓളവും കാണുമ്പോൾ, നീ നിന്റെ ചാരത്തെത്തിയ തമ്പുരാനെ തിരിച്ചറിയണം. അവൻ ഭൂതമല്ല, ദൈവമാണ്. അവനാണ് കാറ്റിനോട് കടലിനോടും ഇങ്ങനെ പറഞ്ഞത് "ശാന്തമാവുക; ഞാൻ ദൈവമാണെന്ന് അറിയുക!" ആഴിയിലൂടെ നടക്കുവാൻ പുഴിയിലെ മനുഷ്യന് ആഗ്രഹം ഉണ്ടെങ്കിൽ പോലും അവനിലേക്ക് ദൃഷ്ടികൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, അവനെ ലക്ഷ്യം വച്ച് നടന്നുതുടങ്ങുക. നിന്റെ ലക്ഷ്യവും നോട്ടവും തെറ്റാതിരിക്കട്ടെ. അങ്ങനെ വരുമ്പോൾ നീ ഭാഗ്യവാനാകും. നീ പരാജിതനാവുകയുമില്ല.

1. പത്രോസിനും, പൗലോസിനും ഏലിയായ്ക്കും ദൈവാശ്രയ ബോധത്തിൽ ഉൾക്കരുത്ത് ലഭിച്ചപ്പോൾ പിന്നീടവർക്ക് ദുഃഖിക്കേണ്ടിവന്നില്ല.

2. ജീവിതത്തിൽ ഉയർച്ച താഴ്ചകൾ സ്വാഭാവികം. പരീക്ഷണങ്ങളും തകർച്ചകളും പ്രതിബന്ധങ്ങളും ഉണ്ടാകുമ്പോൾ നീ നിന്റെ ദൈവത്തിന്റെ തണലിൽ അഭയം നേടുക. അവൻ സമയത്തിന് നിന്നെ താങ്ങിക്കൊള്ളും.

3. വ്യവസ്ഥകളില്ലാതെ ദൈവത്തിൽ ആശ്രയിക്കുന്നവനായി മാറുക. കാറ്റിനേയും കടലിനേയും ശാന്തമാക്കുന്ന നിന്റെ കർത്താവ് ജീവിതപടവിൽ ഉള്ളകാര്യം അവഗണിക്കാതിരിക്കുക.

ഇന്നത്തെ സങ്കീർത്തനത്തിൽ നാം വായിച്ചപോലെ : "അവിടുന്ന് തന്റെ ജനത്തിന് സമാധാനമരുളും, ഹൃദയപൂർവ്വം തന്നിലേക്ക് തിരിയുന്ന തന്റെ വിശുദ്ധർക്കുതന്നെ. അവിടുത്തെ ഭയപ്പെടുന്നവർക്ക് രക്ഷ സമീപസ്ഥമാണ്." (സങ്കീ. 85:8b-9a). ■

ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 20)

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# മതിലുകൾ തകർക്കുന്നവർ

ഏശ. 56 : 1, 6-7 | റോമ 11: 13-15, 29-32 | മത്താ. 15 : 21 - 28



**"ദാനധർമ്മം മരണത്തിൽനിന്നു രക്ഷിക്കുന്നു. അത് സകല പാപങ്ങളും തുടച്ചു നീക്കുന്നു. പരോപകാരവും നീതിയും പ്രവർത്തിക്കുന്നവർ ജീവിതത്തിന്റെ പൂർണത ആസ്വദിക്കും" (തോബിത്ത് 12 : 9).**

മതിലുകൾ ആര് എവിടെ തീർത്താലും അത് ദ്വീപുവല്ക്കരിക്കപ്പെടലാണ്. ഉത്തരവാദിത്വങ്ങളിൽ നിന്നും സാമൂഹ്യസംസർഗങ്ങളിൽനിന്നും ഒഴിയലാണ്. മതിലുകൾ അപരനെ സൃഷ്ടിക്കലാണ്. സ്വന്തം സുരക്ഷിതത്വത്തിന്റെ വലയങ്ങൾ തീർക്കലാണ്. ജറുസലേം ദേവാലയത്തിൽ പോലും ഈ മതിലുകൾ ഉണ്ടായിരുന്നു. വിജാതിയർക്കുള്ള പുറത്തെതളം, സ്ത്രീകളുടെ തളം, യഹൂദപുരുഷന്മാരുടെ തളം, പുരോഹിതരുടെ തളം, അതിവിശുദ്ധസ്ഥലം, എന്നിങ്ങനെ അവിടം തിരിക്കപ്പെട്ടിരുന്നു. ശ്രേണീബദ്ധമായ ജാതീയതയുടെയും വരേണ്യതയുടെയും ലിംഗവ്യത്യാസത്തിന്റെയും ഇടമായിരുന്നു ജറുസലേം ദേവാലയത്തിന്റെ തിരിവുകൾ. ദൈവം അനാവൃതമാക്കപ്പെടാതെ ഈ മതിലുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടു.

രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക മതശക്തികളുടെ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന അന്നത്തെ ദേവാലയസംവിധാനങ്ങളെയും പുരോഹിതവർഗത്തിന്റെ മനസാക്ഷിയില്ലാത്ത നിയമവ്യവസ്ഥിതികളെയും ഏശയ്യ പ്രവാചകൻ അതിനിശിതമായി വിമർശിക്കുന്നു. അനീതിക്കും ചൂഷണത്തിനും ഇരയായി ദുരിതമനുഭവിക്കുകയും മേലാളന്മാരാൽ ചവിട്ടി മെതിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്യുന്ന ഇസ്രായേലിലെ ദരിദ്രരുടെ പക്ഷം ചേർന്നു അധികാരവർഗത്തോട് തീർപ്പില്ലാതെ കലഹിക്കുന്നവരാണ് പ്രവാചകർ. യഹോവയ്ക്ക് പൂജാബലിയർപ്പിക്കാനല്ല, ന്യായവും നീതിയും നടപ്പിലാക്കാനാണ് പ്രവാചകന്റെ താക്കീത്. ജനത്തോടുള്ള കടമകൾ ആരും മറക്കരുത്. വിജാതീയർക്കും ഷണ്ഢന്മാർക്കും നിഷിദ്ധമായ ജറുസലേം ദേവാലയത്തിലെ സ്ഥാനം കർത്താവ് ഉറപ്പിച്ചു നല്കുന്നു. ലിംഗന്യൂനതകൾ ഉള്ളവരാണ് ഷണ്ഢന്മാർ. അവർക്ക് മക്കൾപരമ്പരകൾ ഉണ്ടാകില്ല. സമൂഹത്തിലെ ഈ അധഃകൃതരെ കൊട്ടാരത്തിലും മറ്റും പല ജോലികൾക്കുമായി ഉപയോഗിച്ചിരുന്നു. വൃഷണം ഉടക്കപ്പെട്ടവനോ ലിംഗം ഛേദിക്കപ്പെട്ടവനോ കർത്താ

വിന്റെ സന്നിധിയിൽ പ്രവേശിക്കരുത് (നിയമ. 23:1).

നമ്മുടെ സുവിശേഷ പ്രവൃത്തികൾ കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും നടപടികളാകണം. നമ്മുടെ ദൈവവേല എല്ലാവർക്കും അത്യാനന്ദം പകരുന്ന ഒന്നാക്കി മാറ്റണം. യഹോവ ആരെയും വിസ്മരിക്കുന്നില്ല. ഇസ്രായേലിന്റെ മക്കളെക്കാൾ മഹത്തായ സ്ഥാനം ഷണ്ഡന്മാർക്ക് നല്കുമത്രേ. വിപ്ലവാത്മകമായ വാഗ്ദാനം യഹൂദജനത്തിന്റെ അവകാശങ്ങളുടെ മേലുള്ള കൈകടത്തലായി ഇത് ചിത്രീകരിക്കപ്പെടാം. ഒരു പക്ഷേ പ്രവാചകൻ കൊല്ലപ്പെടാം. ദൈവം അവർക്ക് സ്മാരകവും നാമവും നല്കുമ്പോൾ പുത്രപരമ്പരകളില്ലാത്തവരാണെങ്കിലും അവരുടെ പേര് തുടച്ചു മാറ്റപ്പെടില്ല. എന്നാൽ ഇത് സാബത്ത് അനുഷ്ഠിക്കുന്നവർക്കുള്ള വാഗ്ദാനമാണ്. ദൈവത്തിന്റെ ഈ അനുഗ്രഹത്തിന് പാത്രമാകാൻ ചില കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്. സ്നേഹിക്കുക, ദാസരായിരിക്കുക. യഹോവ അവരെ ദേവാലയത്തിലേക്ക് ആനയിക്കുക മാത്രമല്ല അവർക്ക് ആനന്ദവും നല്കും. ദേവാലയം എന്നും നിലനില്ക്കില്ല. ദൈവത്തിന്റെ സ്നേഹം നിലനില്ക്കും. അധികാരകേന്ദ്രങ്ങളെ സ്വാധീനിക്കാനോ അവകാശങ്ങൾ സ്വന്തമാക്കാനോ കഴിയാത്തവരുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ നമ്മളുണ്ടാകണം.

## ദളിതരുടെ സുവിശേഷം

പൗലോസും വിജാതിയരുടെ ഇടയിലുള്ള ശുശ്രൂഷയിൽ അഭിമാനം കൊള്ളുന്നു. അതിലൂടെ യഹൂദരെ ലജ്ജിപ്പിക്കുക, അങ്ങനെ കുറെപ്പേരെ മാനസാന്തരപ്പെടുത്തുക ഇങ്ങനെ പൗലോസ് നാടകീയമായി പ്രവർത്തിക്കുന്നു. ദളിതൻ വേട്ടയാപ്പെടുന്ന രാജ്യമാണ് നമ്മുടേത്. എന്നത്തെക്കാളും ദളിത് വിവേചനവും ക്രൂരതയും വർദ്ധിച്ചിരിക്കുന്നു. അഖണ്ഡ ഭാരതത്തിൽ കറുത്തവരെ, ദരിദ്രരെ തൃണവത്ക്കരിച്ചിരിക്കുന്നു. കീഴാളജന്തുക്കളായി ദളിതനെ തരംതാഴ്ത്തിയിരിക്കുന്നു. നമ്മുടെ ശുശ്രൂഷകൾ എല്ലാ അർത്ഥത്തിലും ദളിതവത്ക്കരിക്കപ്പെട്ട വിശ്വാസസമൂഹത്തെ ഉദ്ദരിക്കുവാൻ ഉതകണം. ദരിദ്രരെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും വേണം. ദരിദ്രരോടും സമൂഹഭ്രഷ്ടരോടും അടുത്തുനിന്ന ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസമാണ് സമൂഹത്തിന്റെ ഏറ്റവും അവഗണിക്കപ്പെട്ട അംഗങ്ങളുടെ സമഗ്രവികസനത്തിനുള്ള നമ്മുടെ താത്പര്യത്തിന്റെ അടിസ്ഥാനം.

## എച്ചിൽ രാഷ്ട്രീയം അഥവാ അപ്പബാക്കി

കാനാൻകാരിസ്ത്രീയുടെ വിലാപം ഒരു kyrie elison... (കർത്താവേ കനിയണമേ) തന്നെയാണ്. ആഹാരത്തിന്റെ അവശിഷ്ടങ്ങൾക്കുവേണ്ടി നായ കുരയ്ക്കുന്നതുപോലെ അവൾ യേശുവിന്റെ മുമ്പിൽ കരുണയ്ക്കായി കുരച്ചു, അലമുറയിട്ടു. ബൈബിളിൽ കരഞ്ഞു വാങ്ങിയ കൃപ ഇതുപോലെ മറ്റൊന്നില്ല. കഥാരംഗത്തിൽ യേശു യഹൂദപക്ഷം ചേരുന്നുവെന്ന് തോന്നിപ്പോകാം. അത് യേശുവിന്റെ നയങ്ങൾ സുവ്യക്തമാക്കാനുള്ള ഒരു പ്രകോപനസമീപനമാണ്. നിഷേധിക്കപ്പെടുമ്പോഴും തന്റെ മകന്റെ സൗഖ്യം യേശുവഴി മാത്രമേ സാധ്യമാകുകയുള്ളൂവെന്ന് ആ സാധു സ്ത്രീ കരുതുന്നു. യേശുവിന്റെ ചോദ്യത്തിന് ധൈര്യത്തോടെ അവൾ നല്കിയ മറുപടി എല്ലാവരെയും അമ്പരപ്പിച്ചു. യേശു അവളുടെ വിശ്വാസത്തെ പ്രകീർത്തിച്ചു. മൂന്നുവായനകളിലും വിജാതീയർക്ക് നല്കുന്ന അംഗീകാരവും പരിഗണനയും നാം ശ്രവിക്കുന്നു. യേശു അവളിലൂടെ സുവിശേഷം പറയുകയാണ്. അവരുടെ സംഭാഷണങ്ങളിൽ കരുണയും സ്നേഹവും പ്രത്യാശയും പടം ചേർക്കപ്പെടുന്നു. "ദാനധർമ്മം മരണത്തിൽനിന്നു രക്ഷിക്കുന്നു. അത് സകല പാപങ്ങളും തുടച്ചു നീക്കുന്നു. പരോപകാരവും നീതിയും പ്രവർത്തിക്കുന്നവർ ജീവിതത്തിന്റെ പൂർണത ആസ്വദിക്കും" (തോബിത്ത് 12 : 9). ■

ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 27)

# അധികാരം: പാലം പണിയുവാൻ

നീർച്ചാലുകൾ

ഫാ. മൈക്കിൾ തോമസ്

ഏശ. 22:19-23 | റോമ. 11: 33-36 | മത്താ. 16 : 13-20

**അ**ഭിപ്രായ സർവ്വേകളിലൂടെയും എസ്.എം.എസിലൂടെയും താരപ്പൊലിമ കണ്ടെത്തുന്ന, ഉറപ്പിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുക. യേശുവും നൂറ്റാണ്ടുകൾക്കുമുമ്പ് ഇത്തരം ഒരു സർവ്വേ നടത്തുവാൻ ശ്രമിച്ചിരുന്നു. പുതിയ താരങ്ങളെ സൃഷ്ടിച്ച് കൈയ്യടി ഏറ്റുവാങ്ങുവാനായിരുന്നില്ല അത്. മറിച്ച് തന്നെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചുമുള്ള അനുഭവസാക്ഷ്യത്തിലേക്ക് തന്റെ ശിഷ്യഗണത്തെ ക്ഷണിക്കുവാനായിരുന്നു അത്. യേശുവിന് താൻ ആരാണെന്നോ തന്റെ ദൗത്യം എന്താണെന്നോ അറിയാഞ്ഞിട്ടോ, വ്യക്തത കുറവ് ഉണ്ടായിട്ടോ ആയിരുന്നില്ല, മറിച്ച് തന്റെ ഹൃദയവികാരങ്ങൾ ഒപ്പിക്കൊടുക്കുവാൻ ശ്രമിച്ച, പിതാവിൽ നിന്നും താൻ സ്വീകരിച്ച രക്ഷാകര ദൗത്യം, സ്നേഹത്തിന്റെ, സാന്ത്വനത്തിന്റെ, കരുതലിന്റെ, സൗഖ്യത്തിന്റെ, ക്ഷമയുടെ അ

നുരജ്ഞനത്തിന്റെ, കൂട്ടുത്തരവാദത്തിന്റെ .... ദൗത്യം ശിഷ്യരെ ബോധ്യപ്പെടുത്തി ഭരമേല്പിക്കുവാനുള്ള തീവ്രമായ ആഗ്രഹത്തിന്റെ ഫലമായിരുന്നു അത്.

രണ്ട് ചോദ്യങ്ങളാണ് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചത്. "ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്?". ഇത് തികച്ചും അഭിപ്രായ സർവ്വേ ആണ്. ശിഷ്യന്മാർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നില്ല, ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ. ജനങ്ങളിൽ നിന്നും കേട്ട അഭിപ്രായങ്ങൾ, അറിവുകൾ അവർ പങ്കുവച്ചു: സ്നാപകയോഹന്നാൻ, ഏലിയ, ജെറമിയ പ്രാവചകന്മാരിലൊരുവൻ ...... യേശുവിനെ കണ്ട, കേട്ട, പ്രവർത്തനങ്ങൾ അനുഭവിച്ച ജനം അവരുടെ പരിമിതമായ അറിവിലും അനുഭവത്തിലും നിന്ന് നൽകിയ മറുപടിയായിരുന്നു അവ. അവയിലെല്ലാം ശരിയുടെ അംശമുണ്ട്, എന്നാൽ സമഗ്രമല്ല. അതിന്റെ ചുവടു പിടിച്ചുകൊണ്ടാണ് രണ്ടാമത്തെ ചോദ്യം യേശു ചോദിക്കുന്നത്: "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" ചോദ്യത്തിന്റെ തീവ്രത, മുനകൂടി. എന്നാൽ ലക്ഷ്യവിഭാഗം അഥവാ പ്രത്യുത്തരിക്കേണ്ടവർ പരിമിതമാക്കപ്പെട്ടു. മസ്തിഷ്ക്കവ്യാപ്തിയോ അധരവ്യായാമമോ, വാക്ക്ചാതുര്യമോ അല്ല ഉത്തരത്തിന് ആധാരമാകേണ്ടത്. ദൈവീക വെളിപാടിൽ നിന്നും രൂപപ്പെടുന്ന സ്വന്തം അനുഭവവും ബോധ്യങ്ങളുമാണ് ഉത്തരമാകേണ്ടത്.

നിശ്ചയമായും ശിഷ്യന്മാർ ഉത്തരം നൽകാൻ ബുദ്ധിമുട്ടിയിട്ടുണ്ടാകണം. എങ്കിലും ദൈവീക വെളിപാടിന്റെ സഹായത്തോടെ ശിമയോൻ പത്രോസ് രക്ഷകനാകുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു". ഉത്തരം നൽകിയപ്പോൾ പത്രോസിന്റെ മുഖഭാവവും ഹൃദയമനോഭാവവും, അഭിമാനത്തിന്റെ, തെല്ലൊരു അഹന്തയുടെ, ആത്മനിർവൃതിയുടെതായിരുന്നിരിക്കണം. ഉള്ളറിയുന്ന ഉടയവൻ ഉടനെ തിരുത്തി അവനെ യോനായുടെ പുത്രനായ ശിമയോനെ നീ അഹങ്കരിക്കണ്ട, നിന്റെ ശക്തിയും ബുദ്ധിവൈഭവവുമല്ല നീ പ്രകടിപ്പിച്ചത്. പ്രത്യുത, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹത്തിന്റെ വെളിപാടാണത്. ഏറെ ശരിയാണത്. കാരണം പത്രോസിന്റെ അനുഭവത്തിന്റെയും ബോധ്യത്തിന്റെയും പിൻബലത്തിലാണ് ആ ഉത്തരം നൽകിയിരുന്നതെങ്കിൽ മിശിഹായ്ക്ക്, ജീവന്റെ നാഥന് മാനുഷിക കാഴ്ചപ്പാടിലുള്ള നിന്ദയും പരാജയവും ഉണ്ടായപ്പോൾ, നിർദ്ദയമായി പീഡിപ്പിക്കപ്പെട്ടപ്പോൾ, ക്രൂശിതനായപ്പോൾ പത്രോസും കൂട്ടരും ഇടറില്ലായിരുന്നു, ഒറ്റിക്കൊടുക്കുകയും തള്ളിപ്പറയുകയും ഉപേക്ഷിച്ച് സ്വയരക്ഷക്കായ് ഓടിപ്പോവുകയും ചെയ്യില്ലായിരുന്നു.



**അജപാലകരും സഭാ ശുശ്രൂഷകരും കർത്താവിനാൽ അവരോധിക്കപ്പെട്ടവരാണ്. അതിനാൽ സ്വന്തം പദ്ധതികൾക്കും താല്പര്യങ്ങൾക്കുമല്ല ഊന്നൽ നൽകേണ്ടത്. മറിച്ച് ദൈവേഷ്ടം അനുവർത്തിച്ചുകൊണ്ട് കർത്താവിന്റെ വേലക്കാരായിത്തീരണം.**

പത്രോസിനെക്കൊണ്ടുള്ള ഈ വിശ്വാസ പ്രഖ്യാപനത്തിനായ് തെരഞ്ഞെടുക്കപ്പെട്ട സ്ഥലം - "കേസറിയ - ഫിലിപ്പി" ഏറെ നിർണ്ണായകവും പ്രതീകാത്മകവുമാണ്. ഗലീലി കടൽക്കരയിൽ നിന്നും വടക്കുമാറി 20 മൈൽ ദൂരെയായി സ്ഥിതി ചെയ്യുന്ന ഈ പട്ടണം എ.ഡി. 1-ാം ആണ്ടിൽ ഫിലിപ്പ് രാജാവ് പണികഴിപ്പിച്ചതും അന്യദേവന്മാരുടെ ആരാധനയ്ക്ക് പേരുകേട്ടതുമായിരുന്നു. ജീവനില്ലാത്ത വിഗ്രഹങ്ങളെ ദൈവമായി ആരാധിക്കുന്ന പട്ടണത്തിൽ വച്ച് തന്നെ ജീവന്റെ നാഥനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ രക്ഷയുടെ അവിഭാജ്യ ഘടകമാണെന്ന ഏറ്റുപറച്ചിലാണ്. പാറയായിത്തീർന്ന പത്രോസ് ആരായിരിക്കണമെന്നും, തന്നെ ഭരമേല്പിക്കപ്പെട്ട സഭാ ശുശ്രൂഷ എപ്രകാരം നിർവ്വഹിക്കണമെന്നും വെളിച്ചം വീശുന്നതാണ് ഇന്നത്തെ ആദ്യത്തെ രണ്ടു വായനകളും.

ഹെസക്കിയാ രാജാവിന്റെ (ബി.സി. 716-687) കൊട്ടാരവിചാരിപ്പുകാരനായിരുന്ന ഷെബ്ന ജനസേവക്കായ് തന്നെ ഏല്പിച്ചിരുന്ന അധികാരം ദുർവിനിയോഗം ചെയ്യുകയായിരുന്നു; അസിറിയൻ ശക്തികൾക്കെതിരെ പൊരുതുവാൻ ഈജിപ്തിന്റെ സഹായം ആവശ്യപ്പെടുവാൻ രാജാവിനെ ഉപദേശിച്ചതിലൂടെ. ഇതിൽ കോപിതനായ ഏശയ്യ പ്രവാചകൻ ഈ തീരുമാനത്തെ ശക്തിയുക്തം എതിർക്കുകയും യൂദയാ രാജ്യം ഏകദൈവമായ യഹോവയിലാണ്, അന്യദേവന്മാരിലല്ല ആശ്രയിക്കേണ്ടത് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അധികാര ദുർവിനിയോഗം നടത്തിയ ഷെബ്നായെ തല്സ്ഥാനത്തു നിന്നു നീക്കി ദൈവദാസനായ എലിയാക്കിമിനെ സ്ഥാനാരോഹിതനാക്കുമെന്ന പ്രഖ്യാപനം ഇന്നത്തെ സഭാ ശുശ്രൂഷകർക്കും നേതൃത്വത്തിലിരിക്കുന്നവർക്കും ശക്തമായ മുന്നറിയിപ്പുകൂടിയാണ്.

അജപാലകരും സഭാ ശുശ്രൂഷകരും കർത്താവിനാൽ അവരോധിക്കപ്പെട്ടവരാണ്. അതിനാൽ സ്വന്തം പദ്ധതികൾക്കും താല്പര്യങ്ങൾക്കുമല്ല ഊന്നൽ നൽകേണ്ടത്. മറിച്ച് ദൈവേഷ്ടം അനുവർത്തിച്ചുകൊണ്ട് കർത്താവിന്റെ വേലക്കാരായിത്തീരണം. അപ്രകാരമുള്ളവർ ദൈവത്തിന്റെ മനസ്സ് അറിയുന്നവരും, അവിടുത്തെ ഉപദേഷ്ടാക്കളും അവിടുത്തേക്ക് ദാനം നൽകുന്നവരുമായിരിക്കും. അവർ മതിലുകൾ കെട്ടി ഭിന്നതയുണ്ടാക്കുന്നവരാകില്ല. സ്നേഹത്തിന്റെ പാലം പണിയുന്ന കൂട്ടായ്മയുടെയും കൂട്ടുത്തരവാദത്തിന്റെയും വക്താക്കളായിത്തീരും. നമ്മുടെ പ്രാദേശിക സഭാ നിർമ്മിതിയിലും ശുശ്രൂഷകളിലും ഇത്തരം ചൈതന്യം നമ്മെ വഴി നടത്തുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. ■

# വചനജ്വാല

2017 സെപ്തംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# എത്രമാത്രം ഉന്നതനാണോ, അത്രമാത്രം വിനീതനാകുക

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

പണ്ടൊരിക്കൽ വളരെ ഉയരത്തിലിരുന്ന് തന്റെ സൃഷ്ടികർമം നിർവഹിക്കുകയായിരുന്നു ഒരു ശില്പ്പി. അതിനിടെ അദ്ദേഹത്തിന് ഒരു സുപ്രധാനമായൊരു സന്ദേശം താഴെയൊരാളിനെ അടിയന്തിരമായി അറിയിക്കണമായിരുന്നു. അദ്ദേഹം ഉച്ചത്തിൽ വിളിച്ചുനോക്കിയെങ്കിലും നഗരത്തിന്റെ നാനാവിധമായ ശബ്ദകോലാഹലങ്ങൾക്കിടയിൽ ആ ശബ്ദം ലയിച്ചുപോയി. നിരവധിയാളുകൾ താഴെയുള്ള ആ നിരത്തിൽക്കൂടി നീങ്ങിക്കൊണ്ടിരുന്നു. അവരിൽ ഒരാളുടെ മുമ്പിലേക്ക് അദ്ദേഹം ഒരു നാണയത്തുട്ട് ഇട്ടുകൊടുത്തു. അയാൾ അതെടുത്ത് തിരിച്ചും മറിച്ചും നോക്കിയ ശേഷം പോക്കറ്റിലിട്ടുകൊണ്ട് നടന്നു നീങ്ങി. ശില്പ്പി വീണ്ടും ഒരു നാണയം കൂടി താഴെയിട്ടു. ആ നാണയം കിട്ടിയ വനിതയാകട്ടെ, തിരിച്ചും മറിച്ചും പോലും നോക്കാതെ തന്റെ സഞ്ചിയിൽ നിക്ഷേപിച്ച് വേഗം നടന്നുപോയി.



ഉദാരമനസ്കനായ ആ ശില്പി ഇത് പലപ്പോഴും ആവർത്തിച്ചിട്ടും നാണയം കിട്ടിയ ഒരു മനുഷ്യൻ പോലും ദാതാവായ ശില്പിയുടെ സന്നിധിയിലേക്ക് തലയുയർത്തി നോക്കിയില്ല. ഒടുവിൽ ശില്പി ഒരു ചെറിയ കല്ലെടുത്ത് താഴേക്കിട്ടു. അത് ഒരു വഴിയാത്രക്കാരന്റെ തലയിൽ പതിച്ചു. പെട്ടന്ന് അയാൾ മുകളിലേക്കുനോക്കി. ഉടനെ ശിൽപ്പി തനിക്ക് അറിയിക്കാനുള്ള സന്ദേശം താഴേക്ക് ഇട്ടുകൊടുക്കുകയും ചെയ്തു.

നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ അത്യുന്നത ദൈവം ഈ ശില്പിയെപ്പോലെയാണ്. കരുണാമയനായ അവിടുത്തോട് നന്ദിപറയാൻ എന്നും മറന്നുപോകാറുള്ള നമ്മൾ തന്നെയല്ലെ ആ വഴിയാത്രക്കാർ?

സ്നേഹത്തിൽ ധൂർത്തനായ ദൈവ പിതാവ് ഉദാരമനസ്ക്കതയോടെ അനുദിനം കനിഞ്ഞുതന്ന അനുഗ്രഹങ്ങളല്ലേ ഓരോ നാണയത്തുട്ടുകളാകുന്ന വൈദികർ. എന്നാൽ നാം അവരിലെ ദൈവീകതയെ തിരിച്ചറിയാതെയും പഴിചാരിയും മുന്നോട്ട് നീങ്ങുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിലെ ആശയവിനിമയാർത്ഥം ലഭ്യമാകുന്ന പ്രതിപുരുഷരാണ് ഓരോ പുരോഹിതരും.

കെ.ആർ.എൽ.സി.സിയുടെ നിർദ്ദേശ പ്രകാരം ഈ മാസം നമ്മുടെ കുടുംബകൂട്ടായ്മകളിൽ വൈദീകരിലെ ആത്മാഭിഷേകം നിറയാൻവേണ്ടി പ്രാർത്ഥിക്കണമെന്നും ചിന്തിക്കണമെന്നും ആവശ്യപ്പെടുന്നു. ഈയൊരു നിയോഗം മനസ്സിൽ പ്രതിഷ്ഠിച്ച് എല്ലാ വൈദീകരിലും ആത്മാഭിഷേകത്തിന്റെ അഗ്നി നിറയ്ക്കണമെന്ന ദാഹത്തോടെ നമ്മുടെ മധ്യത്തിലേക്ക് ഈശോയെ സ്വാഗതം ചെയ്യാം.

## 4. യേശുവിനെ ക്ഷണിക്കൽ

## 5. വചനഗീതി

## 6. ദൈവവചന പാരായണം

(ലൂക്ക. 7:1-10)

## 7. വചനവിചിന്തനം

സ്വന്തം മകനോ, മകൾക്കോ വേണ്ടിയല്ല ശതാധിപൻ യേശുവിനെ സമീപിച്ചത്. മറിച്ച് തന്റെ ഭൃത്യരിൽ ഒരാൾക്കുവേണ്ടിയാണ്. ഭൃത്യന്റെ സൗഖ്യത്തിനുവേണ്ടി കേഴുന്ന യജമാനൻ. അന്ത്യ അത്താഴത്തിൽ ശിഷ്യരുടെ പാദങ്ങൾ കഴുകി മാതൃക കാണിച്ച ക്രിസ്തുവിന്റെ മുഖഭാവം തന്നെയായിരിക്കണം അയാൾക്കും. അയാളുടെ അപേക്ഷയ്ക്ക് മറുപടിയായി ക്രിസ്തു അയാളുടെ വീട്ടിൽ ചെന്ന് ഭൃത്യനെ സുഖപ്പെടുത്താമെന്നുപറയുന്നു. എന്നാൽ ശതാധിപൻ പറയുന്നു അതിനുള്ള യോഗ്യത തനിക്കില്ലെന്ന്.

ഏതളവുകോൽ കൊണ്ടാണയാൾ അയാളുടെ യോഗ്യത അളന്നെന്നറിയില്ല. ക്രിസ്തു തന്റെ ഭവനത്തിൽ വരാമെന്നു പറഞ്ഞപ്പോൾ അരുതെന്ന് പറയുന്ന വിശ്വാസം. സന്തോഷത്തേക്കാൾ അയ്യാളിൽ അത് ഭീതിയുളവാക്കുന്നു. ഞാൻ പലപ്പോഴും പ്രാത്ഥിക്കുന്നത് "നാഥാ നീ വേഗം വരണം, എന്നിൽ എഴുന്നള്ളി വരണം, തൊട്ടു സുഖപ്പെടുത്തണ"മെന്നൊക്കെയാണ്. എന്നാൽ ശതാധിപൻ പറയുന്നു നീ എന്റെ വീട്ടിൽ വരരുതെന്ന്. അയാളെ നോക്കി ക്രിസ്തു പറഞ്ഞു: ഇതുപോലൊരു വിശ്വാസം ഇസ്രായേലിൽ കണ്ടിട്ടില്ലെന്ന്. നാഥാ നീ വരണം എന്ന പാട്ടുപാടി പ്രാർത്ഥിച്ചപ്പോഴും ഞാനോർത്തില്ല അവന്റെ വരവിനായുള്ള എന്റെ യോഗ്യതകളെക്കുറിച്ച്. ഒരുപക്ഷെ നമ്മുടെ പല പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കാതിരിക്കുവാനുള്ള കാരണം അവന്റെ മഹിമയെക്കുറിച്ചും നമ്മുടെ അയോഗ്യതയെക്കുറിച്ചുള്ള ശരിയായ അവബോധമില്ലായ്മയായിരിക്കണം.

സുവിശേഷത്തിൽ ഇങ്ങനെയുള്ള കഥാപാത്രങ്ങളെ വളരെ വിരളമായേ കാണാൻ കഴിയുന്നുള്ളൂ. അവരിൽ ഒന്ന് രക്തസ്രാവക്കാരി സ്ത്രീയാണ്. ജനക്കൂട്ടം അവനെ സ്പർശിക്കാനും കേൾക്കാനും തിങ്ങിക്കൂടിയപ്പോഴും അവൾ മാത്രം ഏറെ ഭയത്തോടെ വസ്ത്രവിളുമ്പിൽ സ്പർശിച്ചു. അവനെ തൊട്ടവർക്കാർക്കുമില്ലാത്ത സൗഖ്യം അവൾ സ്വീകരിക്കുകയും ചെയ്തു. മറ്റൊരിക്കൽ അവനോടൊപ്പം യാത്ര ചെയ്തവരെ ആരെയും ഗൗനിക്കാതെ അവൻ ഗൗനിച്ചത് മരത്തിനുമുകളിൽ ഇരുന്ന സക്കേവൂസിനെ മാത്രമായിരുന്നു. പിന്നീടൊരിക്കൽ ജനക്കൂട്ടത്തിൽ നിന്നും പലരും അലമുറയിട്ടപ്പോഴും ദാവീദുകുമാരാ എന്നിൽ കനിയണമേ എന്ന അവന്റെ യാചനമാത്രം കേൾക്കുന്ന ക്രിസ്തു. ബലിപീഠത്തിന് മുന്നിൽ കരങ്ങളുയർത്തിയ ഫരിസേയനിൽ നിന്ന് ദൂരെ മാറിനിന്ന് പ്രാർത്ഥിച്ച പാപിയുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം. എല്ലാവരും അവരുടെ സമൃദ്ധിയിൽ നിന്ന് അർപ്പിച്ചപ്പോൾ വിധവയുടെ കാണിക്കയെ മഹത്വപ്പെടുത്തിയ ക്രിസ്തു. ഇങ്ങനെയിങ്ങനെ എത്രയെത്ര ഉദാഹരണങ്ങളാണ് ക്രിസ്തു നമുക്കുമുന്നിൽ നിരത്തുന്നത്. ക്രിസ്തുവിന്റെ ഈ ചലനങ്ങൾ എന്നിൽ അതിശയവും ആകാംക്ഷയും അതിലേറെ ഭീതിയും ഉളവാക്കുന്നുണ്ട്.

ഒരു വ്യക്തി/പുരോഹിതൻ കൃപയുടെ നിറവാകണമെങ്കിൽ ആദ്യം അവൻ ആ കൃപയ്ക്ക് അയോഗ്യനാണെന്ന തിരിച്ചറിവാണ് പ്രധാനം. മറിയം ദൈവപുത്രന്റെ അമ്മയാകുന്നതിൽ ആദ്യം പ്രകടിപ്പിക്കുന്ന പുരുഷനെ അറിയുന്നില്ല എന്ന പ്രസ്താവനയൊക്കെ ഇതോടു ചേർത്തുവയ്ക്കാവുന്നതാണ്. സത്യത്തിൽ അവയെക്കുറിച്ചെല്ലാം ധ്യാനിച്ചു കഴിഞ്ഞപ്പോൾ ദൈവാലയത്തിനകത്തെത്തുമ്പോൾ ഉള്ളിൽ വല്ലാത്ത ഭീതിയുളവാക്കുന്നു. കുരിശിൽ കിടന്നുള്ള അവന്റെ നോട്ടം എന്നിൽ ചൂഴ്ന്നിറങ്ങുന്നതുപോലെ. അരികിൽ ഇരുന്ന ബൈബിൾ തുറന്നു നോക്കിയപ്പോൾ പ്രഭാഷകന്റെ പുസ്തകത്തിലെ 3-ാം അധ്യായം 18-ാം വചനം മാത്രം തെളിഞ്ഞുവന്നു. അതിങ്ങനെയായിരുന്നു: "നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാകുക. അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രനാകും." വിനീതനാകുന്നതിലൂടെയേ ആത്മാഭിഷേകം നിറയൂ എന്ന തിരിച്ചറിവ് നമ്മെ നയിക്കട്ടെ!

## 8. ചർച്ച

1) വൈദീക-ആത്മാഭിഷേകമാസമായ ഈ ദിവസങ്ങളിൽ നമ്മുടെ ഇടവക വികാരിമാരെയും ഇടവകയിൽ നിന്നുള്ള വൈദീകരെയും ആദരിക്കാൻ ഒരു പ്രത്യേക ദിനം കണ്ടെത്തുക.

2) പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ വിവിധ ഗ്രൂപ്പുകൾക്ക് രൂപം കൊടുത്ത് പഠനസെമിനാറുകൾ നടത്തുക.

3) 2017 ഒക്ടോബർ 6 മുതൽ 8 വരെ വല്ലാർപാടത്തുവച്ച് നടക്കുന്ന ബി.സി.സി കൺവെൻഷന് പങ്കെടുക്കാനുള്ളവരുടെ പട്ടിക തയ്യാറാക്കുകയും അവർക്കുവേണ്ടി ഇടവക തലത്തിൽ ഒരു നിശ്ചിത ദിവസം മധ്യസ്ഥ പ്രാർത്ഥന ക്രമീകരിക്കാനുള്ള തയ്യാറെടുപ്പുകളും ചെയ്യുക.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. ചർച്ച

## 12. വിശ്വാസികളുടെ പ്രാർത്ഥന

## 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

## 14. സമാപനഗാനം

## 15. സ്നേഹവിരുന്ന്.

## 16. നന്ദി

*തയ്യാറാക്കിയത് :*

**ഫാ. വിക്ടർ എവരിസ്റ്റസ്**

# ഇളംതൂവൽ



## നന്നായി പഠിയ്ക്കാൻ...

**കൂട്ടുകാരെ,**

പഠനം നന്നായി നടക്കണമെങ്കിൽ ആരോഗ്യമുള്ള ശരീരവും ഉന്മേഷമുള്ള മനസ്സും ഉണ്ടായിരിക്കണം. ക്ലാസിൽ ഉന്മേഷത്തോടെ ഇരുന്നാലേ പാഠഭാഗങ്ങൾ വേണ്ടപോലെ ഗ്രഹിക്കാൻ കഴിയൂ. മനസ്സിനും ശരീരത്തിനും ഉന്മേഷം ലഭിക്കണമെങ്കിൽ ശരിയായി ഉറങ്ങണം. രാത്രി വൈകിയും ടി.വി.കണ്ടുതുടങ്ങിയിട്ട് ക്ലാസ്സിലിരുന്ന് ഉറങ്ങുന്ന കുട്ടികളെ ചിലപ്പോഴൊക്കെ കാണാൻ സാധിക്കും. സുഖമായി രാത്രിയിൽ ഉറങ്ങിയാൽ മാത്രമേ രാവിലെ ഉന്മേഷത്തോടെ ഉണർന്ന് ദൈനംദിന പ്രവർത്തനങ്ങളിൽ സജീവമാകാൻ സാധിക്കൂ.

മനുഷ്യന് പ്രകൃതി നൽകിയ വരദാനമാണ് ഉറക്കം. മനുഷ്യൻ അവന്റെ ആയുസ്സിന്റെ മൂന്നിലൊന്നുഭാഗവും ഉറങ്ങിത്തീർക്കുകയാണത്രേ. ആഹാരംപോലെ തന്നെ നമുക്ക് ഉറക്കവും കൂടിയേ തീരൂ. തലച്ചോറിന് ഉണർവ്വും പാഠങ്ങൾ പഠിക്കാനും, പഠിച്ചവ ഓർക്കാനും സഹായിക്കുന്നു. തലച്ചോറിന് പൂർണ്ണ വിശ്രമം നല്കുന്ന പ്രക്രിയയാണ് സുഖനിദ്ര എന്ന് കൂട്ടുകാർക്ക് അറിയാമോ!



10 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾ 8-9 മണിക്കൂറെങ്കിലും ഉറങ്ങണം. മനസ്സിന്റെ സ്വസ്ഥതയാണ് സുഖമായ ഉറക്കത്തിന് ഏറ്റവും വേണ്ടത്. ഉറങ്ങാനും ഉണരാനും കൃത്യസമയം പാലിക്കുക. അങ്ങനെയാകുമ്പോൾ ശരീരത്തിനുള്ളിലെ ജൈവഘടികാരം ഉറക്കവും ഉണരലും ക്രമപ്പെടുത്തും. നല്ലവണ്ണം ഉറക്കം വരുമ്പോൾ മാത്രമേ ഉറങ്ങാനായി കിടക്കാവൂ. കിടക്ക ഉറങ്ങാനായി മാത്രം ഉപയോഗിക്കുക. കിടക്കയിൽ കിടന്ന് പുസ്തകം വായിക്കുക, ടി.വി.കാണുക, ആഹാരം കഴിക്കുക എന്നീ കൃത്യങ്ങൾ ഒഴിവാക്കണം. കിടക്കയിൽ കിടന്ന് പത്തുമിനിട്ട് കഴിഞ്ഞിട്ടും ഉറക്കം വന്നില്ലെങ്കിൽ അടുത്തമുറിയിൽ പോയിരുന്ന് ടി.വി.കാണുകയോ പുസ്തകം വായിക്കുകയോ ഒക്കെ ചെയ്യുക. ഉറക്കംവരുമ്പോൾ മാത്രം കിടക്കമുറിയിലേക്ക് വരുക. ഉറങ്ങാൻ കിടക്കുന്നതിന് മുമ്പ് കണക്കുചെയ്യുക, കംപ്യൂട്ടർ പ്രവർത്തിപ്പിക്കുക, വ്യായാമം ചെയ്യുക തുടങ്ങിയ ബൗദ്ധിക പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്.... ഉറങ്ങുന്നതിന് മുൻപ് തണുത്തവെള്ളത്തിൽ ദേഹം കഴുകുന്നത് നല്ലതാണ്. അതുപോലെ ചെറുചൂടുള്ള ഒരു ഗ്ലാസ്പാൽ കുടിക്കുന്നതും സുഖനിദ്രയെ സഹായിക്കും. കിടപ്പുമുറിയിൽ ശബ്ദശല്യം ഉണ്ടാവാതെ നോക്കണം. കിടക്കമുറി വൃത്തിയായി സൂക്ഷിക്കണം, പുസ്തകങ്ങളും വസ്ത്രങ്ങളും അവിടെ വാരിവലിച്ചിടരുത്. കിടക്കവിരി വൃത്തിയുള്ളതായിരിക്കണം. ഇടയ്ക്കുമാറ്റുകയും വേണം.

ഉറക്കമിളച്ചിരുന്ന് പഠിച്ചാൽ ഏകാഗ്രതയോടെ പഠിക്കാൻ കഴിയില്ല എന്നതാണ് സത്യം. പരീക്ഷാതലേന്ന് ഉറങ്ങാതിരുന്ന് പഠിക്കുന്ന കുട്ടിക്ക് പരീക്ഷയിൽ ഏകാഗ്രതയോടെയോ ഉന്മേഷത്തോടെയോ ഇരിക്കാൻ കഴിയില്ല. അതിനാൽ കൂട്ടുകാരെ വിശ്രമം ശരീരത്തിന് അത്യാവശ്യമാണെന്ന് തിരിച്ചറിയുക. രാത്രി വൈകിയും ടി.വി.കാണുക, ഗെയിം കളിക്കുക തുടങ്ങിയ ഉപേക്ഷിച്ച് ഉന്മേഷമുള്ളവരായി ക്ലാസിലിരിക്കാൻ ശ്രമിക്കുക. ആരോഗ്യമാണ് നല്ല സമ്പത്തെന്ന് തിരിച്ചറിഞ്ഞ് പ്രാർത്ഥനാപൂർവ്വം ജീവിക്കുക.

\- കൊച്ചേച്ചി

# കണ്ണാടി അച്ചൻ

അനിഷ്മ തോമസ്




"നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാകുക. അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും" (പ്രഭാ. 3: 18)



കെസിഎസ്എൽ അതിരൂപതാ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ ഡയറക്ടർ ഫാ. രാജേഷ് ബാബു, ചെയർപേഴ്സൺ രഞ്ജിനി (സെന്റ് മൈക്കിൾ എച്ച്എസ്, കഠിനംകുളം), ജനറൽ സെക്രട്ടറി ആർട്ടിൻ.എ (പള്ളിത്തുറ എച്ച്എസ്എസ്), സെക്രട്ടറി റോയി ഇഗ്നേഷ്യസ് (സെന്റ് ജോസഫ്സ് എച്ച്എസ്എസ്, തിരുവനന്തപുരം) എന്നിവരോടൊപ്പം

ജെ. സി



# പ്ലാച്ചിമട സമരവിജയം

1886 ൽ അമേരിക്കയിൽ പ്രവർത്തനം തുടങ്ങി ലോകമെങ്ങും പടർന്നുപന്തലിച്ച ശീതളപാനീയ കമ്പനിയായ കൊക്കോക്കോള അതിന്റെ തുടക്കം തൊട്ടുതന്നെ ജലചൂഷണത്തിന്റെയും ആരോഗ്യപ്രശ്നങ്ങളുടെയും പേരിൽ വിമർശിക്കപ്പെട്ടിരിക്കുന്നു. മൂന്നുലിറ്ററിലധികം വെള്ളത്തിൽ നിന്ന് ഒരു ലിറ്റർ ശീതളപാനീയം നിർമ്മിച്ച് വിറ്റ് പണം കൊയ്ത കമ്പനി, ഖരമാലിന്യങ്ങൾ നിറഞ്ഞ പാഴ്‌വെള്ളമാണ് പുറത്തേക്ക് വിട്ടുകൊണ്ടിരുന്നത്. എതിർപ്പുകളെ മുഴുവൻ പണവും സ്വാധീനതയും കൊണ്ട് തോല്പിച്ചും പരസ്യപ്രചരണ തന്ത്രങ്ങളിലൂടെ കമ്പോളത്തിൽ വിജയിച്ചും മുന്നേറിവന്ന ആഗോളവ്യാപാരശക്തിയെയാണ് പ്ലാച്ചിമടയിലെ സാധാരണക്കാരും, പ്രകൃതിവിവേകവും, ഭാവിബോധമുള്ള സന്നദ്ധ-രാഷ്ട്രീയ പ്രവർത്തകരും ചേർന്ന് പരാജയപ്പെടുത്തിയത്. കൊക്കക്കോളയ്ക്കെതിരെ ലോകത്തെവിടെയും നടന്നുകൊണ്ടിരിക്കുന്ന സമരങ്ങൾക്ക് പ്രചോദനവും മാതൃകയുമാവാൻ പ്ലാച്ചിമടയ്ക്ക് കഴിഞ്ഞു.

വെള്ളത്തിനും മണ്ണിനും ജീവജാലത്തിന്റെ അതിജീവനത്തിനുമായി നടന്ന സമരങ്ങളുടെ വിജയചരിത്രത്തിൽ പ്ലാച്ചിമട ഇന്ന് ഒരു പ്രതീകമാണ്. ആഗോളവ്യവസായ ഭീമനായ കൊക്കോക്കോള കമ്പനിയുടെ ജലചൂഷണത്തിന് പരിസ്ഥിതി മലിനീകരണത്തിനുമെതിരെ പാലക്കാട് ജില്ലയിലെ പ്ലാച്ചിമട ഗ്രാമത്തിലെ ജനങ്ങളും അവിടം ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്തും സന്നദ്ധപ്രവർത്തകരും നടത്തിയ സമരം ലോകത്തിന് മുഴുവനുമുള്ള പ്രത്യാശഭരിതമായ മാതൃകയായിമാറുന്നു. 2004 ൽ പൂട്ടിയ പ്ലാച്ചിമടയിലെ ഫാക്ടറി ഇനി തുറക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് കൊക്കോകോള കഴിഞ്ഞദിവസം സുപ്രീം കോടതിയെ അറിയിച്ചതോടെ കഴിഞ്ഞ 15 വർഷമായി തുടരുന്ന ജനകീയസമരവും കേരളത്തിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനവുമാണ് അവസാനിച്ചത്. 2002 ഏപ്രിൽ 22 ന് ആരംഭിച്ച ജനകീയ പ്രതിരോധം പൂർണമായും സഹനസമരമായിരുന്നു.

കൊക്കോകോള, ഫാന്റ, സ്പ്രൈറ്റ്, ലിംക, തംസ്അപ്പ്, മാസാ തുടങ്ങിയ ശീതളപാനീയങ്ങളുടെ 12,24,000 കുപ്പികൾ ഉൽപ്പാദിപ്പിക്കാൻ 2000 മാർച്ചിലാണ് കൊക്കോകോള പ്ലാന്റ് സ്ഥാപിക്കുന്നത്. വെള്ളമെടുക്കുന്നതിനായി ഒരു മോട്ടോർ മാത്രം സ്ഥാപിക്കാനുള്ള അനുമതിയാണ് കമ്പനിക്ക് പഞ്ചായത്ത് അധികൃതർ നൽകിയിരുന്നത്. എന്നാൽ ആറോളം കുഴൽ കിണറുകളിൽ ഇലക്ട്രോളിക് പാഡ് ഉപയോഗിച്ച് പ്രതിദിനം 15 ലക്ഷം ലിറ്റർ ഭൂഗർഭജലമാണ് പ്ലാച്ചിമടയിൽ നിന്ന് കൊക്കോകോള അനധികൃതമായി ഊറ്റിയെടുത്തിരുന്നത്. ഇതോടെ 150 അടിയിൽ ജലം കിട്ടിയിരുന്നത് 500 അടിയിലേക്ക് താണു. പ്ലാച്ചിമടയിലെ ജലക്ഷാമം ജനങ്ങളെ സമരത്തിലേക്ക് നീങ്ങാൻ നിർബന്ധിതരാക്കിയിരുന്നു.

തിരുവനന്തപുരത്ത് മേനംകുളം കിൻഫ്ര അപ്പാരൽ പാർക്കിലെ കുപ്പിവെള്ളം നിറച്ചുവിൽക്കുന്ന കമ്പനി ജലചൂഷണം നടത്തുന്നുവെന്നാരോപിച്ച് നാട്ടുകാർ നടത്തുന്ന സമരത്തെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. കുപ്പിവെള്ളം നിറയ്ക്കുന്ന കമ്പനിക്ക് വാട്ടർ അതോറിറ്റിയുടെ വെള്ളം നൽകരുതെന്ന എക്സിക്യൂട്ടീവ് എൻജിനീയറുടെ ഉത്തരവ് നിലനിൽക്കെയാണ് ഇത് തുടരുന്നത്. ജനകീയ സമരങ്ങളിലൂടെ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ മനുഷ്യാവകാശങ്ങൾ, സംരക്ഷിക്കപ്പെടുകയുള്ളൂവെന്ന് തിരിച്ചറിവാണ് പ്ലാച്ചിമട സമരം നൽകുന്ന ഉൾക്കാഴ്ച.


Jubilee Memorial Hospital
Latin Archdiocese of Trivandrum
CARDIAC CATHLAB
Little Flower College of Nursing
Admission starts...
ANGIOGRAM, ANGIOPLASTY
College Code - JBN.
JUBILEE MEMORIAL HOSPITAL
Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility
Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Total Page 44

Pub. Date : 01.08.2017

RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.